Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1956 മാർച്ച് 28—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 മീനം 15 | ലക്കം 33

## നിത്യവിധിയാളൻ റോമൻഗവർണ്ണരുടെ മുമ്പിൽ

(ഫാദർ ലാസർ ടി. ഒ. സി. ഡി.)

യഹൂദന്മാർ റോമാക്കാരേയും റോമാധികാരത്തേയും വെറുക്കുകയും വൈദേശികനുകത്തെ തട്ടിത്തകർക്കുവാൻ തക്കംനോക്കിക്കൊണ്ടിരിക്കുകയും ചെയ്തിരുന്ന കാലം. അഹങ്കാരികളും കപടഭക്തരുമായ യഹൂദന്മാരെ റോമാക്കാരും വെറുത്തുവന്നു. അവരുടെ മേല്പട്ടക്കാരോട് റോമാഗവർണ്ണരായിരുന്ന പീലാത്തോസിനു് യാതൊരു മതിപ്പും ഉണ്ടായിരുന്നില്ല. പീലാത്തോസിനെ യഹൂദപ്രമാണികൾ പുച്ഛരസത്തോടെയാണു് വീക്ഷിച്ചിരുന്നതു്. ജെറുസലംപട്ടണത്തിലെ കാലാവസ്ഥ പിടിക്കായ്കനിമിത്തം ചുരുക്കം ചില സന്ദർഭങ്ങളിൽ മാത്രമേ പീലാത്തോസ് അവിടെ പോയി താമസിച്ചിരുന്നുള്ളു. എങ്കിലും യഹൂദന്മാർ കൂട്ടമായി സമ്മേളിക്കുന്ന സന്ദർഭങ്ങളിൽ ഒരു വലിയ പട്ടാളത്തോടുകൂടെ അവിടെ പോയി താമസിക്കുവാൻ ഉപേക്ഷവരുത്താറില്ല. എപ്പോഴെങ്കിലും പൊട്ടിപ്പുറപ്പെടാവുന്ന ലഹളയെ തടയുവാനാണു് അങ്ങനെ ചെയ്തിരുന്നതു്.

ഈശോയെ പിടിച്ച് തങ്ങളുടെ സംഘത്തിൽ വിസ്തരിച്ച് വിധിപ്രസ്താവിച്ചുകഴിഞ്ഞാൽ പീലാത്തോസ് പലപ്പോഴും ചെയ്യാറുള്ളതുപോലെ തങ്ങളുടെ വിധി ശരിവച്ചുകൊള്ളും. ഇതായിരുന്നു യഹൂദപ്രമാണികളുടേയും വിശിഷ്യ മേല്പട്ടക്കാരുടേയും ചിന്ത. യാതൊരു പ്രയോജനവുമില്ലാത്ത സംഗതിയിൽ നീതിന്യായപാലനത്തിനായി പീലാത്തോസ് തലപുകയുമെന്നു് അവർക്കു ശങ്കപോലുമില്ലായിരുന്നു. ആകയാൽ ഒരാളുടെമേൽ കുറ്റംചുമത്തി ഒരധികാരിയുടെ മുമ്പിൽ ഹാജരാക്കുമ്പോൾ കുറ്റം സ്ഥാപിക്കത്തക്ക തെളിവുകൾ, അവയെ പിന്താങ്ങുവാനുള്ള സാക്ഷികൾ മുതലായവ ഉണ്ടായിരിക്കണമെന്നോ, ഉണ്ടാക്കണമെന്നോ അവർ ചിന്തിച്ചില്ല.

ഈദൃശസാഹചര്യത്തിലാണു് ദുഃഖവെള്ളിയാഴ്ച കാലത്തു യഹൂദപ്രമാണികളും മേല്പട്ടക്കാരും ജനങ്ങളും ഒന്നിച്ചുചെന്നു് ഈശോയെ പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിയതു്. ആകയാൽ "ഈ മനുഷ്യനു വിരോധമായി എന്തു കുറ്റാരോപണമാണുള്ളതു്?" എന്നുള്ള പീലാത്തോസിന്റെ ചോദ്യം അവരെ തെല്ലല്ല അമ്പരപ്പിച്ചതു്. എന്തുത്തരമാണു് നൽകേണ്ടതെന്നു അവർക്കു യാതൊരു പിടിയുമുണ്ടായിരുന്നില്ല. അതിനാലാണു് "കുറ്റക്കാരനല്ലെങ്കിൽ ഏല്പിക്കുമോ?" എന്നുള്ള മുട്ടത്തരം കൊണ്ടുചെന്നതു്.

എന്നാൽ ഗവർണ്ണരായ തന്നോടു് ഇത്ര അലക്ഷ്യമായും ധിക്കാരപൂർവ്വവും സംസാരിച്ചതു കേട്ടപ്പോൾ പീലാത്തോസിൽ നീരസം, അല്ല കോപം ഉജ്ജ്വലിച്ചു. കൂടാതെയും ഈശോയുടെനേരെയുള്ള യഹൂദന്മാരുടെ പകയും, അതിനുള്ള കാരണവും, കുരിശിൽത്തൂക്കി പകവീട്ടുവാനുള്ള അവരുടെ ഉദ്ദേശവും പീലാത്തോസിന്നറിയാമായിരുന്നു. ഈശോയോടു ചെയ്യുന്ന കൈയേറ്റത്തിന്റെ ഫലമായി ഒരുപക്ഷെ ജനതയിൽ ഉണ്ടാകാവുന്ന അസ്വാസ്ഥ്യതയെ തടയുവാൻ, തന്നെ ഒരു കരുവാക്കണമെന്നു് അവർക്കു ഉദ്ദേശമുണ്ടായിരിക്കാമെന്നും പീലാത്തോസ് ന്യായമായി ഊഹിച്ചു. അവരുടെ ആകാംക്ഷകളെ തകർക്കുവാൻ തനിക്കു സാധിക്കുമെന്നു് അവരെ ഗ്രഹിപ്പിക്കണമെന്നും പീലാത്തോസ് തീർച്ചയാക്കി. ഈ ഉദ്ദേശത്തോടുകൂടെയാണു് "കൊള്ളാം, നിങ്ങൾ വിസ്തരിച്ചു വിധിച്ചിരിക്കയാണെങ്കിൽ വിരോധമില്ല. നിങ്ങളുടെ നിയമപ്രകാരം വിധിച്ചുകൊൾവിൻ" എന്നു് അദ്ദേഹം ഒഴിഞ്ഞുപറഞ്ഞതു്. വിസ്താരവും വിധിയും നടന്നിരിക്കുന്ന സ്ഥിതിക്കു് വിധിനടത്തലും അവർക്കുതന്നെയാകാമല്ലോ എന്നു സാരം. പീലാത്തോസിന്റെ ഉദ്ദേശം യഹൂദപ്രമാണികൾ ശരിക്കു മനസ്സിലാക്കി. തങ്ങളുടെ ഉദ്ദേശ്യസിദ്ധിക്കു് പീലാത്തോസിൽനിന്നുള്ള വിധി സമ്പാദിക്കേണ്ടതു് അത്യാവശ്യമാണെന്നും അതിനുള്ള തെളിവുകളും സാക്ഷികളും കൂടിയേ കഴിയൂ എന്നും അവർ മുറ്റും ഗ്രഹിച്ചു. സാക്ഷികളെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ കുറേനേരം വേണ്ടിവരും. അതുവരെ കടിച്ചുവലിക്കാൻ കൈയിൽകിട്ടിയ ന്യായങ്ങൾ വന്നപടി അവർ തട്ടിമൂളിച്ചു.

1. ജനങ്ങളെ വഴിതെറ്റിച്ചു.
2. കേസറിനു കരം കൊടുക്കേണ്ടെന്നു പറഞ്ഞു.
3, മിശിഹാ രാജാവാണെന്നു സ്വയം പ്രഖ്യാപിച്ചു.

ഇതിൽ ഏതായിരിക്കും പീലാത്തോസിനു യുക്തിയുള്ളതായി തോന്നുകയെന്നു് അവർക്കു യാതൊരു പിടിയുമുണ്ടായിരുന്നില്ല. പീലാത്തോസിന്റെ ഉത്തരത്തിൽ നിന്നു അതു മനസ്സിലാക്കി അവസരോചിതം പ്രവൃത്തിക്കാം എന്നു മാത്രമേ അവർ കരുതിയുള്ളു. പീലാത്തോസിനു ഈ ന്യായങ്ങളിൽ ഒന്നിലും കഴമ്പുള്ളതായി തോന്നിയില്ല. അയാൾ ചിന്തിച്ചു. ജനങ്ങളെ വഴിതെറ്റിച്ചെങ്കിൽ തനിക്കെന്തു്? കേസറിനു കരം കൊടുക്കേണ്ടെന്നു പറഞ്ഞുവെന്നു്. കേസറിനു കരം കൊടുക്കരുതെന്നുള്ള മനസ്ഥിതിക്കാരായ യഹൂദന്മാർ ആ കുറ്റം ഈശോയുടെമേൽ ചുമത്തിയതു് വളരെ വിചിത്രമായിരിക്കുന്നു. മാത്രമല്ല, ഇതൊന്നും മനസ്സിലാക്കിയിട്ടില്ലാത്ത ഒരു പടുവിഡ്ഢിയായി അവർ തന്നെ കരുതിയിരിക്കുകയാണു് എന്നുള്ളതും പീലാത്തോസിനു പുതുമയായി തോന്നി. എങ്കിലും രാജാവായി സ്വയം പ്രഖ്യാപിച്ചുവെന്നുള്ളതു് പീലാത്തോസിന്റെ ജിജ്ഞാസയെ തട്ടിയുണർത്തി. അതു വാസ്തവമാണോ? ആണെങ്കിൽ അദ്ദേഹത്തിന്റെ രാജ്യം എങ്ങനെയുള്ളതു്? ഈശോ അത്ഭുതപ്രവർത്തകനാണു്; പ്രസിദ്ധ വാഗ്മിയാണു്; എങ്കിലും ഒരു പടയാളിപോലുമില്ലാത്തവൻ! ഇയാൾ ഏതുതരത്തിലുള്ള രാജാവായിരിക്കും? ഒന്നു ചോദിക്കാം: "നീ യൂദന്മാരുടെ രാജാവാകുന്നുവോ?" ഈശോയുടെ ഉത്തരം ഒരു ചോദ്യരൂപത്തിലായിരുന്നു: "ഇതു് നീ സ്വയം പറയുന്നതോ?" യഹൂദന്മാർ ഇങ്ങനെ ഒരു കുറ്റാരോപണം കൊണ്ടുവന്നതുകൊണ്ടു് ഇങ്ങനെ ഒരു ചോദ്യം ചോദിച്ചതാണോ? അല്ല, രക്ഷകനും രാജാവുമായി വരുവാനിരിക്കുന്ന മിശിഹായിൽ അയാൾക്കു വിശ്വാസമുണ്ടോ? വരുവാനിരിക്കുന്ന മിശിഹാരാജൻ താനാണെന്നു പീലാത്തോസ് വിശ്വസിച്ചിരുന്നുവോ? എന്നെല്ലാം അറിയുവാൻ ഈശോ ആശിച്ചു.

എന്നാൽ കൊല്ലിനും കൊലയ്ക്കുമുള്ള അധികാരത്തോടുകൂടിയ തന്നോടു്, ന്യായാസനത്തിലിരിക്കയിൽ, ഒരു കുറ്റപ്പുള്ളി ചോദ്യം ചോദിക്കുക! പീലാത്തോസിനു് ഒട്ടും രസിച്ചില്ല. പോരെങ്കിൽ അലക്ഷ്യമായി താൻ വലിച്ചെറിഞ്ഞ ചോദ്യം സൂക്ഷ്മതരമായ ശോധനയ്ക്കു വിധേയമാക്കിയതും അദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. ഈശോയുടെ ചോദ്യത്തെക്കുറിച്ചാലോചിക്കാൻ, അതിൽ വല്ല കഴമ്പുമുണ്ടോ എന്നു പരിശോധി



''ഈ നിർദ്ദോഷിയുടെ മരണത്തിൽ എനിക്കു യാതൊരു പങ്കുമില്ല''
(വി. മത്തായി XXVI: 24)

ക്കുവാൻ, ക്ഷമയില്ലാതെ പോയതും അയാളുടെ രസക്ഷയത്തിനു കാരണമായി. ആകയാൽ പീലാത്തോസ് അല്പനിരസഭാവത്തിൽ "ഞാൻ ഒരു യൂദനാകുന്നുവോ? നിൻ്റെ ജനങ്ങളും പ്രധാനാചാര്യന്മാരുമാണ് നിന്നെ എനിക്കു് ഏല്പിച്ചതു്. നീ എന്തുചെയ്തു?" എന്നു ചോദിച്ചു. അധികാരഭ്രമം ബാധിച്ച് കാരണംകൂടാതെ കുപിതനാകുകയാണല്ലോ അദ്ദേഹം ചെയ്തതു്. അഹന്തയുള്ളവർ സച്ചിന്തകൾ സ്വീകരിക്കുവാൻ പ്രാപ്തരാകയില്ല. ഇതു് ഈശോയ്ക്കു അറിയാമായിരുന്നു. ആകയാൽ അയാളോടു് സദുപദേശത്തിനു തുനിയാതെ റോമൻഗവർണ്ണർ എന്ന നിലയിൽ അയാൾ അറിയേണ്ടതു് അറിയിക്കുവാൻമാത്രം ഉദ്ദേശിച്ചുകൊണ്ടു് ഈശോ പറഞ്ഞു: "എൻ്റെ രാജ്യം ഇഹലോകത്തിനടുത്തതല്ല." തൻ്റെ രാജ്യവും റോമൻ സാമ്രാജ്യവും തമ്മിൽ—തൻ്റെയും റോമിൻ്റെയും അധികാരങ്ങൾ തമ്മിൽ—കൂട്ടിയടിക്കയില്ല. കേസറിൻ്റേതു് കേസറിനും ദൈവത്തിൻ്റേതു് ദൈവത്തിനും എന്നാണു് തൻ്റെ മതം, എന്നു് അയാളെ ഗ്രഹിപ്പിക്കുന്നതിനാണു് അത്രയും പറഞ്ഞതു്. അയാൾക്കു അതു മനസ്സിലായി. മാത്രമല്ല തനിക്കു പേടിക്കേണ്ടതായി ഒന്നുമില്ലെന്നും പീലാത്തോസ് ഗ്രഹിച്ചു ലൗകികമല്ലാത്ത ഒരു അധികാരവും രാജ്യാധികാരവും എങ്ങിനെയാണു് ഒന്നിച്ചു പൊരുത്തപ്പെട്ടിരിക്കുക എന്നു പീലാത്തോസിനറിഞ്ഞുകൂടായിരുന്നു. എങ്കിലും അങ്ങിനെ ഒരു സ്ഥാനം ഉണ്ടോയെന്നു് വ്യക്തമായി ഗ്രഹിക്കുവാൻ ആശിച്ചുകൊണ്ടു് അയാൾ ചോദിച്ചു: "അപ്പോൾ, നീ രാജാവാകുന്നുവോ?" സച്ചിന്തകൾ സ്വീകരിക്കുവാൻ അവനെ സന്നദ്ധനാക്കണമെന്നു് ഉദ്ദേശിച്ചു് പ്രശാന്തനായി ഈശോ പ്രതിവചിച്ചു.

"ഞാനതു പറഞ്ഞു; ഞാനതിനാണു് ജനിച്ചതു്. സത്യത്തെപ്പററി സാക്ഷ്യപ്പെടുത്തുവാൻതന്നെ. സത്യത്തിൽനിന്നുള്ളവരെല്ലാം എൻ്റെ വചനം കേൾക്കും—" തൻ്റെ ആഗമനോദ്ദേശം സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സാമ്രാജ്യസ്ഥാപനമാണു്. എന്നാൽ തൻ്റെ അദ്ധ്യയനം സ്വീകരിക്കുന്നതിനും സാക്ഷ്യം ഗ്രഹിക്കുന്നതിനും അത്യാവശ്യമാണു് സത്യത്തോടുള്ള സ്നേഹം—അനീതിയോടുള്ള വെറുപ്പ്—എന്നെല്ലാം പീലാത്തോസിനു പ്രസ്തുത വാക്കുകളിൽനിന്നു ഗ്രഹിക്കാമായിരുന്നു. എങ്കിലും ഒരു അദ്ധ്യേതാവെന്ന നില സ്വീകരിക്കുവാൻ പീലാത്തോസ് ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് തത്വശാസ്ത്രക്കളരിയിൽ ചോദിക്കാറുള്ളതുപോലെ "സത്യം എന്താകുന്നു?" എന്നു വൃഥാ ഒരു ചോദ്യം തട്ടിമൂളിച്ചു. നിത്യസത്യവും പരമബോധജ്ഞാനവുമായ ദൈവസുതൻ്റെ ദിവ്യോക്തങ്ങൾ അല്പം ക്ഷമയോടുകൂടെ കേൾപ്പാൻ അയാൾ മനസ്സായില്ല. ആകയാൽ അയാൾ യഹൂദന്മാരുടെ നേരെ തിരിഞ്ഞു.

പ്രീശന്മാർ ഇതിനകം എന്തു ചാർജ്ജുകളാണു് കൊണ്ടുവരേണ്ടതു്, ആരെയെല്ലാമാണു് സാക്ഷികളായി ഹാജരാക്കേണ്ടതു് എന്നെല്ലാം ചട്ടംകെട്ടിയിരുന്നു. അതുകൊണ്ടു് പല തരത്തിലും അവർ ഈശോയെ കുററപ്പെടുത്തുവാൻ തുടങ്ങി. ഈശോയാകട്ടെ അതിനു് യാതൊരുത്തരവും പറയുകയുണ്ടായില്ല. ആകയാൽ പീലാത്തോസ് ഈശോയോടു ഇങ്ങനെ ചോദിച്ചു: "അവർ പലതിലും നിന്നെ കുററപ്പെടുത്തുന്നതു് നീ കേൾക്കുന്നില്ലേ?" ഈശോ അതിനും പ്രത്യുത്തരം നൽകുകയുണ്ടായില്ല. കാരണം സത്യത്തെ അയാൾ സ്നേഹിച്ചില്ല. നീതിയുടെ സിംഹാസനത്തിലിരുന്നു് അയാൾ അനീതി പുലർത്തി, ഈ വാസ്തവം അയാളെ ഗ്രഹിപ്പിക്കുവാൻ, സ്വയം ആത്മശോധന ചെയ്യുവാൻ, ഈശോ അയാൾക്കു അവസരം നൽകുകയായിരുന്നു. എന്നാൽ പീലാത്തോസ് തൻ്റെ വിസ്താരത്തിൻ്റെ ഫലം യൂദന്മാരെ അറിയിക്കുവാൻ ഇതുതന്നെ തക്കസമയം എന്നു വിചാരിച്ചു അവരോടിങ്ങനെ പറഞ്ഞു: "ഞാൻ ഈ മനുഷ്യനിൽ യാതൊരു കുററവും കാണുന്നില്ല."

# ചെറുകഥ

## "നിഴലുകൾ"

(പി. ഡി. തോമസ് വെങ്കിടങ്ങ്)

(തുടർച്ച)

കൈമുട്ടുകൾ മേശയിലൂന്നിക്കൊണ്ടു് യുവാവ് വീണ്ടും തുടർന്നു: "മി: വാനവിൽ, നിങ്ങളുടെ കവിതയാകുന്ന പുല്ലാങ്കുഴൽ നാദത്തിനു ചുററും ഞങ്ങൾ—യുവാക്കൾ—ഉത്സാഹപൂർവ്വം ഓടിക്കൂടി. "മാന്ത്രികനായ കുഴൽ വിളിക്കാര"നെപ്പോലെ മുന്നിൽനിന്നു ഞങ്ങളെ നയിച്ചുകൊണ്ടു നിങ്ങൾ മുന്നോട്ടു പോയി. എല്ലാമെല്ലാം മറന്നുകൊണ്ടു്, നിങ്ങളുടെ ഓടക്കുഴലിൽനിന്നുയരുന്ന ഗാനവീചികളെ, വിനാശഗർത്തത്തിൻ്റെ അരംവരെ ഞങ്ങളനുധാവനം ചെയ്തു. എന്നാൽ അവിടെ വച്ചു് നിങ്ങൾ ഞങ്ങളെ ആ അഗാധഗർത്തത്തിലേക്കു തള്ളിയിടുകയാണു് ചെയ്തതു്. അതെ, നിങ്ങൾ ഞങ്ങളെ നശിപ്പിച്ചു. മി. വാനവിൽ, നിങ്ങളിന്നു് അല്ലലൊന്നും കൂടാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു എന്നാൽ, ഞങ്ങൾ, നിങ്ങളുടെ സാഹിത്യസൃഷ്ടികളെ ആവേശപൂർവ്വം ആസ്വദിച്ച അനേകമനേകം യുവാക്കൾ, ഇന്നു നീറി നീറി മരിക്കുകയാണു്.

ഒരു മാന്ത്രികൻ്റെ സാമർത്ഥ്യത്തോടെയാണു് നിങ്ങൾ ഈ നാട്ടിലെ അനേകം യുവാക്കളെ ആകർഷിച്ചെടുത്തതു്. താങ്കളുടെ മാന്ത്രികവചനങ്ങളാൽ ആകർഷിക്കപ്പെട്ടുപോയ നിർഭാഗ്യവാനായ ഒരു യുവാവാണു് ഞാനും. എന്നാൽ ഇക്കഴിഞ്ഞ സായാഹ്നത്തോടുകൂടി ആ ആകർഷണമെല്ലാം പൊയ്ക്കഴിഞ്ഞിരിക്കുകയാണു്. അതിൻ്റെ സ്ഥാനത്തു് ഭയങ്കരമായ നിരാശയും, അപരാധബോധവുമാണു് എൻ്റെ ഹൃദയത്തിലിപ്പോൾ നിറഞ്ഞുനില്ക്കുന്നതു്. ഈ സായാഹ്നത്തിൽ മാത്രമാണു് എനിക്കിതുവരെ മാർഗ്ഗനിർദ്ദേശം ചെയ്തിരുന്ന താങ്കളുടെ സാഹിത്യസൃഷ്ടികളുടെ ഭീകരമായ നഗ്നരൂപം യഥാർത്ഥത്തിൽ ഞാൻ ദർശിക്കുന്നതു്."

യുവാവ് തൊണ്ട ശരിപ്പെടുത്തിക്കൊണ്ടു് തുടർന്നു: "മി. വാനവിൽ ഒരു കാലത്തു് എൻ്റെ സ്വന്തമായിരുന്ന ഒരു ബുക്ക്സ്റ്റാളിനെപ്പററി ഞാൻ പറഞ്ഞതു് നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കും. എൻ്റെ ആ കൊച്ചു ബുക്ക്സ്റ്റാളിൽ പുസ്തകങ്ങളും വിററുകൊണ്ടു സമാധാനപൂർവ്വം ഞാൻ ജീവിച്ചിരുന്ന ആ സുവർണ്ണദിനങ്ങളെപ്പററി ഓർക്കുമ്പോൾ എൻ്റെ ഹൃദയം വിങ്ങിപ്പൊട്ടുന്നതുപോലെ എനിക്കു തോന്നുന്നു. നിങ്ങളുടെ നശിച്ച ഗ്രന്ഥങ്ങളാണു് എന്നെ ആ ശാന്തസമ്പൂർണ്ണമായ അന്തരീക്ഷത്തിൽനിന്നു പിടിച്ചിറക്കി ഭയങ്കരമായ ഈ സ്ഥിതിയിൽ കൊണ്ടുവന്നെത്തിച്ചതു്. വിനാശത്തിൻ്റെ പാതയിൽക്കൂടി നിങ്ങളുടെ അവ്യക്തജടിലമായ ആശയപരമ്പരകളെ ഞാൻ അനുധാവനം ചെയ്യാൻ തുടങ്ങിയ ആ ദുർദിനത്തിൻ്റെ സ്മരണ ഇന്നും എൻ്റെ ഹൃദയത്തിൽ മായാതെ കിടക്കുന്നു. അന്നൊരു സായാഹ്നത്തിൽ പ്രശാന്തരമണീയമായ നീലാകാശത്തിൽ ഓടിയോടിക്കൂടുന്ന വെള്ളിമേഘങ്ങളെ ആഹ്ലാദപൂർവ്വം സൂക്ഷിച്ചുകൊണ്ടു് ഞാനെൻ്റെ ആ കൊച്ചു ബുക്ക്സ്റ്റാളിൽ ഇരിക്കുകയായിരുന്നു. ആ സമയത്താണു് ഞാൻ വായിച്ചിട്ടുള്ള താങ്കളുടെ അനേകമനേകം ഗ്രന്ഥങ്ങളിൽ പ്രകാശിപ്പിച്ചുകണ്ട സർവ്വസ്വാതന്ത്ര്യമായ ഒരു ജീവിതത്തെപ്പററിയുള്ള ആശയം മാന്ത്രികമായ ഒരു ഓടക്കുഴൽനാദം പോലെ എൻ്റെ ഹൃദയത്തിൽ വന്നലച്ചതു്. എല്ലാമെല്ലാം വിസ്മരിച്ചുകൊണ്ടു് ആ പഴയ ബുക്ക്സ്റ്റാൾ വിട്ടു് ഞാൻ പുറത്തിറങ്ങി. നിയമങ്ങളും നിഷ്ഠകളും വരുത്തിവെക്കാത്ത ഒരു ജീവിതത്തിനുവേണ്ടി, കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ വിശാലമായ ലോകത്തിലേക്കു് ഞാൻ കുതിച്ചുപാഞ്ഞു."

"ഇങ്ങോട്ടു നോക്കൂ മിസ്റ്റർ, നിങ്ങളുടെ ഭാഷ കവിതയായി മാറുന്നല്ലോ" സാഹിത്യകാരൻ സൗഹാർദ്ദപൂർവ്വം പറഞ്ഞു. എന്നാൽ യുവാവ് സാഹിത്യകാരൻ്റെ വാക്കുകൾ ശ്രദ്ധിക്കുകതന്നെയുണ്ടായില്ല. കസേര പിന്നിലേക്കു വലിച്ചുനീക്കി എഴുന്നേററുനിന്നുകൊണ്ടു് അയാൾ പറഞ്ഞു: "സമയം വളരെ വൈകിയിരിക്കുന്നെന്നു തോന്നുന്നു. ഇനിയും വളരെയധികം സമയം നിങ്ങളെ ശല്യപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല. മി: വാനവിൽ, താങ്കളുടെ എണ്ണമില്ലാത്ത പുസ്തകങ്ങളുടെ താളുകൾ എന്നെ അരിഞ്ഞരിഞ്ഞുകൊന്ന ഈ ദുരന്തകഥയുടെ അവസാനഭാഗങ്ങൾകൂടി പറഞ്ഞുതീർത്തശേഷം എൻ്റെ ആദ്യത്തേതും അവസാനത്തേതുമായ ഈ സന്ദർശനം ഇതാ അവസാനിപ്പിക്കുകയായി.

"എൻ്റെ ആ കൊച്ചു പുസ്തകശാല വിട്ടിറങ്ങിയതുമുതൽ എൻ്റെ ജീവിതം ഭീകരവും ഭയാനകവുമായ ഒന്നായിത്തീർന്നു. കളവും കവർച്ചയും എൻ്റെ ധനാഗമമാർഗ്ഗങ്ങളായി. മദ്യശാലകളും, നൃത്തശാലകളും എൻ്റെ വിശ്രമസങ്കേതങ്ങളായി മാറി. ഉറങ്ങാത്ത അനേകമനേകം രാത്രികളിൽ, മനുഷ്യത്വം എത്രത്തോളം അധഃപതിക്കാമോ, അത്രത്തോളവും അതിലപ്പുറവും എൻ്റെ മനുഷ്യത്വം താഴ്ന്നിറങ്ങി. മൃഗീയതയുടെ അടിത്തട്ടിലേക്കു് നിങ്ങളുടെ നശിച്ച ആശയങ്ങൾ എന്നെ വലിച്ചിഴയ്ക്കുകയായിരുന്നു. അതെ, മി: വാനവിൽ, യഥാർത്ഥത്തിൽ ഞാനൊരു മൃഗമായിത്തീർന്നു. മാനുഷികബന്ധങ്ങൾ എന്നെ സംബന്ധിച്ചിടത്തോളം യാതൊന്നുമല്ലാതായിത്തീർന്നു. സ്വാർത്ഥപൂരണത്തിനുവേണ്ടി ആരോടും എന്തു ക്രൂരപ്രവൃത്തിയും അനുഷ്ഠിക്കുവാൻ ഞാൻ സന്നദ്ധനായി. അങ്ങിനെ ഒരു ദിവസം, ഒരു കുലടസ്ത്രീയുടെ പുഞ്ചിരി വിലയ്ക്കു വാങ്ങിക്കുവാൻ വേണ്ടി, വിധവയായ എൻ്റെ അമ്മയുടെ ഏകാശ്രയമായിരുന്ന ആ ബുക്ക്സ്റ്റാളിൽ—ഒരു കാലത്തു എൻ്റെ സ്വന്തമായിരുന്ന ആ ബുക്ക്സ്റ്റാളിൽ ഞാൻ കളവു നടത്തി. എന്നാൽ, ഞാൻ "സംതൃപ്തിയോടെ കരുതിയുണ്ട നിഴൽക്കൂട്ടങ്ങളിൽ മായുന്ന"തിനുമുൻപു നിയമത്തിൻ്റെ ഹസ്തങ്ങൾ എന്നെ കൈച്ചങ്ങലയിട്ടു പൂട്ടി. താമസിയാതെ കരുതിയുണ്ട ജയിൽ ഭിത്തികൾക്കുള്ളിൽ ഞാൻ ബന്ധിതനായി. അങ്ങിനെ, നീണ്ട ഒരഞ്ചുകൊല്ലത്തെ ജയിൽവാസത്തിനുശേഷം ഇക്കഴിഞ്ഞ സായാഹ്നത്തിലാണു് ഞാൻ സ്വതന്ത്രനായതു്. ജയിൽ വിട്ടു പുറത്തിറങ്ങിയപ്പോൾ, ഈ ലോകം ശൂന്യമായ ഒരു മരുഭൂമിപോലെയാണെനിക്കനുഭവപ്പെട്ടതു്. പട്ടണത്തിലെ ജനങ്ങൾ അറപ്പോടും വെറുപ്പോടുംകൂടിയാണു എന്നെ വീക്ഷിക്കുന്നതു്. തെരുവുപിള്ളേർ, ഒരു ഭ്രാന്തൻ്റെ പുറകെയെന്നവണ്ണം എൻ്റെ പിന്നാലെ ആർത്തട്ടഹസിച്ചുകൊണ്ടു ഓടിക്കൂടുന്നു; എൻ്റെ ജുഗുപ്സാവഹമായ പൂർവ്വകാലചരിത്രങ്ങൾ വിളിച്ചുപറഞ്ഞുകൊണ്ടു് എന്നെ പരിഹസിക്കുന്നു. അതെ, മി: വാനവിൽ, ലോകം എന്നെ ഒററപ്പെടുത്തിയിരിക്കയാണു്. മനുഷ്യത്വത്തിൻ്റെ മൂടുപടമണിഞ്ഞ ഒരു മൃഗമെന്ന ലോകം പരിഹസിക്കും, ഒററപ്പെടുത്തും.

"മി. വാനവിൽ, നിങ്ങളുടെ പുസ്തകങ്ങളുടെ ദുഷ്പ്രേരണയ്ക്കു വശംവദനായി ഞാൻ ചെയ്തുകൂട്ടിയിട്ടുള്ള ക്രൂരകൃത്യങ്ങളുടെ ഭീകരസ്മരണകൾ സദാസമയവും എന്നെ വേട്ടയാടുന്നതുപോലെ എനിക്കു തോന്നുന്നു. എൻ്റെ ജീവിതം നശിച്ചുകഴിഞ്ഞു. താങ്കളുടെ ഗ്രന്ഥാവലികളുടെ മാന്ത്രികശക്തിയാൽ പ്രചോദിതനായി ഞാൻ പിൻതുടർന്ന മൃഗീയമായ ജീവിതചര്യ എന്നെ പാടെ നശിപ്പിച്ചുകഴിഞ്ഞു. മി. വാനവിൽ, അനേകനാളത്തെ കാടുകയറിയ ജീവിതംകൊണ്ടു് ഭയങ്കരമായ രോഗങ്ങൾ ബാധിച്ച എൻ്റെ ഈ ശോഷിച്ച ശരീരം നിങ്ങളൊന്നു സൂക്ഷിച്ചുനോക്കൂ......! സർവ്വരാലും വെറുക്കപ്പെട്ട ഞാനിനി എന്തിനു ജീവിക്കണം.........?" വികാരാധീനനായി സാഹിത്യകാരൻ്റെ മുഖത്തേക്കു ഉററുനോക്കിക്കൊണ്ടു് യുവാവ് സ്വല്പനേരം നിശ്ശബ്ദനായിരുന്നു. വികാരാവേശംകൊണ്ടു് അയാളുടെ കണ്ണുകൾ തിളങ്ങിയിരുന്നു. മുറിയിൽ തിങ്ങിനിന്നിരുന്ന നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ടു് അയാൾ വീണ്ടും തുടർന്നു: "നിങ്ങളുടെ നൂറുകണക്കിനുള്ള കൃതികളുടെ അനേകായിരം യുവതീയുവാക്കന്മാരുടെ സംസ്കാരികമായ പിതൃത്വമാണു് നിങ്ങൾ കൈവരിച്ചിരുന്നതു്. എന്നാൽ ഈ പിതൃത്വം ഞങ്ങളെ നശിപ്പിക്കുകയാണുണ്ടായതു്. അതെ, താങ്കളുടെ സംസ്കാരികമായ പിതൃത്വം എനിക്കും മററനേകം യുവഹൃദയങ്ങൾക്കും വിനാശത്തിൻ്റെ വിഷക്കൂട്ടായിട്ടാണു് വന്നുഭവിച്ചതു്. മി. വാനവിൽ, വിഷത്തിലാളുന്ന താങ്കളുടെ മാന്ത്രികവലയത്തിൽപ്പെട്ടു കത്തിനശിച്ച അനേകായിരം യുവാക്കളിൽ ഒരുവൻമാത്രമാണു് ഞാൻ. നിങ്ങളുടെ വിനാശകരമായ ആശയപരമ്പരകളെ കണ്ണടച്ചനുധാവനംചെയ്തമൂലം എന്നെപ്പോലെ യൗവനത്തിൽതന്നെ കൊഴിഞ്ഞുവീണ ജീവിതങ്ങൾ നിരവധിയാണു് നമ്മുടെ വിശാലമായ ഈ നാട്ടിൽ. ഹൃദയവും മനസ്സും എല്ലാമെല്ലാം നിങ്ങളിൽ സമർപ്പിച്ചുകൊണ്ടു് താങ്കളുടെ നേതൃത്വത്തെ പിൻതുടർന്ന ഞങ്ങളെ ഭയങ്കരമായ ഈ അന്ത്യത്തിലേക്കാണു് നിങ്ങൾ വലിച്ചിഴച്ചതു്. മി. വാനവിൽ, നിങ്ങൾ ഞങ്ങളെ വഞ്ചിച്ചു! ഭയങ്കരമായി വഞ്ചിച്ചു!" യുവാവ് വികാരക്ഷോഭത്തോടെ പറഞ്ഞുനിർത്തി.

ആ മുറിയിൽ ഭയജനകമായ ഒരു ശ്മശാനമൂകത കളിയാടി. പുറത്തുനിന്നു് യാതൊരു ശബ്ദവും കേൾക്കുന്നില്ല. നിശ്ചലവും നിശ്ശബ്ദവുമായ നിശയുടെ മറവിൽ പ്രപഞ്ചം മുഴുവൻ ഉറങ്ങിക്കിടക്കുകയാണു്. പാതിരായുടെ ആ അന്ത്യയാമത്തിൽ വികാരങ്ങൾ തിളച്ചുമറിയുന്ന ഹൃദയത്തോടെ രണ്ടു മനുഷ്യർ പരസ്പരം ഉററുനോക്കുകയായിരുന്നു; ഒരു കവിയും, അയാളുടെ പേനത്തുമ്പുകൊണ്ടു് കുത്തിക്കീറപ്പെട്ട നിർഭാഗ്യവാനായ ഒരു യുവാവും! ചുവന്നു തിളങ്ങുന്ന കണ്ണുകളോടെ ആ സാഹിത്യകാരനെത്തന്നെ ഭയങ്കരമായി തുറിച്ചുനോക്കിക്കൊണ്ടു് ആ യുവാവു ഒരു പ്രേതത്തെപ്പോലെ നിശ്ചലനായിനിന്നു.

ഒരു ചോദ്യചിഹ്നംപോലെ തൻ്റെ മുൻപിൽ ഉയർന്നുനില്ക്കുന്ന, മെലിഞ്ഞുവിളറിയ ആ യുവാവിൻ്റെ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു് പ്രസിദ്ധനായ ആ സാഹിത്യകാരൻ നിശ്ചലനായിരുന്നു. അയാളുടെ ഹൃദയം ഉച്ചത്തിൽ തുടിക്കുന്നുണ്ടായിരുന്നു.

പെട്ടെന്നു യുവാവിൻ്റെ മുഖഭാവം കൂടുതൽ രൂക്ഷതരമായി. കണ്ണുകളിൽനിന്നു തീപ്പൊരി പാറി; മുഖം രക്തവർണ്ണം പൂണ്ടു. സാഹിത്യകാരൻ്റെ അരികിലേക്കു് സ്വല്പംകൂടി അടുത്തുനിന്നുകൊണ്ടു് അയാൾ വികാരാവേശത്തോടെ പറഞ്ഞു: "വാനവിൽ, ഇന്നു വിധവയായ എൻ്റെ അമ്മ നിരാലംബയാണു്, ഏകാകിയാണു്".

(ശേഷം 11-ാംപേജിൽ)

### കൃതജ്ഞത

വി. യൗസേപ്പിതാവിൻ്റെയും വി. റീത്താ പുണ്യവതിയുടെയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

സി. എം. പി.


# മലയാററൂർ

## പുതുഞായറാഴ്ചതിരുനാൾ

ഈ ഏപ്രിൽ 5-ാംനു വ്യാഴാഴ്ച ആരംഭിച്ചു 8-ാംതിയതി ഞായറാഴ്ച അവസാനിക്കുന്നതും, എട്ടാമിടത്തിരുനാൾ ഏപ്രിൽ 15-ാംതിയതി ആഘോഷിക്കുന്നതുമാണു്. തീർത്ഥകർക്കു് ഇക്കൊല്ലം കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്.

എന്നു്, വികാരി

# പാറയുടെ കണ്ണുനീർ

(ജോസഫ് മറാം ബി: എ.)

ആനന്ദമയമായ ആകാശനീലിമയിലേക്ക് നോക്കി പത്രോസു നിന്നു. പ്രപഞ്ചമാകെ മരവിച്ചതായി അയാൾക്കു തോന്നി. മരച്ചില്ലകളിൽനിന്നും കല്ലുമഴ പെയ്യുന്നതുപോലെ മഞ്ഞുതുള്ളികൾ പൊഴിയുന്നു. പുറംകുപ്പായത്തിന്റെ ഇഴകളിലൂടെ തണുപ്പിന്റെ കൂർത്തകരങ്ങൾ രോമകൂപങ്ങളിലെല്ലാം ഉളച്ചുകയറുന്നു.

പ്രശാന്തമായിരുന്ന അന്തരീക്ഷമാകെ മാറിയല്ലോ. ലോകമാകെ നിന്നു വിറയ്ക്കുന്നു. എങ്കിലും പത്രോസിന്റെ ഉള്ളിലൊരഗ്നികുണ്ഡമെരിയുന്നുണ്ട്. ഹൃദയമാകെ പൊള്ളുന്നു. ആത്മാവു കിടന്നുപിടയുന്നു. വേദനയുടെ ഒരു സമുദ്രം അലതല്ലുകയാണ്.

നീലാകാശത്തിൽ ഒരു വാടിയ പൂമൊട്ടുപോലെ അമ്പിളിക്കല നില്ക്കുന്നു. ഗുരുവിന്റെ കരുണാദ്യോതകമായ മുഖംപോലെ. ചുരുക്കം ചില നക്ഷത്രങ്ങളേ ആകാശത്തട്ടിലാഗതരായിട്ടുള്ളു, ഒരു പിടി വെള്ളിനാണയങ്ങൾപോലെ. അവ കണ്ണുകൾ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നു.

ദൈവമേ! നക്ഷത്രങ്ങൾപോലും കരയുകയാണല്ലോ. പത്രോസിന്റെ കണ്ണുകളിലിരുട്ടുകയറി. അയാളുടെ കൺപോളകൾ തെരുതെരെ കൂട്ടിമുട്ടി; കണ്ണുനീർച്ചാലുകൾ ഒഴുകി. തണുത്തു വിറയ്ക്കുന്ന കവിളിൽക്കൂടി ചൂടുള്ള കണ്ണുനീർച്ചാലുകൾ!

പത്രോസു് ചെവിയോർത്തു.

ചാട്ടയടിയുടെ ശബ്ദമല്ലേ ആ കേൾക്കുന്നതു്? ചമ്മട്ടിയടികളുടെ ശബ്ദം. പത്രോസു നിന്നു പുളഞ്ഞു ആ അടി മുഴുവൻ ഏല്ക്കുന്നതുപോലെ.

വേദനയുടെ ശബ്ദം—അസഹ്യതയുടെ സ്വരം—നീറിപ്പിടയുന്ന ഒരു മനുഷ്യാത്മാവിന്റെ രോദനമല്ലേ ആ കേൾക്കുന്നതു്...?

പത്രോസ് നെഞ്ചത്തടിച്ചു. ആ ചമ്മട്ടിയടികളുടെ സ്വരം ചക്രവാളവരമ്പിൽനിന്നും പുറപ്പെടുന്നുവെന്നു അയാൾക്കു തോന്നി. യുഗങ്ങളായ യുഗങ്ങളെല്ലാം സ്തംഭിച്ചുനില്ക്കുന്നു. ആദാമിലാരംഭിച്ചു നിരവധി തലമുറകൾ ചെയ്തുപോയ മഹാപാപഭാരംകൊണ്ട് നിർമ്മിച്ചെടുത്ത ചമ്മട്ടി!

അയ്യോ! അവർ അദ്ദേഹത്തെ കൊന്നുകാണും. അടിച്ചു വശംകെടുത്തിക്കാണും.

നിമിഷങ്ങളും മണിക്കൂറുകളും ലോകം മുഴുവനും അങ്ങനെ സ്തംഭിച്ചുനിൽക്കുകയാണ്. ഒരു കുഞ്ഞിക്കാറ്റുപോലുമടിക്കുന്നില്ല.

ഗത്സേമൻ തോട്ടത്തിലെ ഉയർന്നുനില്ക്കുന്ന ഒലിവുമരക്കൊമ്പുകൾ കൂപ്പപ്പെട്ട കരങ്ങളുമുയർത്തി സ്വർഗ്ഗത്തിലേക്കു നോക്കി പ്രാർത്ഥിക്കുകയാണെന്നു പത്രോസിനു തോന്നി.

[illegible] കണ്ണടയ്ക്കാനായില്ല. അത്തിമരത്തിന്റെ കൊമ്പിലിരുന്നു ഒരുപക്ഷി സ്വരമുണ്ടാക്കുന്നതൊഴിച്ചാൽ രംഗം പരമനിശ്ശബ്ദമാണ്.

തോട്ടത്തിൽവച്ചുണ്ടായ സംഭവം പത്രോസിന്റെ മനസ്സിൽ തികട്ടിത്തികട്ടിവരുന്നു.

വേട്ടപ്പട്ടികൾ ഗുരുവിനെ കയറി ആക്രമിച്ചു. അവരദ്ദേഹത്തിന്റെമേൽ ചാടിവീണ സന്ദർഭം. പത്രോസിന്റെ കൈ രണ്ടും തരിച്ചതാണ്. ഒറ്റയടിക്കു അവരെ ശരിയാക്കാൻ. തന്റെ വാളിനിരയായല്ലോ മൽക്കൂസിന്റെ വലതുചെവി! ഗുരുവന്നു തടസ്സപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ!

"വാളെടുക്കുന്നവൻ വാളാലെ."

പത്രോസ് ഞെട്ടിപ്പോയി അതു കേട്ടപ്പോൾ. പത്രോസിന്റെ സന്ധിബന്ധങ്ങളിലൂടെയും ഭയത്തിന്റെ നൂലുകൾ കടന്നുചെന്നു.

ഹൊ! അടിയുടെ ശബ്ദമാണല്ലോ പിന്നെയും കേൾക്കുന്നതു്.

ആ മുഖമിപ്പോൾ തകർന്നുകാണും. പൊന്നുപോലിരുന്ന ആ തിരുമേനിയെല്ലാം ഇപ്പോൾ ചതഞ്ഞു തകർന്നു നാനാവിധപ്പെട്ടുകാണുമല്ലോ. ആ തങ്കപ്പെട്ട പൂമേനിയിൽനിന്നു് രക്തം വാർന്നൊലിക്കുന്നുണ്ടായിരിക്കുമോ?

ദൈവമേ! പത്രോസ് ഒരു ഭ്രാന്തനെപ്പോലെ ഓടി കയ്യാഫാസിന്റെ അരമനപ്പടിക്കലേക്ക്. ഹൊ! ആ കരിങ്കൽഭിത്തികൾ കൊട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. ഇരുമ്പുവീണ തുടങ്ങിയ ആ ഇരുമ്പുവാതിലിനു സമീപം ഉയർത്തിയ വാളുകളുമായി രണ്ടു പട്ടാളക്കാർ കാവൽനിൽക്കുന്നു.

പത്രോസ് കിടുകിടം വിറയ്ക്കുകയാണ്. ശരീരമാകെ എരിഞ്ഞു കടയുന്നു. തണുപ്പാണ്. ലോകം മുഴുവൻ മരവിപ്പിക്കുന്ന തണുപ്പ് കൈപ്പത്തിയിലെ രോമപാളികൾ എഴുന്നേറ്റുനിൽക്കുന്നു.

അദ്ദേഹം രക്ഷപെട്ടു കാണുമോ? തീർച്ചയായും ഗുരു രക്ഷപെട്ടിട്ടുണ്ട്. അത്ഭുതപ്രവർത്തകനാണ്. അദ്ദേഹത്തിന്റെ സർവ്വ കൃത്യങ്ങൾക്കും താനല്ലേ സാക്ഷി. കല്ലെറിയാൻ വന്നവരുടെയിടയിൽ നിന്നദ്ദേഹം ഒരു ഞൊടിയിടകൊണ്ടു അപ്രത്യക്ഷനായതല്ലേ? കൊടുങ്കാറ്റിനെ ശാന്തമാക്കുകയും വെള്ളത്തിന്റെ മീതെ നടക്കുകയും ചെയ്തതല്ലേ.

നേരം വളരെയായി. നിലാവു താണു താണു പോകുന്നു. താബോർമലയുടെ ഉച്ചിയിൽ അതു തങ്ങിനില്ക്കുന്നുവെന്നു തോന്നി. പണ്ടത്തെ ചിത്രം അയാളോർത്തുപോയി, മലമുകളിൽ സൂര്യൻ ചന്ദ്രനായ കഥ!

കൊട്ടാരമുറ്റത്ത് തീ കൂട്ടിയിട്ടുണ്ടല്ലോ. ആരൊക്കെയോ അവിടെ വട്ടംകൂടിയിരുന്നു തീ കായുന്നുണ്ട്.

പത്രോസ് വേച്ചു വേച്ചു നടന്നു. കൊട്ടാരത്തിന്റെ വരാന്തവഴി മേല്പട്ടക്കാർ നടക്കുന്നു. സെൻഹെദ്രിൻ സംഘത്തിലെ അംഗങ്ങളുമുണ്ട്... കൊലയാളികളെപ്പോലെ!

തീകായുന്നവരാരേയും തനിക്കു നേരിട്ടു പരിചയമില്ല. കണ്ടിട്ടുണ്ട്. കൈപ്പത്തികൾ തീക്കുനയുടെ മുകളിലേക്കുയർത്തിപ്പിടിച്ചു അവർ തീകായുന്നു.

പത്രോസും അവരുടെ കൂടെപ്പോയിരുന്നു.

അവിടന്നുമിവിടന്നുമെല്ലാം കൊറെ കരിയിലകൾ പെറുക്കിക്കൊണ്ടുവന്നു ഒരു പെണ്ണു തീയിലേക്കിട്ടു. മഞ്ഞുവെള്ളം വീണ കരിയിലകൾ! തീ മങ്ങി; പുക പൊങ്ങി.

"ശ്ശോ! കണ്ണിൽ പൊക കേറി!"

ആ പെണ്ണെഴുന്നേറ്റു മാറിനിന്നു. അപ്പോഴാണവൾ പത്രോസിനെ കാണുന്നതു്. അവൾ അയാളെ സൂക്ഷിച്ചുനോക്കി വീണ്ടും.... വീണ്ടും... ഇയാളെ നസ്രായക്കാരന്റെകൂടെ കണ്ടല്ലോ...

"എടോ താനാ നസ്രായക്കാരന്റെ കൂട്ടുകാരനല്ലേ? തന്നെ ഇച്ചിരിമുമ്പേ അവന്റെകൂടെ കണ്ടല്ലോ."

പത്രോസ് ഞെട്ടി. തന്നെ മനസ്സിലാക്കിയിരിക്കുന്നു അവർ തന്നെയും പിടിക്കുമോ....?

"ഹെയ്– എന്നെയെങ്ങും കണ്ടില്ല!"

"തന്നെ കണ്ടല്ലോ!"

"ഞാനയാളെ അറികപോലുമില്ല!" അതു പറഞ്ഞു കഴിഞ്ഞില്ല, അതിനുമുൻപേ കോഴി കൂവി.

എന്തായാലും ആ പെണ്ണ് അതേപ്പറ്റി പിന്നെയൊന്നും മിണ്ടിയില്ല. പത്രോസിനു ആശ്വാസമായി. അയാൾ തീയ്ക്കൽ തന്നെയിരുന്നു.

അധികം താമസിച്ചില്ല. മറ്റൊരുത്തൻ ചോദിച്ചു: "താനാ നസ്രായക്കാരന്റെ സിൽബന്ധിയല്ലെടോ?"

മൽക്കൂസിന്റെ കൂട്ടുകാരനാണ് ആ ചോദിച്ചതു്... പത്രോസ് വിക്കിക്കൊണ്ടു പറഞ്ഞു: "അ...ല്ലാ; ഞാനയാളെ... അറികേലാ...."

പത്രോസിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു അയാൾ മറ്റുള്ളവരുടെ നേരെ നോക്കിപ്പറഞ്ഞു:

"ഇയാളാ ആശാരിടെ കൂട്ടുകാരനാ...ഇയാളുടെ വർത്തമാനംതന്നെ കള്ളം തെളിയിക്കുന്നുണ്ട്."

"ഛെ! ഞാനാമനുഷ്യനെ അറിയേലെന്നു പറഞ്ഞില്ലേ?"

കോഴി വീണ്ടും കൂവി. രണ്ടാം പ്രാവശ്യം. വിശ്വാസവഞ്ചനയുടെ ഒരു സൈറൺ പോലെ.

ചതിച്ചല്ലോ!

"ഇന്നു രണ്ടു പ്രാവശ്യം കോഴി കൂവുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ ഉപേക്ഷിച്ചു പറയും."

ഗുരുവിന്റെ ആ മൊഴികൾ പത്രോസിന്റെ ഹൃദയത്തിൽ പ്രതിധ്വനിച്ചു.

അയ്യോ! താനദ്ദേഹത്തെ നിഷേധിച്ചു പറഞ്ഞു! അറിയുകയില്ലെന്നല്ലേ പറഞ്ഞതു്? ഒരു പൊട്ടപ്പെണ്ണിന്റെ വാക്കിനുമുമ്പിൽ താൻ ഭീരുവായിപ്പോയല്ലോ... ദൈവമേ!

പത്രോസ് വേദനിക്കുന്ന മുഖത്തോടെ കൊട്ടാരത്തിനുള്ളിലേക്കു നോക്കി... അതാ ഗുരു...ഗുരു തന്നെ നോക്കുന്നു! രക്തമൊലിക്കുന്ന മുഖം. തുപ്പലും ചെളിയും കൊണ്ടു വികൃതമായ വദനം... ആ കരയിക്കുന്ന നോട്ടം പത്രോസിന്റെ ഹൃദയത്തിലേക്കു് ചുഴിഞ്ഞിറങ്ങി.

പത്രോസ് മുഖം തിരിച്ചുകളഞ്ഞു. ഭയം കൊണ്ടല്ലാ...ലജ്ജകൊണ്ട്...സങ്കടംകൊണ്ട്...വേദനകൊണ്ട്....

അയാൾ കരഞ്ഞുപോയി. ഹൃദയം തകർന്നു പൊട്ടിപ്പൊട്ടിക്കരഞ്ഞു പത്രോസ്....

കണ്ണുനീരിന്റെ സർവ്വ ഉറവുകളും വറ്റിപ്പോകത്തക്കവിധത്തിൽ. പാറപോലും അലിയത്തക്കവിധത്തിൽ പത്രോസ് കരഞ്ഞു.

നിലാവസ്തമിച്ചു.

ഈശോയുടെ മുഖം അപ്രത്യക്ഷമായി.

ഇരുട്ടിന്റെ കനം വർദ്ധിച്ചു.

പത്രോസ് എഴുന്നേറ്റു് ഒന്നുരണ്ടടി നടന്നു് പിന്തിരിഞ്ഞോടി. ഒരു ഭീരുവിനെപ്പോലെയല്ലാ, ഒരു ധീരനെപ്പോലെ.

ഗത്സേമനിലെ മുൾച്ചെടിത്തലപ്പുകളിൽ അയാൾ തടഞ്ഞുവീണു, ഗുരുനിന്നു പ്രാർത്ഥിച്ച സ്ഥലത്തു്. അദ്ദേഹത്തിന്റെ ശരീരം വിയർത്തുവീണ രക്തത്തുള്ളികൾ ഇലത്തലപ്പുകളിൽനിന്നു മാഞ്ഞിട്ടില്ല. ആ രക്തം പുരണ്ട മണ്ണിൽ മുഖമർപ്പിച്ചു് പത്രോസ് കരഞ്ഞു.

"റബ്ബീ...എന്റെ പൊന്നുറബ്ബീ...ഞാനങ്ങയെ മറുത്തു പറഞ്ഞല്ലോ. എന്നോടു ക്ഷമിക്കുകയില്ലേ..."

പത്രോസാകുന്ന പാറയുടെ കണ്ണുകളിൽനിന്നും പശ്ചാത്താപത്തിന്റെ നീർത്തുള്ളികളൊഴുകി, കവിളത്തുണ്ടായ ചാലുകൾ വഴി.

അതുവരെ നിശ്ചലമായിക്കിടന്ന ചാവുകടലിൽ ഒരു നേരിയ ചലനമുണ്ടായി...

അങ്ങനെ എത്ര നേരം കിടന്നുവെന്നു പത്രോസിനറിഞ്ഞുകൂടാ. ബോധം വീണപ്പോൾ കിഴക്കു വെള്ളക്കാൽ വീഴുന്നുണ്ടു്. താൻ ബോധംകെട്ടു വീണ മണ്ണാകെ നനഞ്ഞു കുതിർന്നിരിക്കുന്നു.

അയാൾ ചെവിയോർത്തു. ഒരു ശബ്ദം കേൾക്കാം. പീലാത്തോസിന്റെ അരമനവളപ്പിലെ കൽത്തൂണിൽ കെട്ടപ്പെട്ട ഒരു മനുഷ്യസ്നേഹിയുടെ ദേഹത്തു പതിയുന്ന പാപത്തിന്റെ ചാട്ടവാറടി ഒരു പടഹധ്വനിപോലെ കേൾക്കുന്നു. പത്രോസ് കൈകൾകൊണ്ടു് ചെവി പൊത്തി...

അതു നിലച്ചിട്ടില്ല... ശതാബ്ദങ്ങളിലൂടെ ശബ്ദം ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നു...

—൦—



"പിതാവേ, അങ്ങേക്കിഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നകറ്റേണമേ. എന്നാൽ എന്റെ ഇഷ്ടംപോലെയല്ല, അങ്ങേ ഇഷ്ടംപോലെ ആകട്ടെ. തത്സമയം അവിടുത്തെ ധൈര്യപ്പെടുത്തുന്നതിനു ഒരു മാലാഖ സ്വർഗ്ഗത്തിൽനിന്നു പ്രത്യക്ഷനായി.... അവിടുത്തെ വിയർപ്പു കൊഴുത്ത രക്തകണങ്ങളായി നിലത്തുവീണു."

(വിശുദ്ധ ലൂക്കാ XX:42, 43, 44)

സൗജന്യവിതരണഫണ്ട്

ഓർശ്ലേം പള്ളി വികാരി

(ത്യാഗപ്പെട്ടി) Rs. 25—0—0

പ്യാരി (REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S

ആത്മകഥാകഥനം

# ഷൈലാക്കെ സ്മിത്ത്

[ഒരു നല്ല നോവലെഴുത്തുകാരിയാണ് ഷൈലാകെക്കസ്മിത്ത്. അനുഗൃഹീതമായ അവരുടെ തൂലികയിൽനിന്നു ഉദയംചെയ്തിട്ടുള്ള ദി ട്രാമ്പിംഗ് മെത്തോഡിസ്റ്റ് (The Tramping Methodist) സ്റ്റാർബ്രസ് (Starbrace), സ്പെൽലാൻഡ് (Spell-land), ജോർജ്ജ് ആൻഡ് ക്രൗൺ മുതലായ നോവലുകൾ സുപ്രസിദ്ധങ്ങളാണ്. ഷൈലാകെക്കസ്മിത്ത് 1887ൽ ഹേസ്റ്റിംഗ്സിൽ ജനിച്ചു. പിതാവ് ഒരു സർജ്ജനും, മാതാവ് ഒരു ഫ്റഞ്ചുവനിതയുമായിരുന്നു. ബാല്യംമുതലേ ഷൈലാ മതകാര്യങ്ങളിൽ അതീവ തല്പരയായിരുന്നു. 1924-ൽ ഈ മഹതി ഒരു ആംഗ്ലിക്കൻവൈദികനായ റവ. ടി. പെൻറോസ് ഫ്റൈയെ വിവാഹംചെയ്തു. സമാധാനത്തിന്റെയും ശാന്തിയുടേയും നികേതനമായ കത്തോലിക്കാസഭ ഷൈലായുടേയും ഭർത്താവിന്റെയും ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരുന്നു. 1928-ൽ അവർ ഇററലിയിലേക്ക് ഒരു പര്യടനം നടത്തി. ഏതാനും മാസങ്ങൾക്കുശേഷം ഇററലിയിൽനിന്ന് ഇംഗ്ലണ്ടിൽ തിരിച്ചെത്തി, ഫാദർ സി. മാർട്ടിൻഡേൽ എസ്. ടി. യിൽനിന്നും മതബോധനം സ്വീകരിച്ചു. 1929-ൽ സത്യസഭയെ ആശ്ലേഷിച്ചു.

—ജോസഫ് പി. വി.]

എന്റെ മാനസാന്തരത്തിനു കാരണക്കാരി ഞാൻതന്നെയാണെന്നായിരുന്നു ദീർഘകാലത്തെ എന്റെ വിചാരം. അതിനാൽ എന്റെ ആത്മകഥാകഥനത്തിൽ ആ അബദ്ധം കടന്നുകൂടാതിരിക്കുവാൻ ഞാൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു ഞാൻ കത്തോലിക്കാവിശ്വാസം സ്വീകരിച്ചതിനു പല കാരണങ്ങളുണ്ട്. അവ എന്നിൽ ഉഗ്രമായിരുന്നെങ്കിലും എന്റെ മതപരിവർത്തനത്തിൽ വലിയ പ്രേരണാശക്തിയൊന്നും ചെലുത്തിയില്ല. രണ്ടു സംസ്കാരങ്ങൾ എനിക്കു ദൃശ്യമായി. ആദ്ധ്യാത്മികതത്വങ്ങളിൽ അടിയുറച്ച ക്രിസ്ത്യൻസംസ്കാരവും ഭൗതികവാദത്തിൽ അടിയുറച്ച ലോകസംസ്കാരവും. അവയിൽ ഒന്നു ഞാൻ സ്വീകരിച്ചേതീരൂ. മി. ആൽഡസ് ഹക്സലെയുടെ "Brave New World" എന്ന ഗ്രന്ഥം പാരായണം ചെയ്തപ്പോഴാണ് ഈ വസ്തുത ഞാൻ കൂടുതൽ മനസ്സിലാക്കിയതു്. അപ്പോൾ എന്റെ നിലപാട് എനിക്കു വിശദമായി. അതിനു ഞാൻ അദ്ദേഹത്തോടു വളരെ കടപ്പെട്ടിരിക്കുന്നു.


കത്തോലിക്കാസഭയെ ആശ്ലേഷിച്ച മററു പലരിൽനിന്നും ഒരു കാര്യത്തിൽ ഞാൻ വ്യത്യസ്തയാണ്. കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനു 12 കൊല്ലംമുമ്പുമുതലേ ഞാൻ സഭാതത്വങ്ങളിൽ വിശ്വസിക്കുകയും അതനുസരിച്ചു ജീവിക്കുകയും ചെയ്തുവന്നു. സഭാപ്രവേശാവസരത്തിൽ പലരേയും അലട്ടാറുള്ള വിഷമങ്ങളൊന്നും എന്നെ അലട്ടിയില്ല. വി. കുർബാനയിലെ വസ്തുഭേദം (Transubstantiation), ശുദ്ധീകരണസ്ഥലം, മാതാവിന്റെ അമലോത്ഭവം, മാർപ്പാപ്പായുടെ പരമാധികാരം മുതലായവയിൽ ഞാൻ വിശ്വസിച്ചിരുന്നു. ഞാൻ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചു; വിശുദ്ധരുടെ സഹായമഭ്യർത്ഥിച്ചു. ഇന്നുള്ളിടത്തോളം വിശ്വാസം അന്നെനിക്കില്ലായിരുന്നു. എങ്കിലും മതാഭ്യസനത്തിനണയുന്ന ഒരു വിദ്യാർത്ഥിയുടെ സ്ഥിതിയായിരുന്നു അന്നെനിക്കുണ്ടായിരുന്നതു്.

അകത്തോലിക്കരായ അനുവാചകർ ഒരുപക്ഷെ ചോദിച്ചേക്കാം, "വി. കുർബാനയിലെ വസ്തുഭേദത്തിലും മററും ഞാൻ വിശ്വസിച്ചിരുന്നെങ്കിൽ എന്തിനാണ് 12 കൊല്ലം ആംഗ്ലിക്കൻസഭയിൽ ചെലവഴിച്ചതു്? എന്തിനു് ആ വഴി മുഴുവൻ നടന്നു?" കത്തോലിക്കാസഭയിലെ തപശ്ചര്യകൾ എനിക്കു സ്വീകാര്യമായിരുന്നില്ല; ആംഗ്ലിക്കൻസഭ വിവിധ വർണ്ണങ്ങളാലും വ്യക്തിപരമായ സ്നേഹത്താലും എന്നെ ആകർഷിച്ചു ആംഗ്ലോ-കാത്തലിക്ക് സഭയിൽ ചിലവഴിച്ച 12 കൊല്ലം ഒരു നഷ്ടമായി ഞാൻ പരിഗണിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ അക്കാലത്തെല്ലാം വിശ്വവ്യാപകമായ കത്തോലിക്കാസഭയെപ്പററി അവഗാഹം നേടുകയായിരുന്നു, ഞാൻ.

എന്റെ മതം ഞാൻ പ്രസംഗിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തു. ഞാൻ വളരെ എഴുതി; അനേകം മീററിംഗുകളിൽ സംബന്ധിച്ചു; സുപ്രധാനങ്ങളായ പല ദൈവാലയങ്ങളും സന്ദർശിച്ചു. എങ്കിലും പലപ്പോഴും എന്റെ നിലപാടിനെപ്പററി പല സംശയങ്ങളും എന്നിൽ ഉദയംചെയ്തുകൊണ്ടിരുന്നു; അതും മിക്ക അവസരങ്ങളിലും അവ്യക്തമായും. ഒരിക്കൽ എന്റെ ആത്മിയപിതാവുമായി ഞാൻ ഇതിനെപ്പററി ചർച്ചകൾനടത്തി. പക്ഷെ അദ്ദേഹം അതിനെപ്പററി മൗനമവലംബിക്കുകയാണ ചെയ്തതു്. അതുതന്നെയാണ് ഞാൻ പ്രതീക്ഷിച്ചതും. പലപ്പോഴും എന്റെ സംശയങ്ങൾ സുവ്യക്തങ്ങളായിരുന്നു.




വിവാഹമാണ് എന്റെ മതപരിവർത്തനത്തെ ത്വരിതപ്പെടുത്തിയതു്. എന്റെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നവർക്ക് ഞാൻ ഒരു ആംഗ്ലിക്കൻവൈദികനെ വിവാഹംചെയ്തതു് അത്ഭുതകരമായിത്തോന്നി. എന്നാൽ ഈ വിവാഹമാണ് ഹൈചർച്ച് മൂവ്മെൻറുമായുണ്ടായിരുന്ന എന്റെ ബന്ധം വിച്ഛേദിച്ചതു്. ത്രിവിധമാർഗ്ഗങ്ങളിൽ അതു പ്രവർത്തിച്ചു. പ്രഥമതഃ എന്നെ പഴയ മതത്തിൽതന്നെ നിറുത്തിയേക്കാവുന്ന പല മൈത്രീബന്ധങ്ങളേയും വിച്ഛേദനം ചെയ്തു. രണ്ടാമതായി, ആംഗ്ലോ-കത്തോലിസിസത്തിന്റെ വശീകരണത്തിനടിപ്പെടാത്ത ഒരന്തരീക്ഷത്തോടു അതെന്നെ അടുപ്പിച്ചു. എന്റെ ഭർത്താവ് ഹൈചർച്ച്പാർട്ടിയുടെ തത്വങ്ങളെല്ലാം വിശ്വസിച്ചിരുന്നെങ്കിലും അവരുടെ നേതാക്കന്മാരേയും പ്രവർത്തനങ്ങളേയും നിരൂപണമനോഭാവത്തോടെ വീക്ഷിച്ചുകൊണ്ടിരുന്നു. അതിനാൽ അദ്ദേഹം അവരുടെ എല്ലാം പ്രവർത്തനരംഗങ്ങളിലും



ഡോക്ടർ ടി. എം. ജോസഫ തോട്ടാശേരി ബി. എ., എം ബി. ബി. എസിന്റെ പ്രഥമപുത്രൻ ഡോക്ടർ ടി. ജെ. മാത്യു ബി. എസ്സ്.സി., എം. ബി. ബി. എസ്സ്. ഈ യുവാവ് ഉപരിപഠനാർത്ഥം മാർച്ച് 26-ാംനു- ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടിരിക്കുന്നു.

ഇഷ്ടതാല്പര്യം പ്രദർശിപ്പിച്ചില്ല. മാത്രമല്ല അദ്ദേഹത്തിന്റെ കോപാകർമതം അദ്ദേഹത്തെ കൂടുതൽ സുവിശേഷപരമായ മാർഗ്ഗങ്ങളിലേക്കാനയിച്ചു. അദ്ദേഹത്തിന്റെ നയനങ്ങളിൽക്കൂടി ഹൈചർച്ചുപാർട്ടിയുടെ പല കളങ്കങ്ങളും എനിക്കു ദർശിക്കുവാൻകഴിഞ്ഞു എന്റെ വിവാഹത്തിന്റെ മൂന്നാമത്തെ പ്രത്യാഘാതമായിരുന്നു ഏററവും ദൂരവ്യാപകം. ആംഗ്ലിക്കൻസഭയുടെ തനിനിറം അതിന്റെ ഉള്ളിൽനിന്നു കൊണ്ടുതന്നെ മനസ്സിലാക്കാൻ അതുപകരിച്ചു. അതിന്റെ പദ്ധതികളെ നിരീക്ഷണംചെയ്യുവാനും ശ്രുതികളെ കേൾക്കുവാനും തടസ്സങ്ങളെ മനസ്സിലാക്കുവാനും ഞാൻ അതിന്റെ അന്തർവൃത്തങ്ങളിൽ കടന്നുനോക്കി. ഇത്രയും നാൾ ചെയ്തതുപോലെ മറെറല്ലാം മറന്നു്, ഒരൊഴിഞ്ഞമൂലയിൽ അഭയംതേടുവാൻ ഇനിയും എനിക്കു കഴിഞ്ഞില്ല. ഒട്ടകപ്പക്ഷിക്കു് താൻ പ്രതീക്ഷിച്ച മരുപ്രദേശം കാണുവാൻ തല വെളിയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഞാൻ ജനിച്ചുവളർന്ന മതത്തിലെ തത്വങ്ങൾ ഞാൻ വിശ്വസിച്ചിരുന്നില്ല. അതിനു പരിവർത്തനം വരുമെന്നു ഞാൻ പ്രതീക്ഷിച്ചു അതു വരികയുംചെയ്തു. ഒരു വൈദികന്റെ ഭാര്യയായ എനിക്ക് അതു ഗ്രഹിക്കുവാൻ വലിയ വിഷമമുണ്ടായിരുന്നില്ല. ഹൈചർച്ചിനെ ശുദ്ധീകരിക്കാൻ വിവിധമാർഗ്ഗങ്ങൾ അവർ സ്വീകരിച്ചു. എന്നാൽ അവ ബാഹ്യമാത്രങ്ങളായിരുന്നു. യഥാർത്ഥ മതപരിവർത്തനത്തിനു അവ സഹായകമായില്ല.

ആംഗ്ലിക്കൻസഭയുടെ പ്രേരണാശക്തി വളരെ പരിമിതമാണെന്ന വസ്തുത എനിക്കു ബോദ്ധ്യപ്പെട്ടു; പ്രത്യേകിച്ച് ആംഗ്ലോ-കത്തോലിസിസത്തിന്റേതു്. വികാരങ്ങൾക്കു അതിപ്രാധാന്യം കല്പിച്ചിരുന്ന ഒരു മതമായിരുന്നു അതു്. സ്ത്രീകളുടെമേൽ ആ മതത്തിനുണ്ടായിരുന്ന പ്രേരണാശക്തി ഒന്നു വേറെതന്നെയായിരുന്നു. ബാഹ്യപ്രധാനങ്ങളായ പല ചടങ്ങുകളും ആ മതത്തിൽ ഉണ്ടായിരുന്നു.

അപ്പോൾ വേറൊരു സംശയം എന്റെ മനസ്സിൽ ഉദിച്ചു. വെളിപാടിന്റെ പുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്ന താരകമുടിചൂടിയ വനിതാമണിയെപ്പററിയായിരുന്നു അതു്. ഞങ്ങൾ അതിനെപ്പററി സുദീർഘമായ ചർച്ചകൾ നടത്തി. ആ മഹിളാരത്നം സഭയല്ല, പ്രത്യുത പരിഃ കന്യകയാണെന്നായിരുന്നു എന്റെ അഭിമതം. ഒരകത്തോലിക്കാദ്ധ്യാപിക അഭിപ്രായപ്പെട്ടു, "എന്നാൽ, ആ പരിഃ കന്യക സഭയാണ്." ഈ വാക്കുകൾ എന്നിൽ ഒരു നൂതനാശയത്തിനു് രൂപംനൽകി. അതു ഗ്രഹിക്കുവാൻ കത്തോലിക്കർക്കു വിഷമമാണ്. അന്നുവരെ സഭയെ ഒരു സജീവവസ്തുവായി ഞാൻ പരിഗണിച്ചിരുന്നില്ല; ഒരു വലിയ സംഘടനയായി മാത്രമേ ഞാൻ പരിഗണിച്ചിരുന്നുള്ളു. എല്ലാം ആംഗ്ലോ-കത്തോലിക്കരും സ്വീകരിച്ചുവന്ന "ബ്രാഞ്ചുതിയറി" ഞാനും സ്വീകരിച്ചു അതനുസരിച്ച് സമുദായത്തിനു മൂന്നു ശാഖകളുണ്ട്. അവ ആംഗ്ലിക്കൻസഭ, ഈസ്റ്റേൺസഭ, റോമൻസഭ എന്നിവയാണ്. എന്നാൽ സഭ ഒരു സജീവവസ്തുവാണെന്നു ബോദ്ധ്യപ്പെടുന്നവരെല്ലാം സംശയിക്കും, വിഭജിക്കപ്പെട്ടിരിക്കുന്ന സഭ എങ്ങനെയാണ് സജീവമാകുന്നതെന്നു്. കൈകൾ കാലിനോടു "നിന്നെ എനിക്കാവശ്യമില്ല"ന്നു പറയുവാൻ സാദ്ധ്യമല്ലല്ലോ. സഭ വെറുമൊരു സംഘടനയല്ല, പ്രത്യുത ക്രിസ്തുവിന്റെ (മൗതിക)ശരീരമാണെന്നു് എനിക്കു ബോദ്ധ്യപ്പെട്ടപ്പോൾ ബ്രാഞ്ചുതിയറി ഫലശൂന്യമായി.

ഈവക ചിന്തകൾ ഞാൻ ചരിഭ്രമത്തിലാണെന്നു് എന്നെ ബോദ്ധ്യപ്പെടുത്തി. ഒന്നുമാത്രമായിരുന്നു കരണീയം. അതു് സത്യസഭയിലേക്കുള്ള പുനരാഗമനമായിരുന്നു. എന്റെ സമീപവാസികളായ ഒട്ടുവളരെ ആംഗ്ലോ-കത്തോലിക്കരും ഇതേ ബോദ്ധ്യം ഉള്ളവരാണ്. എന്നാൽ ഈ ബോദ്ധ്യം അവരിൽ കാര്യമായ ഫലം ചെയ്തില്ല. പട്ടത്തിന്റെ സാധുതയെപ്പററി മാത്രമായിരുന്നു അവരുടെ തർക്കം. മറെറല്ലാകാര്യങ്ങളിലും കത്തോലിക്കാസഭയുടെ പഠനങ്ങളെ അവർ സ്വീകരിച്ചുപോന്നു. മാർപ്പാപ്പായുടെ അപ്രമാദിത്വം സ്വീകരിക്കാൻപോലും അവർക്കു വിഷമമില്ല. എന്നാൽ കത്തോലിക്കാസഭയുടെ പട്ടം അസാധുവാണെന്നു്, അവർ ധരിച്ചുവശായി. ഞാൻ സത്യസഭാംഗമാണെന്നും കത്തോലിക്കാസഭ എന്തുപറഞ്ഞാലും, ബൈബിൾ വചനം മുതലായവയ്ക്കു് എനിക്കു അവകാശമുണ്ടെന്നും അവർ പറഞ്ഞു. പിന്നെ ഞാൻ എന്തിനാണ് മതപരിവർത്തനം ചെയ്യുന്നതു്? ഇതായിരുന്നു അവരുടെ വാദഗതി. "ശാന്തമായിരിക്കുക, റോം കൂടുതൽ വിശാലമനസ്കത കാണിക്കുന്ന ഒരു ദിനം സമാഗതമാകും. അപ്പോൾ സഭയ്ക്കു പുറമെനിന്നു ആനുകൂല്യങ്ങൾ അനുഭവിച്ചവരെ സഭയിൽ സ്വീകരിക്കും" എന്നു അവർ എന്നോടു പറഞ്ഞു. എന്നാൽ, എനിക്കതു വിശ്വസനീയമായിരുന്നില്ല.

വിശ്വാസകാര്യങ്ങളിൽ ഞാൻ തികച്ചും റോമൻ കത്തോലിക്കയും, മഹിതമതത്തെപ്പററി ബോദ്ധ്യപ്പെട്ടവളുമായിരുന്നു. അതിനാൽ ഒന്നുമാത്രമായിരുന്നു എനിക്കു കരണീയം. അതു ചെയ്യുന്നതിനു അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ ധാരാളമുണ്ടായി. ആദ്യമാദ്യം കത്തോലിക്കാസഭയുടെ തപശ്ചര്യകൾ സഭാപ്രവേശത്തിൽനിന്നു എന്നെ അകററിനിറുത്തി. പന്ത്രണ്ടു കൊല്ലംകൊണ്ടു് എന്റെ വിമുഖത കുറഞ്ഞു. എങ്കിലും സഭയിൽ ശുഷ്കത, മന്ദത, വ്യവസ്ഥയില്ലായ്മ, ആദ്ധ്യാത്മികദാരിദ്ര്യം മുതലായവ കാണുമെന്നു ഞാൻ വിചാരിച്ചു. യഥാർത്ഥത്തിൽ ഞാൻ അവയെ

## ആലുവായിലെ ഏകാന്തധ്യാനം

(മലയാളത്തിൽ)

മാന്യരേ,

സ്ഥലം സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ആഭിമുഖ്യത്തിൽ അമ്പതുനോമ്പിന്റെ വലിയ ആഴ്ച നടത്തിവരാറുള്ള ഏകാന്തധ്യാനം, ഈ കൊല്ലം 1956 ഏപ്രിൽ 14-ാംതിയതി ശനിയാഴ്ച വൈകുന്നേരം ആരംഭിച്ചു് 18-ാംതിയതി ബുധനാഴ്ച രാവിലെ അവസാനിക്കുന്നതാണ്.

ധ്യാനഗുരു:- റവ. ഫാദർ ജോസഫ് വടക്കൻ (ബ്രദർ വടക്കൻ)

ബോർഡിംഗ് ഫീസ് 9—0—0

സ്ഥലം:- സേക്രഡ് ഹാർട്ട്സ് മൊണാസ്ട്രി, ആലുവാ

ധ്യാനത്തിൽ സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 10-ാംതിയതിക്കകം വിവരം അറിയിക്കണമെന്നു താൽപര്യപ്പെടുന്നു. ശയ്യോപകരണങ്ങൾ അവരവർ കൊണ്ടുവരേണ്ടതാണ്.

സെക്രട്ടറി,

സെൻറ് വിൻസെൻറ് ഡി പോൾ സംഘം, ആലുവാ



# തിരുക്കൊച്ചിയിൽ പ്രസിഡൻറുഭരണം

തിരുക്കൊച്ചിയിൽ ഉദ്ദേശം രണ്ടാഴ്ചക്കാലത്തേക്ക ദീർഘിച്ച രാഷ്ട്രീയസ്തംഭനാവസ്ഥയെ തുടന്നു ഇപ്പോൾ പ്രസിഡൻറു ഭരണം പ്രഖ്യാപിതമായിരിക്കുകയാണല്ലോ. ഇന്ത്യൻ ഭരണഘടന 356-ാംവകുപ്പനുസരിച്ചു തിരുക്കൊച്ചിയുടെ ഭരണഭാരം പ്രസിഡൻറു കൈയേൽക്കുന്ന വിളംബരം ഇപ്രകാരമാണ്:-

തിരുക്കൊച്ചി സംസ്ഥാനത്തെ രാജപ്രമുഖൻെറ പക്കൽനിന്നും ഒരു റിപ്പോർട്ടു ഇന്ത്യയുടെ പ്രസിഡണ്ട് രാജേന്ദ്രപ്രസാദ് ആയ എനിക്കു ലഭിച്ചിരിക്കുന്നതിനാലും ആ റിപ്പോർട്ടും എനിക്കു ലഭ്യമായ മററു വിവരങ്ങളും പരിഗണിച്ചതിലും ഇന്ത്യൻ ഭരണഘടനാവ്യവസ്ഥകൾ അനുസരിച്ചു ആ സംസ്ഥാനത്തെ ഭരണകൂടം നടത്തിക്കൊണ്ടുപോകുവാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതി ആവിർഭവിച്ചിരിക്കുന്നതായി എനിക്കു ബോദ്ധ്യമായിരിക്കുന്നതിനാലും,

ഭരണഘടന 356-ാം ആർട്ടിക്കിൾപ്രകാരം എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങളും തത്സംബന്ധമായി എനിക്കുള്ള മററെല്ലാ അധികാരങ്ങളും ഉപയോഗിച്ച് ഇതിനാൽ,

എ) പ്രസ്തുതവിത സംസ്ഥാനത്തിൻെറ ഗവമ്മെണ്ടിൻെറ എല്ലാ കൃത്യങ്ങളും ആ സംസ്ഥാനത്തെ രാജപ്രമുഖനിൽ നിക്ഷിപ്തങ്ങളും രാജപ്രമുഖനു പ്രയോഗിക്കാവുന്നവയുമായ എല്ലാ അധികാരങ്ങളും ഇന്ത്യയുടെ പ്രസിഡണ്ട് എന്ന നിലയിൽ ഞാൻ കൈയേൽക്കുകയും,

ബി) പ്രസ്തുതവിത സംസ്ഥാനത്തെ നിയമസഭയുടെ അധികാരങ്ങൾ പാർലമെൻറിനാലോ പാർലമെൻറിൻെറ അധികാരത്തിനു വിധേയമായോ പ്രയോഗിക്കപ്പെടുന്നതാണെന്നു പ്രഖ്യാപിക്കുകയും,

സി) ഈ വിളംബരത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ സാർത്ഥീകരിക്കുന്നതിനു ആവശ്യമോ അഭിലഷണീയമോ ആയി എനിക്കു തോന്നുന്ന സന്ദർഭികവും, ആനുഷംഗികവുമായ താഴെ കാണുന്ന വ്യവസ്ഥകൾ ചെയ്യുകയും ചെയ്യുന്നു; അതായതു്,

i) ഈ വിളംബരത്തിലെ (എ) വകുപ്പനുസരിച്ച് താൻ കൈയേററിരിക്കുന്ന കൃത്യങ്ങളും അധികാരങ്ങളും ഉപയോഗിച്ച്, തനിക്കു യുക്തമെന്നു തോന്നുന്ന രീതിയിൽ പ്രസ്തുതവിത സംസ്ഥാനത്തിൻെറ രാജപ്രമുഖൻ മുഖേന പ്രവർത്തിക്കുവാൻ പ്രസിഡണ്ടിനു അധികാരമുണ്ടായിരിക്കുന്നതാകുന്നു;

ii) ആ സംസ്ഥാനത്തെ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയിലെ താഴെപ്പറയുന്ന വ്യവസ്ഥകളുടെ പ്രവർത്തനം ഇതിനാൽ സസ്പെൻഡ് ചെയ്തിരിക്കുന്നു; അതായതു്, ആ സംസ്ഥാനത്തിൻെറ നിയമസഭയെ സംബന്ധിച്ച് പ്രസിഡണ്ടിൻെറ പരാമർശനത്തെ ബന്ധിക്കുന്നിടത്തോളം 3-ാം ആർട്ടിക്കിളിൻെറ വ്യവസ്ഥയും;

സംസ്ഥാനത്തെ നിയമസഭ മുൻപാകെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം 15-ാം ആർട്ടിക്കിൾ 2-ാംവകുപ്പിലെ വ്യവസ്ഥയും;

ഭരണഘടന 238 ാം വകുപ്പിൻപ്രകാരം ആ സംസ്ഥാനത്തു നിലവിലുള്ള താഴെ കാണുന്ന വ്യവസ്ഥകളും,

163-ം, 164-ം ആർട്ടിക്കിളുകൾ, 166-ാം ആർട്ടിക്കിളിൻെറ 3-ാം ഉപവകുപ്പ്, 174 മുതൽ 186 വരെയുള്ള ആർട്ടിക്കിളുകൾ (രണ്ടും ഉൾപ്പെടെ), അസംബ്ലി സ്പീക്കറോടു ആലോചിക്കണമെന്നനുശാസിക്കുന്ന 187-ാം ആർട്ടിക്കിളിൻെറ 3-ാംഉപവകുപ്പ് 188-ം 189-ം ആർട്ടിക്കിളുകൾ, 193 മുതൽ 198 വരെ (രണ്ടും ഉൾപ്പെടെ)യുള്ള ആർട്ടിക്കിളുകൾ, 200-ം, 201-ം ആർട്ടിക്കിളുകൾ,

അസംബ്ലി സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും ശമ്പളത്തെയും അലവൻസിനെയും സംബന്ധിച്ചിടത്തോളം 202-ാം ആർട്ടിക്കിളിൻെറ 3-ാംഉപവകുപ്പ് 208 മുതൽ 211 വരെ (രണ്ടും ഉൾപ്പെടെ)യുള്ള ആർട്ടിക്കിളുകൾ, 213-ാം ആർട്ടിക്കിളിൻെറ 1-ാം ഉപവകുപ്പിൻെറയും 3-ാം ഉപവകുപ്പിൻെറയും വ്യവസ്ഥകൾ.

റിപ്പോർട്ട് മെമ്മോറാണ്ഡത്തോടുകൂടി സംസ്ഥാനനിയമസഭമുൻപാകെ സമർപ്പിക്കുന്നതിനെ സംബന്ധിച്ചിടത്തോളം 323-ാം ആർട്ടിക്കിളിൻെറ രണ്ടാം ഉപവകുപ്പിനെ സംബന്ധിച്ചിടത്തോളം;

iii) പ്രസ്തുതവിത സംസ്ഥാനത്തെ അസംബ്ലി ഇതിനാൽ പിരിച്ചുവിട്ടിരിക്കുന്നു;

iv) പ്രസ്തുതവിത സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഭരണഘടനയിൽ രാജപ്രമുഖനെപ്പററിയുള്ള പരാമർശനം പ്രസിഡണ്ടിനെപ്പററിയുള്ള പരാമർശനമായി പരിഗണിക്കപ്പെടുന്നതാകുന്നു; പ്രസ്തുത സംസ്ഥാനത്തെ നിയമസഭയെ സംബന്ധിച്ചുള്ള ഏതൊരു പരാമർശനവും, അതിൻെറ കൃത്യങ്ങളെയും അധികാരങ്ങളെയും സംബന്ധിച്ചിടത്തോളം, പാർലമെൻറിനെപ്പററിയുള്ള പരാമർശനമായി പരിഗണിക്കപ്പെടുന്നതാകുന്നു; പ്രത്യേകിച്ചും സംസ്ഥാനത്തെ രാജപ്രമുഖനെയും അസംബ്ലിയെയും സംബന്ധിച്ച് 213-ാം ആർട്ടിക്കിളിലുള്ള പരാമർശനം യഥാക്രമം പ്രസിഡണ്ടിനെയും പാർലമെൻറിനെയുംപററിയുള്ള പരാമർശനമായി പരിഗണിക്കപ്പെടുന്നതാകുന്നു;

എന്നാൽ,

238-ാം ആർട്ടിക്കിളിൻപ്രകാരവും 299-ം 361-ം ആർട്ടിക്കിളുകൾകൊണ്ടും ആ സംസ്ഥാനത്തു പ്രാബല്യത്തിൽവരുത്തിയിരിക്കുന്ന 153, 158 159 എന്നീ വകുപ്പുകളിലെ വ്യവസ്ഥകളെയും ഇതിലുള്ള യാതൊന്നും ബാധിക്കുന്നതോ പ്രസ്തുതവിത സംസ്ഥാനത്തെ രാജപ്രമുഖൻ മുഖേന തനിക്കു യുക്തമെന്നു തോന്നുന്നരീതിയിൽ ഈ ക്ലോസിൻെറ1-ാംസബ്ക്ലോസ്പ്രകാരം പ്രവർത്തിക്കുന്നതിൽ നിന്നു പ്രസിഡണ്ടിനെ തടയുന്നതോ അല്ലാത്തതാകുന്നു;

v) സംസ്ഥാനത്തെ നിയമസഭയുടെ ആക്ടുകളെയോ നിയമങ്ങളെയോപററി ഭരണഘടനയിലുള്ള ഏതൊരു പരാമർശനവും സംസ്ഥാനത്തെ നിയമസഭയുടെ അധികാരങ്ങൾ ഉപയോഗിച്ച് ഈ വിളംബരപ്രകാരം പാർലമെൻേറാ പ്രസിഡണ്ടോ ഭരണഘടന 357-ാം ആർട്ടിക്കിളിൻെറ 1-ാം ക്ലോസ് (എ) സബ്ക്ലോസിൽ പരാമർശിക്കുന്ന മററധികാരിയോ ചെയ്യുന്ന പരാമർശനംകൂടി ഉൾക്കൊള്ളുന്നതായി പരിഗണിക്കപ്പെടുന്നതാകുന്നു. 1125-ലെ ഏഴാം ആക്ടായ ട്രാവൻകൂർ കൊച്ചിൻ ഇൻറർപ്രട്ടേഷൻ ആൻഡ് ജനറൽക്ലോസസ് ആക്ട് മേല്പറഞ്ഞ നിയമങ്ങളെ സംബന്ധിച്ചിടത്തോളം സംസ്ഥാനത്തെ സഭയുടെ ആക്ടായി പരിഗണിക്കുന്നതാകുന്നു,

രാജേന്ദ്രപ്രസാദ്,

പ്രസിഡണ്ട്

(എ വി പൈ) ഇന്ത്യാഗവർമ്മെണ്ട് ആഭ്യന്തരവകുപ്പുസെക്രട്ടറി

---

ദർശിച്ചില്ലെങ്കിലും സംശയങ്ങൾ എന്നെ ആകുലചിത്തയാക്കി ദീർഘകാലത്തേക്ക എൻെറ പ്രവർത്തനങ്ങൾ ആനന്ദരഹിതങ്ങളായി എനിക്കനുഭവപ്പെട്ടു. അപ്പോൾ "കവൻട്രി പാററ്മോറി" (Coventry Patmore) ൻെറ കഥ എൻെറ ഓർമ്മയിൽവന്നു. കത്തോലിക്കാസഭയുടെ സത്യാവസ്ഥ ബോദ്ധ്യപ്പെട്ടിട്ടും അവസാനംവരെ കത്തോലിക്കാ സഭാംഗമാകാൻ സാധിക്കാതിരുന്നതാണ് അദ്ദേഹത്തിനു വിഷമകരമായിത്തോന്നി. ഈ വിഷമതയ്ക്കു മനശ്ശാസ്ത്രപരമായ പല കാരണങ്ങളും ഉണ്ടായിരുന്നു. മനസ്സ് സ്വതന്ത്രമാകുന്ന ദിനത്തെ, ശാന്തമാകുന്ന നിമിഷത്തെ, ഞാൻ പാർത്തിരുന്നു. ഒടുവിൽ ആ സുദിനം സമാഗതമായി. അന്നു ആനന്ദതുന്ദിലയായി ഞാൻ പാടി.

"എന്നോടു ചൊന്നതാം
വാക്‌സുധാധാരകളിന്നെന്നെയാനന്ദ
ചിത്തയാക്കി.
പ്രേമാത്മനാഥൻെറ
ഗേഹത്തെപ്പുക്കിട്ടു-
മാമോദപൂർണ്ണരായ്
ഞങ്ങളെല്ലാം."

—o—

## ഉപകാരസ്മരണ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.


കെ. വി അബ്രാഹം
പൂവരണി

---

തിരുകൊച്ചി
അഡ്മിനിസ്ട്രേറ്റർ

## ശ്രീ പി എസ് റാവു ഐ. സി. എസ്.

1918-ൽ സെൻട്രൽ പ്രോവിൻസിൽ ഉദ്യോഗത്തിൽ പ്രവേശിച്ച മി. റാവു അസി. കമ്മീഷണർ, ഡെപ്യൂട്ടി കമ്മീഷണർ, സെററിൽമെൻറ് ഓഫീസർ, ഫൈനാൻഷ്യൽ സിക്രട്ടറി, എക്സൈസ് കമ്മീഷണർ മുതലായ



ഉദ്യോഗങ്ങൾ വഹിച്ചശേഷം 1942-ൽ ഇൻഡ്യാഗവമ്മെൻറിൻെറ ഭക്ഷ്യകാര്യ ഡയറക്ടർ ജനറലായി. ഇടന്നു നാഗപ്പൂർ ലേബർ കമ്മീഷണർ, പ്രാദേശികവ്യവസായസമിതിചെയർമാൻ, ഫൈനാൻഷ്യൽ കമ്മീഷൻ ചെയർമാൻ മുതലായ സ്ഥാനങ്ങൾ വഹിച്ചു. 1945-46ൽ സെൻട്രൽ പ്രോവിൻസു ഗവർണറുടെ ഉപദേഷ്ടാവായിത്തീർന്നു. 1946 മുതൽ 48 വരെ സെൻട്രൽ പ്രോവിൻസ് ചീഫ് സെക്രട്ടറിയായിരുന്നു. 1948-ൽ രാജസ്ഥാൻ-ഉദയപ്പൂർ സംസ്ഥാനത്തിലെ റീജിയണൽ കമ്മീഷണറായി. 1949 മുതൽ 1952 വരെ പെപ്സുവിലെ രാജപ്രമുഖൻെറ ഉപദേഷ്ടാവും റീജിയനൽ കമ്മീഷണറുമായിരുന്നു. 1952-53-ൽ പ്ലാനിങ്ങ് കമ്മീഷൻെറ ഉപദേഷ്ടാവായിരുന്നു. 1954 ഏപ്രിൽ 12 മുതൽ ദാമോദർവാലി കോർപറേഷൻ ചെയർമനായി ജോലി ചെയ്തുവരുന്നു.

## ഇടവകവാർത്തകൾ

പാദുവാപുരം: എടക്കുന്നിയിൽ പാദുവാപുരത്തു സ്ഥാപിതമായിട്ടുള്ള സിസ്റ്റേഴ്സ് ഓഫ് നസ്രത്തു സന്യാസിനീസംഘത്തിൽ ചേർന്ന പുതിയ അംഗങ്ങളുടെ സഭാവസ്ത്രസ്വീകരണവും ആദ്യത്തെ ഗണത്തിൻെറ നിത്യവ്രതാനുഷ്ഠാനവും മാർച്ച് 19-ാം തിയതി എറണാകുളം അതിരൂപതാ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ റൈററ് റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. വിവിധ രംഗങ്ങളിൽ സാധുജനസേവനം നിർവ്വഹിക്കുകയെന്നതാണ് ഈ സന്യാസിനിസംഘത്തിൻെറ ഉദ്ദേശ്യം.

വെട്ടൂർ: കൊന്നപ്പാറ ഓർത്തഡോക്സ് പള്ളിയിൽനിന്നും, നെല്ലുവേലിൽ ശ്രീമതി ശോശാമ്മ മത്തായി, തൻെറ കുടുംബാംഗങ്ങളായ ഏഴു പേരോടുകൂടി, ഫാദർ ശമുവേൽ ശങ്കരത്തിലിൻെറ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടിരിക്കുന്നു.

പൂണമല: പൂണമല സെമ്മിനാരിയിൽ മാർച്ച് 12-ാംതു മുതൽ 15-ാം തിയതിവരെ കാററിക്കെററിക്കൽ കോൺഗ്രസ്സും എക്സിബിഷനും വളരെ കേമമായി നടത്തിയിരിക്കുന്നു. നാനാരൂപതകളിൽപ്പെട്ട വൈദികരും കന്യാസ്ത്രികളും കുട്ടികളും അതിൽ സംബന്ധിച്ചിരുന്നു. കാററിക്കെററിക്കൽ കോൺഗ്രസിൽ കുട്ടികളുടേയും പ്രായംചെന്നവരുടേയും വേദോപദേശപഠനത്തെപ്പററി വിശേഷജ്ഞരായ വൈദികന്മാർ പ്രസംഗിച്ചു. മദ്രാസ്-മൈലാപ്പൂർ ബിഷോപ്പ് ഡോക്ടർ ഫ്രാൻസിസ് കരവിള്ളായും സന്നിഹിതനായിരുന്നു. അത്യന്തം മനോഹരമായി അലങ്കരിച്ചിരുന്ന എക്സിബിഷൻഹാളിൽ ജനങ്ങൾ തിങ്ങിക്കൂടിയിരുന്നു. ഇൻഡ്യൻ ഹോററിൻമിഷൻെറ പ്രൊവിൻഷ്യലായിരുന്നു എക്സിബിഷൻ ഉദ്ഘാടനം ചെയ്തു. സലേഷ്യൻപ്രൊവിൻഷ്യൽ വെരി റവ ഫാദർ പിനാക്കിയും സന്നിഹിതനായിരുന്നു. പൂണമല സെമ്മിനാരിറെക്ടർ വെരി റവ ഫാദർ മയറി എസ് ഡി ബി ആദ്ധ്യക്ഷംവഹിച്ചു. എക്സിബിഷൻേറയും കോൺഗ്രസിൻേറയും ഓർഗനൈസർ റവ ഫാദർ അൻട്രൂ മെരരാജ് എസ് ഡി ബി ആയിരുന്നു. അവസാനദിവസമായ 15-ാംതു വൈകുന്നേരം സെമ്മിനാരിക്കാരാൽ "ദി ഗ്രേയിററു കാർഡിനൽ" എന്ന ഇംഗ്ലീഷ്നാടകം അഭിനയിക്കപ്പെട്ടു.

പുത്തൂർ: ആറുവാപ്പേരി കത്തോലിക്കാപ്പള്ളിയിൽവച്ച് പാപ്പാദിനം സാഘോഷം കൊണ്ടാടിയിരിക്കുന്നു. ഘോഷയാത്രയും പൊതുയോഗവും നടത്തപ്പെട്ടു. യോഗത്തിൽ നാനാജാതിമതസ്ഥർ പങ്കെടുത്തു. റവ ഫാദർ ഏലിയാസ് ബി എസ് സി അദ്ധ്യക്ഷതവഹിച്ചു. റവ ഫാദർ ജറോം സിൽവാ സ്വാഗതമാശംസിച്ചു. റവ ഫാദർ ജേക്കബ് ഞായല്ലൂർ, ശ്രീ മാനുവേൽ തോമസ് എന്നിവർ പ്രസംഗിച്ചു. റവ ഫാദർ അച്ചക്കുഞ്ഞ് കൃതജ്ഞതപ്രകാശിപ്പിച്ചു. ബാലികാബാലന്മാരുടെ വിവിധ കലാപ്രകടനങ്ങളുമുണ്ടായിരുന്നു.

ചിററാട്ടുകര: സ്ഥലം സി വൈ എം എ യുടേയും സെൻറ് വിൻസെൻറ് ഡി പോൾ സൊസൈററിയുടേയും സംയുക്ത മഹാസമ്മേളനം മാർച്ച് 18-ാം തിയതി ഉച്ചതിരിഞ്ഞ് ഫാത്തിമ മൈതാനിയിൽവെച്ചു ശ്രീ പി ഡി തൊമ്മൻ എം എ, ബി എൽ (ഡിസ്ട്രിക്ട് ജഡ്ജി, തൃശ്ശൂർ) അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. ആത്മോപദേഷ്ടാവ് റവ ഫാദർ ജോർജ്ജ് മാളിയേക്കൽ സ്വാഗതം പറഞ്ഞു മി ബി സി വറുഗീസ് M A ഒരു പ്രസംഗം ചെയ്തു. റവ. ഫാദർ ജോസഫ് വടക്കൻെറ പൗരോഹിത്യപദസ്വീകരണത്തിൽ ശ്രീമാൻ സി വി ജോസഫ് ബി എ. ബി ടി ഒരു അനുമോദനപ്രസംഗം നടത്തി. അനുമോദനത്തിനു ഫാദർ വടക്കൻ സമുചിതമായ മറുപടിയും പറഞ്ഞു. യോഗാനന്തരം "മാനം തെളിഞ്ഞു" എന്ന ഒരുനാടകവും അഭിനയിക്കപ്പെട്ടു.

(ശേഷം 8-ാംപേജിൽ)

സി.കെ.പോൾ കമ്പനി
PHONE 536
C.P.SON
ആഭരണ വ്യാപാരം, എറണാകുളം

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || MARCH 28, ERNAKULAM || No. 33


## കുരിശിലെ പരിത്രാണയജ്ഞം

ക്രിസ്തുവിന്റെ ഭൗതികജീവിതത്തെ കേന്ദ്രമാക്കിയ മഹായജ്ഞത്തെപ്പററി — ഗാഗുൽത്തായിലെ അവിടുത്തെ കുരിശുമരണത്തെപ്പററി — ലോകം വികാരവിവശമായി പരിചിന്തിക്കുന്ന സമ്മുഹൂർത്തമാണല്ലോ ഇത്. രണ്ടായിരത്തോളം വർഷങ്ങൾ ലോകം ഇതേപ്പററി ചിന്തിച്ചുകഴിഞ്ഞു. ഇന്നും ക്രൂശാരോഹിതനായ ക്രിസ്തു ലോകത്തിനൊരു പ്രശ്നമായി അവശേഷിക്കുന്നു. അവിടുത്തെ ആത്മബലി അഗ്രാഹ്യമായ ഒരു ദുർഘടപ്രശ്നമായി നിലകൊള്ളുന്നു. ലോകത്തിനു അതിന്റെ സ്മരണയെപ്പോലും നശിപ്പിച്ചുകളയാൻ കൊള്ളാമെന്നുണ്ട്; ക്രിസ്തുവിന്റെ അസ്തിത്വത്തെ തുടച്ചുനീക്കുന്നതിനായിരുന്നല്ലോ യഹൂദജനം അവിടുത്തെ ക്രൂശിച്ചത്. ലോകത്തിനു ക്രൂശിതനായ ക്രിസ്തുവിനെ അവഹേളിച്ചാൽ കൊള്ളാമെന്നുണ്ട്; ജറുസലേമിലെ ജനസമൂഹം അന്നു അവിടുത്തെ അവഹേളിക്കുകയായിരുന്നല്ലോ. ക്രിസ്തുവിനേയും അവിടുത്തെ കുരിശുമരണത്തേയും അവഗണിക്കുവാൻ ആഗ്രഹിക്കുന്നവരുണ്ട്; അവിടുത്തെ ജീവിതകാലത്തിലും ഒട്ടുവളരെപ്പേർ അവിടുത്തെ അവഗണിച്ചിരുന്നു. പക്ഷെ ഇരുപതു നൂററാണ്ടുകൾക്കുശേഷവും ക്രിസ്തു അവിസ്മരണീയനായ, ആദരണീയനായ, അനേകലക്ഷങ്ങളുടെ ആശാകേന്ദ്രമായ ഒരു മഹാവ്യക്തിയായി വിരാജിക്കുന്നു. ഗാഗുൽത്തായിലെ നാടകീയരംഗങ്ങൾ അനുദിനമെന്നവണ്ണം ആവർത്തിക്കപ്പെടുന്നു. പ്രധാനാചാര്യന്മാരേയും ജനനേതാക്കളേയുംപോലെ പരാജിതരായി ഗാഗുൽത്തായിൽനിന്നും ഒരു ഗണം വിരമിക്കുന്നു; റോമൻപട്ടാളക്കാരേയും യഹൂദദാസവർഗ്ഗത്തേയുംപോലെ വേറൊരു ഗണം അനേകക്രൂരകൃത്യങ്ങൾക്കുശേഷം അവരുടെ മൂഢതയിൽ അക്ഷോഭ്യരായി പിന്തിരിയുന്നു; യഥാർത്ഥത്തിൽ ഇയാൾ ഒരു ദൈവികമനുഷ്യനായിരുന്നുവെന്നു ആശ്ചര്യവും ഭീതിയുംകലർന്നു പ്രഖ്യാപിച്ചവരെപ്പോലെ അനുതാപബദ്ധരായി നെഞ്ഞത്തടിച്ചു വിലപിക്കുന്നവരും ഒട്ടും കുറവല്ല; മറിയം മഗ്ദലേന മുതലായ ഭക്തസ്ത്രീകളെപ്പോലെയും വിശുദ്ധ യോഹന്നാൻ, പരിശുദ്ധ കന്യകമറിയം എന്നിവരെപ്പോലെയും സ്നേഹബദ്ധമായ ഭക്തിപാരവശ്യത്തിൽ ഗാഗുൽത്തായുടെ ആദ്ധ്യാത്മികമധു നുകരുന്ന അനുഗൃഹീതവിഭാഗവും ലോകത്തിന്റെ [illegible] എന്നാളും അവശേഷിക്കുന്നുണ്ട്. ഗാഗുൽത്താ അപരിമേയമായ ഒരു മഹാരഹസ്യംതന്നെ!

ഗാഗുൽത്തായിലെ പ്രസ്തുത മഹാരഹസ്യത്തിനു ഒരു പൊരുൾ മാത്രമേയുള്ളു. അതു അമാനുഷികമായ ഒരു പരിത്രാണയജ്ഞമായിരുന്നു. അതിലെ ബലിവസ്തുവും ബലിയർപ്പകനും സത്യദൈവത്തിന്റെ നിത്യവചനമായ പുത്രനാണ്. അതിന്റെ ഉദ്ദേശ്യം നാശത്തിലേക്കുപോയ മനുഷ്യവർഗ്ഗത്തെ പരിത്രാണനം ചെയ്യുകയാണ്. അതിനുള്ള ആന്തരികമായ പ്രേരണ ദൈവത്തിന്റെ നിസ്സീമമായ സ്നേഹവാത്സല്യമാണ്. ദൈവത്തിന്റെ അപരിമേയമായ ഈ സ്നേഹനാടകത്തിന്റെ പരിണാമഗുപ്തിയാണ് ഗാഗുൽത്തായിലെ കുരിശിൽ ലോകം ദർശിക്കുന്നത്. മനുഷ്യന്റെ ഉൾക്കണ്ണുകൾ ദൈവാനുഗ്രഹപ്രസരത്താൽ പരിശോഭിക്കുന്നില്ലായെങ്കിൽ അതു അഗ്രാഹ്യമായ ഒരു രഹസ്യമായി അവശേഷിക്കും. പ്രസാദവരത്തിന്റെ പ്രകാശകിരണങ്ങൾ മനുഷ്യഹൃദയത്തെ പ്രശോഭിപ്പിക്കുമ്പോൾ ദൈവസ്നേഹത്തിന്റെ അമാനുഷികപ്രകടനങ്ങൾ വെള്ളിത്തിരയിലെന്നവണ്ണം മനുഷ്യമനോദർപ്പണത്തിൽ തെളിഞ്ഞു ശോഭിക്കുന്നതായിരിക്കും. ഇതാണ് ഗാഗുൽത്തായെ പ്രശോഭിപ്പിക്കുന്ന പ്രഭാപൂരത്തിന്റേയും അതിനെ അന്ധകാരനിബിഡമാക്കുന്ന തമഃപ്രസരത്തിന്റേയും കാരണങ്ങൾ. ലോകപരിത്രാണനാർത്ഥം മനുഷ്യനായി അവതരിക്കുകയും, നിത്യശാന്തിയുടേയും സാഹോദര്യത്തിന്റേയും സന്ദേശങ്ങൾ ലോകത്തിൽ ഉദീരണംചെയ്യുകയും, സഹോദരസ്നേഹത്തിനു മകുടോദാഹരണമായി പരിത്യാഗജീവിതവും നിസ്വാർത്ഥസേവനവും അനുഷ്ഠിക്കുകയും, അവസാനം ലോകപാപങ്ങളെ ഹനിച്ചു മാനവപരിത്രാണനം സാധിക്കുന്നതിനു നിഷ്ഠുരപീഡകൾക്കുമദ്ധ്യേ കുരിശിൽ സ്വയം ഹോമിക്കുകയുംചെയ്ത ദൈവികപ്രവർത്തനങ്ങൾ യഥാവിധി മനസ്സിലാക്കുന്നതിനുള്ള ആന്തരികവീക്ഷണം ലഭിക്കുന്നതിനു ജെരിക്കോവിലെ അന്ധനോടൊത്തു നമുക്കും വിനീതരായി പ്രാർത്ഥിക്കാം: "കർത്താവേ, എനിക്കു കാണണം" എന്നു.

ക്രിസ്തു നിർവ്വഹിച്ചതായ പരിത്രാണകൃത്യം സകല മാനവവംശത്തേയും സ്പർശിക്കുന്നതാണ്. ആദ്യമനുഷ്യനായ ആദത്തിന്റെ കാലം മുതൽ ലോകത്തിൽ ഉണ്ടാകുന്ന അവസാനമനുഷ്യവ്യക്തിവരെയും ഈ പരിത്രാണവലയത്തിൽ ഉൾക്കൊള്ളുന്നുണ്ട്. ദൈവത്തിനും മനുഷ്യനും ഇടയ്ക്കുള്ള ഏകമദ്ധ്യസ്ഥൻ അവിടുന്നുമാത്രമാണ്. അവിടുന്നാണ് ലോകത്തിന്റെ ഏകപ്രകാശദീപം. അവിടുത്തെ [illegible] പ്രാചിയേയും പ്രതീചിയേയും ഉൾക്കൊള്ളുന്നു. ലോകരക്ഷകൻ എന്ന പദം അങ്ങിൽ അന്വർത്ഥമാകുന്നു. അവിടുത്തെ ഐഹികജീവിതത്തിനുമുമ്പു അവിടുന്നു പ്രവചനങ്ങളിലും ആവിഷ്കരണങ്ങളിലും പ്രകാശിച്ചു. അവിടുത്തെ ലോകജീവിതത്തിനുശേഷം അവിടുന്നു അവിടുത്തെ സഭയിൽ പ്രകാശിക്കുന്നു. ഈ പ്രകാശത്തിൽ സത്യത്തെ ദർശിക്കുന്ന ഓരോ മനുഷ്യനും ക്രിസ്തുവിന്റെ പരിത്രാണനത്തിൽ പങ്കുചേരുന്നു. ഗാഗുൽത്തായിലെ പരിത്രാണയജ്ഞത്തിന്റെ രക്ഷണീയഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. ക്രിസ്തുമതത്തിന്റെ മഹനീയമായ തപസ്സംഹിതയിലേക്കു അവധാനമായി നാം ശ്രദ്ധപതിക്കുമ്പോഴാണ് ക്രിസ്തുവിന്റെ പരിത്രാണകൃത്യത്തിന്റെ ദിവ്യരഹസ്യങ്ങൾ നമുക്കു ഹൃദയഹാരികളായി പ്രത്യക്ഷമാവുക. സ്നേഹമസൃണമായ അവിടുത്തെ അനുഗ്രഹങ്ങളെ ചൊരിഞ്ഞുനിൽക്കുന്ന ഉദാത്തമായ മനുഷ്യമനസ്സിന്റെ അല്പത്വവും ആബദ്ധ്യവും അവിടെയാണ് തെളിഞ്ഞുകാണുന്നത്. ഗാഗുൽത്തായിലെ കുരിശിൻചുവട്ടിൽനിന്നു പരാജിതരായി പുറംതിരിയുന്നതിനോ, അജ്ഞരായി പ്രത്യാഗമിക്കുന്നതിനോ, ആശങ്കാബദ്ധരായി പ്രതിനിവർത്തിക്കുന്നതിനോ നമുക്കിടവരാതിരിക്കട്ടെ. കുരിശിൻചുവട്ടിലെ ഭക്തഗണത്തോടൊപ്പം സ്നേഹമധു നുകരുന്നതിനും പരിത്രാണനത്തിന്റെ പങ്കുപറ്റുന്നതിനുമുള്ള അനുഗ്രഹം അവിടെ നമുക്കു കൈവരുകയുംചെയ്യട്ടെ.

ക്രിസ്തുവിന്റെ കുരിശു ലോകത്തിൽ വിരാജിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### വ്യവസായസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കണം

ഒരു രാജ്യത്തിന്റെ സാമ്പത്തികപുരോഗതി അതിന്റെ വ്യവസായവല്ക്കരണത്തെയാണ് പ്രധാനമായി ആശ്രയിച്ചിരിക്കുന്നത്. അതുകൊണ്ടാണ് അഭിവൃദ്ധ്യുന്മുഖമായ ഓരോ രാജ്യവും വ്യവസായത്തിനു പ്രാമുഖ്യം നൽകുന്നതിനു ശ്രദ്ധിക്കുന്നത്. ഇന്ത്യയിൽ പൊതുവേയും അതിന്റെ വിവിധഭാഗങ്ങളിൽ പ്രത്യേകിച്ചും ഇന്നു പഞ്ചവത്സരപദ്ധതികൾമൂലവും വമ്പിച്ച വ്യവസായസംരംഭങ്ങൾമൂലവും ഈ വഴിക്കുള്ള പുരോഗതിയെ ത്വരിപ്പിക്കുന്നതിനു ഭരണകൂടങ്ങളും പൗരാവലിയും ഒത്തൊരുമിച്ചു ശ്രമിച്ചുപോരുകയാണ്. ഈ തരുണത്തിൽ വ്യവസായസംരംഭങ്ങളെ, വിശേഷിച്ചും സ്വകാര്യസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ ഗവമ്മെന്റുകൾക്കുള്ള കർത്തവ്യം പ്രത്യേകം അനുസ്മരിക്കേണ്ടിയിരിക്കുന്നു. വ്യവസായങ്ങളെ ദേശീയകരിക്കുന്നതിൽ വിഭ്രാന്തികൊള്ളുന്ന ഭരണാശയവും, വിവേചനയില്ലാത്തവിധം നികുതികൾ ചുമത്തി അവയെ ശ്വാസം മുട്ടിച്ചുകൊല്ലുന്ന ഒരു രീതിയും പല സ്ഥലങ്ങളിലും വർദ്ധമാനമായി വരുന്നുണ്ട്. അതിന്റെ പ്രത്യാഘാതമെന്നവണ്ണം മൂലധനം മുടക്കി വ്യാവസായികസംരംഭങ്ങളിൽ ഏർപ്പെടുന്നതിനു പലരും മടിക്കുകയാണ്. കമ്മ്യൂണിസ്റ്റുകളുടേയും മററു വിപ്ലവകക്ഷികളുടേയും ദുഷ്പ്രേരണകൾക്കു വശംവദരായിത്തീർന്നിട്ടുള്ള തൊഴിലാളിവിഭാഗം ന്യായരഹിതമായി പലപ്പോഴും വ്യവസായപ്രവർത്തനങ്ങളെ സ്തംഭിപ്പിച്ചു വ്യവസായ ഉടമകളെ നിരാധാരമാക്കുന്ന ദുരനുഭവവും ഒട്ടും അപൂർവ്വമല്ല. ഇപ്രകാരം പല തരത്തിൽ നാടിന്റെ പുരോഗതിക്കത്യന്താപേക്ഷിതമായ വ്യവസായവല്ക്കരണം ഇന്നു ഗുരുതരമായ ഒരു പ്രശ്നമായിത്തീർന്നിരിക്കുകയാണ്. പരിശുദ്ധ മാർപ്പാപ്പാ കഴിഞ്ഞ മാസത്തിൽ അവിടുത്തെ സന്ദർശിച്ച ഇററാലിയൻ കോൺഫെഡറേഷൻ ഓഫ് കോമേഴ്സ് എന്ന സംഘടനാപ്രതിനിധികളോടു ചെയ്ത ഒരു പ്രസംഗത്തിൽ ഈ വിഷയം സമ്യക്കായി പ്രതിപാദിച്ചിരുന്നു. ഇക്കാര്യത്തിൽ സവിശേഷം ശ്രദ്ധാർഹമായിരിക്കുന്നു:- "സ്വതന്ത്രമായി ഒരു പ്രവർത്തനം തുടരുന്നതിൽനിന്നു, സങ്കീർണ്ണങ്ങളായ ഒട്ടുവളരെ നിയമങ്ങൾകൊണ്ടോ, നിയന്ത്രണങ്ങൾകൊണ്ടോ, ക്രമത്തിലധികമായ നികുതിചുമത്തൽകൊണ്ടോ വ്യവസായപ്രവർത്തകരെ വിഘാതപ്പെടുത്തരുത്. അവർ വളരെ ഭാരിച്ചതും പല തരത്തിലുള്ളതുമായ നികുതികൾകൊണ്ട് ഞെരുക്കപ്പെടുകയില്ല എന്നും ന്യായമായി അവർക്കു ലഭിക്കേണ്ട ലാഭത്തിൽനിന്നും [illegible] വിട്ടുകൊടുക്കേണ്ടിവരികയില്ല എന്നുമുള്ള വിശ്വാസം നിലനിർത്തത്തക്ക ഉറപ്പുകൾ അവർക്കുണ്ടാകേണ്ടതു അവരുടെ ഒരവകാശമാണ്. ഗവമ്മെന്റുകൾ ജാഗ്രതരായിരിക്കേണ്ടതും ആവശ്യമാണ്. പക്ഷെ അതെപ്പോഴും വ്യവസായികളുടേയും പൊതുജനങ്ങളുടേയും താല്പര്യങ്ങൾക്കു ഗുണകരമായവിധത്തിലായിരിക്കണം. സ്വകാര്യസംരംഭങ്ങളെ ശ്രദ്ധിച്ചും ആവശ്യമുള്ളപക്ഷം സഹായിച്ചും അവയെ പരിപുഷ്ടിപ്പെടുത്തുന്ന ഒരു നയം സ്വീകരിക്കുന്നതാണ് സ്റ്റേററിനു അഭിലഷണീയമായിട്ടുള്ളത് എന്നത്രെ നമ്മുടെ അഭിമതം. അവ ഫലപ്രദമായും വിജയപ്രദമായും പ്രവർത്തിക്കുന്ന രംഗങ്ങളിൽ സ്റ്റേററ് അവയെ കൈയടക്കുന്നതിനും ഏറെറടുക്കുന്നതിനും ശ്രമിക്കരുത്", എന്നിങ്ങനെയാണ് പരിശുദ്ധ പിതാവ് വ്യവസായികനയത്തെ വിശദീകരിച്ചത്. തുടർന്നു അവിടുന്നു സാമൂഹികസുരക്ഷിതത്വത്തെ ഊന്നിക്കൊണ്ടു വ്യവസായപ്രവർത്തകരെ ഇങ്ങനെ ഉൽബോധിപ്പിച്ചു:- "വ്യവസായപ്രവർത്തകർ സമുദായത്തിലെ എല്ലാവിധ വിഭാഗങ്ങൾക്കും അവരുടെ സാമ്പത്തികസാഹചര്യങ്ങളിൽ വിഷമതകൾ ഉണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട ഉറപ്പുകൾ അവക്കു കൊടുക്കേണ്ടതു അവശ്യാവശ്യമാണ്. ജോലിക്കും ശമ്പളത്തിനും ഉറപ്പുണ്ടാകണം; രോഗത്തിലും മററു ആവശ്യങ്ങളിലും അവക്കു വേണ്ടതായ സംരക്ഷണങ്ങൾക്കുള്ള മാർഗ്ഗങ്ങളുണ്ടാകണം. ഈദൃശമായ ഒരു സാമൂഹികസുരക്ഷിതത്വം പല കേസുകളിലും വേണ്ടവിധത്തിൽ പ്രാവർത്തികമായിട്ടില്ലെന്നും ദുസ്സഹമായ സാമ്പത്തികക്ലേശങ്ങളെ നിവാരണംചെയ്യുന്നതിനോ സാമൂഹികവ്രണങ്ങളെ സുഖപ്പെടുത്തുന്നതിനോ അവക്കു സാധിച്ചിട്ടില്ലെന്നും പറയാതെ തരമില്ല. പക്ഷെ ഈ സുരക്ഷിതത്വം ഭദ്രമാക്കുന്നതിനുവേണ്ടി വ്യവസായത്തിന്റെ സുകരമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയോ, പുതിയ സംരംഭങ്ങൾക്കുള്ള ഉത്സാഹത്തെ ഹനിക്കുകയോ, വ്യവസായപ്രവർത്തകരെ നിരാശപ്പെടുത്തത്തക്ക അനാവശ്യങ്ങളായ ഭാരിച്ച നിയന്ത്രണങ്ങൾ അവരുടെമേൽ കെട്ടിവയ്ക്കുകയോ ചെയ്യാതിരിക്കുക എന്നതു വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഗതിയാണ്." പരിശുദ്ധ മാർപ്പാപ്പായുടെ ഈ നിർദ്ദേശത്തിൽ വ്യവസായരംഗത്തിൽ ദീക്ഷിക്കപ്പെടേണ്ട ഏററം പ്രധാനമായ തത്വങ്ങൾ സംക്ഷിപ്തമായി ഉള്ളടക്കിയിരിക്കുകയാണ് എന്നു പ്രത്യേകം എടുത്തുപറയേണ്ട ആവശ്യമില്ലല്ലോ. ഈ ആദർശം നിഷ്ഠയായി പാലിക്കപ്പെടുകയാണെങ്കിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ ഭാരതത്തിലെ വ്യവസായസംരംഭങ്ങൾ അതിവേഗത്തിൽ വളരെ മികച്ച ഒരു സ്ഥാനത്തെത്തിച്ചേരുമെന്നു ന്യായമായി നമുക്കു പ്രതീക്ഷിക്കാം.

### വ്യവസായരംഗത്തെ മാതൃകാപരമായ ഒരു സംരംഭം

വ്യവസായലോകത്തിൽ അവസാനമില്ലാത്ത അവകാശവാദകോലാഹലങ്ങളും പിടിച്ചുപറികളും ഒരു ഭാഗത്തും, സമരസ്യത്തോടുകൂടിയതും നീതിയുക്തവുമായ ഒത്തുതീർപ്പുശ്രമങ്ങൾ മറുഭാഗത്തും, സങ്കുചിതവും വക്രദൃഷ്ടിയോടുകൂടിയതുമായ സ്വാർത്ഥതയുടെ വിക്രിയകൾ മറുഭാഗത്തുമായി മല്ലടിക്കുന്നതിനു തുടങ്ങിയിട്ടു കാലം കുറെ ആയി. ഓരോ കക്ഷിയും ഉന്നയിക്കുന്ന അധികാരാവകാശവാദങ്ങളെല്ലാം ശരിയായി വിവേചിച്ചും വിലയിരുത്തിയും ഒരു കർമ്മപദ്ധതിയിലേക്കു വ്യവസായികൾ പ്രവേശിച്ചെങ്കിൽ മാത്രമേ ദുർഘടമായ ഈ പ്രശ്നം പരിഹൃതമാവുകയുള്ളു. ഈവിധത്തിലുള്ള ഒരു സംരംഭമാണ് ഇംഗ്ലണ്ടിലെ കത്തോലിക്കാ മാനേജരന്മാരുടേയും വ്യവസായപ്രവർത്തകരുടേയും ഒരു സംഘടന ഈയിടെ സമാരംഭിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നത്. അവരുടെ പ്രവർത്തനലക്ഷ്യം ഒരു ലഘുലേഖയിൽ അവർ വിശദമാക്കിയിരിക്കുന്നു. ഇംഗ്ലണ്ടിൽ വ്യവസായപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനു ഉത്തരവാദിതപ്പെട്ട സംഘടനയിലെ അംഗങ്ങളെന്ന നിലയിൽ ആധുനികങ്ങളായ വ്യാവസായികപ്രശ്നങ്ങളെ ശരിയായി പഠിച്ചറിയുന്നതിനു സാധിച്ചിട്ടുള്ളവരാണ് ഈ സംരംഭത്തിന്റെ ഉപജ്ഞാതാക്കൾ. എണ്ണത്തിൽ ചുരുങ്ങുമെങ്കിലും വ്യാവസായികപ്രശ്നങ്ങളുടെ പരിഹാരത്തിൽ ശ്രദ്ധാവധാനരായ വിദഗ്ദ്ധന്മാരെ ഉൾക്കൊള്ളുന്ന ഈ സംഘടനയിൽനിന്നു വ്യവസായലോകത്തിൽ ഒരു നവീകരണം പ്രതീക്ഷിക്കുന്നതിൽ അസാംഗത്യമില്ല. വ്യവസായം സംബന്ധിച്ചു അവരുടെ ജീവിതത്തേയും പ്രവർത്തനങ്ങളേയും അവരുടെ മതശാസനകൾക്കനുസരിച്ചു രൂപവല്കരിക്കുന്നതിനും മററുള്ളവരിലും മാതൃകമൂലം ഇതനുകരിക്കുന്നതിനു വേണ്ട പ്രേരണ ചെലുത്തുന്നതിനുമാണ് ധീരന്മാരും ദൃഢചിത്തരുമായ ഈ സംഘടനാംഗങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. ഈ സംരംഭം എത്രമാത്രം സദുദ്ദേശപൂരിതമായാലും, അതിലെ അംഗങ്ങൾ എത്ര സന്മനസ്സുള്ളവരായാലും, ഗൗരവമായ പ്രതിബന്ധങ്ങളുടേയും വിഷമതകളുടേയും പരാജയങ്ങളുടേയും മുമ്പിൽ അതു ശിഥിലീകൃതമാകാവുന്ന സാദ്ധ്യതകളെ അവർ വിസ്മരിക്കുന്നില്ല. എങ്കിലും തല്ക്കാലം വിജയിച്ചാലും പരാജയപ്പെട്ടാലും തരക്കേടില്ല; അവശ്യം പരീക്ഷിക്കപ്പെടേണ്ടതും, പല പല പരീക്ഷണങ്ങളുടെ ഫലമായി പരമമായി പരിപൂർണ്ണവിജയത്തിൽ എത്തിച്ചേരേണ്ടതുമായ ഒരു സംരംഭമാണിതെന്നതിൽ അഭിപ്രായാന്തരത്തിനു മാർഗ്ഗമില്ല. വ്യവസായരംഗത്തിലെ കത്തോലിക്കാ അൽമായപ്രേഷിതത്വത്തിന്റെ പ്രാവർത്തികപദ്ധതിയാണിതെന്നുള്ളതാണ് ഈ സംരംഭത്തിന്റെ പ്രാധാന്യം. ഈ ആദർശം സമുദായത്തിൽ "ഉറ"പോലെയുള്ള പ്രവർത്തനം സാധിക്കുകയും സാകല്യേന അതുപ്രയോഗത്തിൽ വരുത്തുന്നതിനുള്ള പരിതസ്ഥിതികൾ സൃഷ്ടിക്കുകയും ചെയ്യണം. തൊഴിലാളികൾ സംഘടിക്കുക എളുപ്പമാണ്. എന്നാൽ മാനേജുമെന്റുകൾ ഒരു നേതൃത്വത്തിൽ ഒന്നിക്കുക കൂടുതൽ വിഷമമത്രെ. അവരോരോരുത്തരും അവരവരുടെ സ്വാതന്ത്ര്യമാനങ്ങളിലും, സ്വന്തമായ പ്ലാനുകളിലും ആശ്രയിക്കുന്നവരും ആജ്ഞാപിക്കുന്നതിനുമാത്രം ശീലിച്ചിട്ടുള്ളവരുമാണ്. അതുകൊണ്ടു സംഘാതമായി ചിന്തിക്കുന്നതിനും പൊതുവായ ആദർശങ്ങളെ ആലംബമാക്കി സഹകരിച്ചുപ്രവർത്തിക്കുന്നതിനും അവക്കു രുചി കേവലം കുറവാണ്. പരിതസ്ഥിതികളുടെ സമ്മർദ്ദങ്ങൾക്കു അവർ അധീനരാകുമ്പോൾ എല്ലാ മാർഗ്ഗങ്ങളും സ്വീകരിച്ചു ലക്ഷ്യം നേടുക എന്ന മനസ്ഥിതിയിലേക്കു അവർ വഴുതിവീഴുകയും ചെയ്യുന്നു. ഏതാദൃശമായ വിപത്തുകളെ ദൂരീകരിക്കുന്നതിനും ശരിയായ അടി-

# മാനേജർമാർക്കു അദ്ധ്യാപകന്മാരെ പിരിച്ചുവിടുവാൻ അധികാരമുണ്ട്

## മദ്രാസ് ഹൈക്കോടതിയുടെ ഒരു വിധി

പിരിച്ചുവിട്ട മൂന്നു അദ്ധ്യാപകന്മാരെ തിരിച്ചെടുക്കുവാൻ മലബാറിൽ തെക്കേ അഴിക്കോട്ടു ഹയർ എലിമെൻററി സ്കൂൾ മാനേജരോട് ആവശ്യപ്പെട്ടുകൊണ്ടു വടക്കേ മലബാർ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസറും, ഡിവിഷനൽ ഇൻസ്പെക്ടർ ഓഫ് സ്കൂൾസും പുറപ്പെടുവിച്ചിരുന്ന ഉത്തരവുകളെ റദ്ദാക്കിക്കൊണ്ടു മദ്രാസ് ഹൈക്കോടതി ജസ്റ്റിസ് മി. എൻ. ഗോപാലൻ അയ്യങ്കാർ വിധി പ്രസ്താവിച്ചിരിക്കുന്നു. മാനേജർ സമർപ്പിച്ച റിട്ട്ഹർജി സ്വീകരിച്ചുകൊണ്ടാണ് ഈ ഉത്തരവുണ്ടായിരിക്കുന്നതു്.

മെ. ശ്രീധരൻ, കുഞ്ഞിരാമൻ നായർ, നാരായണൻ നായർ, എന്നിവർ പ്രസ്തുത ഹയർ എലിമെൻററി സ്കൂളിലെ സഹായാദ്ധ്യാപകന്മാരായിരുന്നു. ഒരു അദ്ധ്യാപക സമ്മേളനത്തിൽ ഈ മൂന്നു അദ്ധ്യാപകന്മാരും അപമര്യാദയായി പെരുമാറിയെന്നു മറ്റൊരു അദ്ധ്യാപകൻ മാനേജരുടെ അടുക്കൽ പരാതിപ്പെട്ടു. മാനേജർ അതേപ്പററി അന്വേഷണം നടത്തുകയും, അദ്ധ്യാപകർ കുററക്കാരാണെന്നു കാണുകയാൽ അവരെ സർവീസിൽനിന്നു പിരിച്ചയക്കുകയും, വിവരം അധികാരികളെ മെയ്യപ്പെടുത്തുകയും ചെയ്തു.

വിദ്യാഭ്യാസാധികാരികളുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയില്ലെന്നുള്ള കാരണത്താൽ, ആ അദ്ധ്യാപകന്മാരെ തിരിച്ചു നിയമിക്കുവാൻ ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ മാനേജരോട് ആവശ്യപ്പെട്ടു. അങ്ങനെ ചെയ്യാത്തപക്ഷം എലിമെൻററി എഡ്യൂക്കേഷൻ ചട്ടങ്ങളനുസരിച്ച് നടപടി നടത്തുന്നതാണെന്നും ഉത്തരവിൽ പറഞ്ഞിരുന്നു. മാനേജർ ഡിവിഷനൽ ഇൻസ്പെക്ടരുടെ പക്കൽ അപ്പീൽ ബോധിപ്പിച്ചു. ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസരുടെ ഉത്തരവിനെ അദ്ദേഹം സ്വീകരിക്കുകയാണു് ചെയ്തതു്. അദ്ധ്യാപകന്മാരെ ഉടനെ തിരികെ നിയമിച്ചില്ലെങ്കിൽ കർശനനടപടികളെടുക്കുമെന്നു ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു.

മാനേജർ ഉടനെ ഈ ഉത്തരവുകളുടെ സാധുതയെ ചോദ്യം ചെയ്തുകൊണ്ടു മദ്രാസ് ഹൈക്കോടതിയിൽ ഒരു റിട്ട്ഹർജി സമർപ്പിച്ചു. എലിമെൻററി എഡ്യൂക്കേഷൻ റൂൾസ് 13-ാം വകുപ്പനുസരിച്ചാണു് മാനേജർ നടപടിയെടുത്തിട്ടുള്ളതു്. അദ്ധ്യാപകന്മാരുടെ മേൽ മാനേജ്മെൻറിനു എടുക്കാവുന്ന ശിക്ഷണനടപടികളെപ്പററിയാണു് ആ വകുപ്പിൽ പറയുന്നതു്. ആ വകുപ്പനുസരിച്ചു മനഃപൂർവ്വമായ കർത്തവ്യവിലോപമോ ഗുരുതരമായ അനുസരണയില്ലായ്മയോ കണ്ടാൽ, നോട്ടീസ് കൂടാതെ തന്നെ ഒരു സ്ഥിരം അദ്ധ്യാപകനെ പിരിച്ചുവിടുന്നതിനു് മാനേജ്മെൻറിനു അധികാരമുണ്ടു്. അപ്രാപ്തി, കായികമായ അശക്തത, വ്യയന്യൂനീകരണം മുതലായ കാരണങ്ങൾക്കു മൂന്നു മാസത്തെ നോട്ടീസ് കൊടുത്തും പിരിച്ചുവിടാം.

അദ്ധ്യാപകന്മാരുടെ സേവനം അവസാനിപ്പിക്കുവാൻ മാനേജ്മെൻറിനുള്ള അധികാരം, ഡിപ്പാർട്ടുമെൻറു പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ വഴി വ



"കർത്താവിൽ നിദ്രപ്രാപിക്കുന്നവർ ഭാഗ്യവാന്മാർ"

പുത്തൻപള്ളി തളിയത്തു് ഉമ്മിനി പൗലോ

ജനനം 1883 ഡിസംബർ 16

മരണം 1954 മാർച്ച് 27

"ദയാപരനായ ഈശോയേ! ഇയാളുടെ ആത്മാവിനു് നിത്യാശ്വാസം കൊടുത്തരുളേണമേ."

(300 ദി. ദ. വി)

R. I. P.

ക്കോ ഡിവിഷനൽ ഇൻസ്പെക്ടർക്കോ തെളിയിക്കുവാൻ സാധിച്ചാൽ അവരുടെ ഉത്തരവുകൾ ശരിയായിട്ടുള്ളതും ചോദ്യം ചെയ്യപ്പെടത്തക്കതല്ലാത്തതുമായിരിക്കും. എന്നാൽ 13-ാം ചട്ടമനുസരിച്ച്, ആ ചട്ടത്തിൽ പറയുന്ന കാരണങ്ങൾക്കു്, ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരുടെ മുൻകൂട്ടിയുള്ള അംഗീകാരം കൂടാതെ, ഏതെങ്കിലും ജോലിക്കാരനെ പിരിച്ചുവിടുവാൻ മാനേജ്മെൻറിനു അധികാരമുണ്ടെങ്കിൽ, "ഏതെങ്കിലും ഡിപ്പാർട്ടുമെൻറു് നിർദ്ദേശങ്ങൾക്കോ, ഉത്തരവുകൾക്കോ, അതിനെ ഭേദപ്പെടുത്തുവാൻ എങ്ങനെ കഴിയുമെന്നു എനിക്കു മനസ്സിലാകുന്നില്ല."

### വിജ്ഞാപനം

"വലിയ ആഴ്ച" പ്രമാണിച്ചു ആപ്പീസ് ഒഴിവാകയാൽ അടുത്ത ബുധനാഴ്ച (4—4—56) പത്രം പുറപ്പെടുന്നതല്ല.

എയിഡഡ് വിദ്യാലയങ്ങളുടെ മാനേജ്മെൻറിൻെറ അധികാരങ്ങൾ വെട്ടിച്ചുരുക്കണമെന്നുള്ളതാണു് യഥാർത്ഥമായ ഉദ്ദേശമെങ്കിൽ, അതു ചട്ടങ്ങൾക്കു ഒരു ഭേദഗതിയായിട്ടാണു നടപ്പിൽ വരുത്തേണ്ടിയിരുന്നതു്. മാത്രമല്ല, വിദ്യാഭ്യാസാധികാരികൾ ഹാജരാക്കിയിട്ടുള്ള എതിർസത്യവാങ്മൂലത്തിൽ, ചട്ടം ഭേദപ്പെടുത്തുവാൻ ആലോചിച്ചുവരുന്നതേയുള്ളു എന്നു പ്രസ്താവിച്ചിട്ടുണ്ടു്. യഥാർത്ഥത്തിൽ ഭേദപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. അതു് ഇപ്പോൾ ഒരു ഉദ്ദേശ്യം മാത്രമാണു്. നടപ്പിൽ വരുത്തിയിട്ടില്ല. ഈ സ്ഥിതിയിൽ വിദ്യാഭ്യാസാധികൃതരുടെ ഉത്തരവുകൾ എങ്ങനെ നിലനില്ക്കുമെന്നും, ഹർജിക്കാരനെ എങ്ങനെ ശിക്ഷിക്കാൻ സാധിക്കുമെന്നും ബ. ജസ്റ്റിസ് ചോദിക്കുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ വിദ്യാഭ്യാസാധികാരികളുടെ ഉത്തരവിനു നിയമപരമായ യാതൊരു അടിസ്ഥാനവുമില്ല. ചട്ടം പരിപൂർണ്ണമാണു്.

ആകയാൽ ബ. ജസ്റ്റിസ് വിദ്യാഭ്യാസാധികാരികളുടെ രണ്ടു ഉത്തരവുകളും റദ്ദ് ചെയ്തിരിക്കുന്നു. മാനേജർക്കു അദ്ദേഹത്തിൻെറ ചെലവു കൊടുക്കുവാനും വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ടു്.

(അപ്പാടേശ)

ളരെയധികം നിയന്ത്രിച്ചിട്ടുണ്ടെന്നായിരുന്നു വിദ്യാഭ്യാസാധികൃതരുടെ വാദം. ഈ നിർദ്ദേശങ്ങളനുസരിച്ച്, ഏതെങ്കിലും അദ്ധ്യാപകനെ പിരിച്ചുവിടുന്നതിനു മുൻപു് മാനേജ്മെൻറു് അവശ്യം വിദ്യാഭ്യാസാധികൃതരുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്നും, വിവാദസ്കൂൾ മാനേജർ ഈ നിർദ്ദേശം പാലിച്ചിട്ടില്ലെന്നും, അതിനാൽ മൂന്നു അദ്ധ്യാപകരെ പിരിച്ചുവിട്ടുകൊണ്ടുള്ള അദ്ദേഹത്തിൻെറ ഉത്തരവു നിലനില്ക്കത്തക്കതല്ലെന്നുമായിരുന്നു വിദ്യാഭ്യാസാധികൃതരുടെ വാദം.

ബ. ജസ്റ്റിസ് അദ്ദേഹത്തിൻെറ വിധിന്യായത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഏതെങ്കിലും ജോലിക്കാരെ പിരിച്ചുവിടുന്നതിനു മുൻപു വിദ്യാഭ്യാസാധികാരികളുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കണമെന്നു ഏതെങ്കിലും ചട്ടമോ, നിയമസാധുതയുള്ള വ്യവസ്ഥയോ ഉണ്ടെന്നു ഡിസ്ട്രിക്ട് എഡ്യൂക്കേഷനൽ ഓഫീസർ



### സ്നേഹസ്മാരകം

റവ. മത്തായി ഊക്കൻ

| | |
|---|---|
| ജനനം | 1—2—1933 |
| സെമിനാരി പ്രവേശനം | 15—6—1951 |
| മരണം | 17—3—1956 |

"ചുരുങ്ങിയ കാലയളവിൽ പൂർണ്ണത പ്രാപിച്ചുകൊണ്ടു് അവൻ നെടിയകാലത്തെ കടമ നിർവ്വഹിച്ചു."

(Wis: III I, 3)

By the Seminarians of Trichur Diocese

ങ്ങളിൽ വ്യവസായരംഗത്തെ കെട്ടിപ്പടുത്തു് അതിനനുസരിച്ച ജീവിതനൈർമ്മല്യവും പ്രവർത്തനസാഫല്യവും കൈവരുത്തുന്നതിനുമാണു് ഈ പുതിയ സംരംഭം നിലകൊള്ളുന്നതെന്നു വസ്തുത ആധുനികകാലത്തിനു ഏററം ആവശ്യകമായ ഒരു സംഘടനയാക്കി അതിനെ ഉയർത്തുന്നു. ഈ അൽമായപ്രേഷിതത്വസരണി എല്ലാ രാജ്യത്തും എല്ലാ വ്യവസായരംഗങ്ങളിലും പ്രചരിച്ചു ഫലവത്തായി പ്രവർത്തിക്കുകയാണെങ്കിൽ വ്യവസായലോകത്തിൻെറ നവോത്ഥാനം അതു സാധിക്കുമെന്നതിൽ പക്ഷാന്തരമില്ല.

### അടുത്തയാഴ്ചയിൽ

മാർച്ച്

29 വ്യാ: തിരുവ്യാഴം

30 വെ: ദുഃഖവെള്ളി

31 ശ: ദുഃഖശനി

ഏപ്രിൽ

1 ഞാ: ഉയിർപ്പ്

2 തി: വി. ഫ്രാൻസിസ് പൗവുള

3 ചൊ: വി. റിച്ചർഡ്

4 ബു: വി. ഇസിദോർ

ആദ്ധ്യാത്മികവീഥി

# പരിത്യാഗം—എന്തിന്?

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ തപസ്സും പരിത്യാഗവും തമ്മിലുള്ള വ്യത്യാസം കണ്ടു. ചെയ്തുപോയ പാപത്തിനു പരിഹാരമായിട്ടും മേലിൽ പാപം ചെയ്യാതിരിക്കുന്നതിനുള്ള മാർഗ്ഗമായിട്ടുമാണു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു് എന്നതിൽ അടങ്ങിയിരിക്കുന്നുവെന്നു നാം കണ്ടു. പാപം ചെയ്യാതിരിക്കുന്നതിനു മാത്രമല്ല പുണ്യം ചെയ്യുന്നതിനും പരിത്യാഗം അത്യാവശ്യമാകുന്നു.

പ്രകൃത്യാ ദൈവം നമുക്കു നൽകിയിരിക്കുന്ന ജന്മവാസനകളെല്ലാം നല്ലതല്ലേ? പിന്നെ ന്തിനാണു് അവയെ ത്യജിക്കണമെന്നു പറയുന്നതു്? സാധാരണ ജന്തുക്കളും സസ്യങ്ങളുമെല്ലാം നൈസർഗ്ഗികവാസനയനുസരിച്ചല്ലയോ ജീവിക്കുന്നതു്. അവയുടെ പരിപൂർണ്ണത പ്രാപിക്കുന്നതിനു വാസനയനുസരിച്ചുള്ള ജീവിതം മതിയല്ലോ. മനുഷ്യനെ സംബന്ധിച്ചും അതുതന്നെ പറയരുതോ? എന്നു ചിലർ വാദിച്ചേക്കാം.

മനുഷ്യനും ഇതരജീവികളും തമ്മിൽ വലിയ ഒരന്തരമുണ്ടെന്നുള്ളതാണു് അതിനുള്ള സമാധാനം. ഇതരജീവികൾക്കില്ലാത്ത വിവേചനാശക്തി മനുഷ്യനുണ്ടു്. കാര്യകാരണങ്ങളെ തിരിച്ചറിയുന്നതിനുള്ള ബുദ്ധിയും, ഇഷ്ടംപോലെ എന്തെങ്കിലും ചെയ്യുന്നതിനു കഴിവുള്ള സ്വാതന്ത്ര്യമനസ്സും മനുഷ്യനുണ്ടു്. കൂടാതെ ഇതരജീവികൾക്കു മരണാനന്തരജീവിതമില്ല. മനുഷ്യനു അമർത്ത്യമായ ഒരാത്മാവുണ്ടു്. അവൻ ഇഹത്തിനുവേണ്ടിയല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. അവൻെറ താല്ക്കാലികമായ ഇഹലോകവാസം നിത്യമായ പരലോകജീവിതത്തിനുവേണ്ടിയുള്ള ഒരുക്കംമാത്രമാണു്. ഇതിനുംപുറമെ ആദിമാതാപിതാക്കന്മാരുടെ പാപംകാരണത്താൽ ഒരുകാലത്തു നിഷ്പ്രയാസം ബുദ്ധിക്കു കീഴ്പ്പെട്ടിരുന്ന നൈസർഗ്ഗികവാസനകൾ അതിനെതിരായി നിരന്തരസമരത്തിലേർപ്പെട്ടിരിക്കയാണിപ്പോൾ. മേല്പറഞ്ഞ കാരണങ്ങളാൽ ഇതരജീവികളുടേതിൽനിന്നു വ്യത്യസ്തപ്പെട്ട ഒരു ജീവിതരീതി മനുഷ്യൻ സ്വീകരിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ഇതരജീവികൾക്കു സ്വയം ചിന്തിച്ചു പ്രവർത്തിക്കുന്നതിനുള്ള ശക്തിയില്ലാത്തതിനാൽ സ്രഷ്ടാവുതന്നെ സ്വയസംരക്ഷണത്തിനും വംശസംരക്ഷണത്തിനും ആവശ്യമുള്ള ജന്മവാസനകൾ അവയ്ക്കു നൽകിയിരിക്കയാണു്. എന്തിനാണു് ഓരോന്നും ചെയ്യുന്നതെന്നു അവയ്ക്കു നിശ്ചയമില്ലെങ്കിലും വാസനയനുസരിച്ചു പ്രവർത്തിക്കുമ്പോൾ സ്രഷ്ടാവു കരുതിയിരിക്കുന്ന ഉദ്ദേശം സാധിക്കും. അതുകൊണ്ടാണു് അവയുടെ പൂർണ്ണത പ്രാപിക്കുന്നതിനു നൈസർഗ്ഗികവാസനമാത്രം മതിയായിരിക്കുന്നതു്.

വിശേഷബുദ്ധി മനുഷ്യൻെറ പ്രകൃതിയിൽതന്നെ ഉള്ളതാകയാൽ വാസനകളെമാത്രം ആശ്രയിക്കാതെ ബുദ്ധികൂടി ഉപയോഗിച്ചു ജീവിക്കുന്നതിനു അവൻ കടപ്പെട്ടവനാണു്. ഒരുദാഹരണംമാത്രം പറയാം. വളരെ തണുപ്പുള്ള ധ്രുവപ്രദേശങ്ങളിൽ വസിക്കുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും തണുപ്പിൽനിന്നു രക്ഷനേടുന്നതിനുതകുന്ന ആവരണങ്ങൾ പ്രകൃതിതന്നെ നൽകുന്നുണ്ടു്. മനുഷ്യനോ എന്നാൽ അവനാവശ്യമുള്ള വസ്ത്രങ്ങൾ സ്വന്തബുദ്ധി ഉപയോഗിച്ചുണ്ടാക്കി ധരിക്കേണ്ടിയിരിക്കുന്നു. ഇതുപോലെ മററെല്ലാ കാര്യങ്ങളിലും.

മനുഷ്യൻെറ ജന്മസാഫല്യത്തിനു് നൈസർഗ്ഗികവാസനകളെ ബുദ്ധിപൂർവ്വം നിയന്ത്രിക്കേണ്ടതുണ്ടു്. വിശദീകരണം അടുത്തതിൽ.

എന്നു

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

### കൃതജ്ഞത

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Mrs. ഏലമ്മ മത്തായി


## വിൻസെൻഷ്യൻ കോൺഗ്രിഗേഷൻ

ഈ കോൺഗ്രിഗേഷനിൽ ചേർന്നു് വൈദികരായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ കോൺഗ്രിഗേഷൻ വക പെററിസെമിനാരിയിൽ ചേരുവാനുള്ള അപേക്ഷകൾ താഴെ കാണുന്ന വിലാസത്തിൽ അയക്കുവിൻ. സ്കൂൾഫൈനലിൽ കുറയാത്ത പഠനം, സൽസ്വഭാവം, ആരോഗ്യം ഇവ അപേക്ഷകർക്കു് അനുപേക്ഷണീയം. സ്കൂൾഫൈനൽ യൂണിവേഴ്സിററി പരീക്ഷകൾക്കു ചേർന്നിരിക്കുന്നവർക്കും ഇപ്പോൾത്തന്നെ അപേക്ഷകൾ അയക്കാവുന്നതാണു്.

Rector, St. Vincent's Seminary, Angamaly





വാരാന്ത്യവീക്ഷണം

# ലോകനിരായുധീകരണം

ബ്രിട്ടൻ, കാനഡാ, ഫ്രാൻസ്, അമേരിക്ക, റഷ്യ എന്നീ വൻകിടരാഷ്ട്രങ്ങൾ തമ്മിൽ ലണ്ടനിൽവച്ചു കഴിഞ്ഞ തിങ്കളാഴ്ച നിരായുധീകരണസംഭാഷണങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഐക്യരാഷ്ട്രസംഘടനയുടെ ആഭിമുഖ്യത്തിലാണ് ഈ സംഭാഷണങ്ങൾ നടക്കുന്നത്. ഫ്രാൻസും ബ്രിട്ടനുംകൂടി അടുത്തകാലത്തു തയ്യാറാക്കിയിട്ടുള്ള നിരായുധീകരണനിർദ്ദേശങ്ങളെ ഈ സമ്മേളനം ചർച്ചചെയ്യുന്നതാണ്. ഈ നിർദ്ദേശങ്ങൾക്കു പൂർണ്ണമായ പിന്തുണ നൽകുന്നതിനു അമേരിക്ക ഒരുക്കമല്ല. റഷ്യയിലെ ഇസ്വെസ്തിയാപത്രം ഇവയെ സ്തുതിച്ച് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയതുകൊണ്ട് ഇവയ്ക്കു റഷ്യയുടെ ആനുകൂല്യം ലഭിച്ചേക്കാമെന്നു തോന്നുന്നു. നിരായുധീകരണപ്രശ്നത്തിൽ പശ്ചിമരാഷ്ട്രങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ കുറേക്കാലമായി നിലനിന്നുവരികയാണ്. പുതിയ ആംഗ്ലോ-ഫ്രഞ്ച് നിർദ്ദേശങ്ങളനുസരിച്ച് മൂന്നു കാലഘട്ടങ്ങളായി നിരായുധീകരണം സാധിക്കേണ്ടതാണ്. പുതിയ പദ്ധതിയുടെ മേൽനോട്ടം വഹിക്കുവാൻ പതിനഞ്ചു രാഷ്ട്രങ്ങളുടെ പ്രതിനിധികളടങ്ങിയ ഒരു കമ്മററി ഉണ്ടായിരിക്കും. ഈ കമ്മററി ഐക്യരാഷ്ട്രസംഘടനയ്ക്കും, സെക്യൂരിററികൗൺസിലിനും വിധേയമായിരിക്കയില്ല. അതുകൊണ്ട് "വീറേറാ" അധികാരം ഈ കമ്മിററിയുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയില്ല. ഒന്നാംഘട്ടത്തിൽ, ആക്രമിക്കപ്പെടുമ്പോഴല്ലാതെ ഒരു രാജ്യം അണുവായുധങ്ങൾ ഉപയോഗിച്ചുകൂടാ. ഈ കാലഘട്ടത്തിൽ ബ്രിട്ടൻ, ഫ്രാൻസ്, റഷ്യ, അമേരിക്ക, ചൈന എന്നീ പഞ്ചശക്തികൾ ഇപ്പോഴുള്ള ആയുധങ്ങളും സൈന്യശക്തിയും വർദ്ധിപ്പിക്കാതിരിക്കേണ്ടതാണ്. പഞ്ചശക്തികളിൽ പെടാത്ത രാഷ്ട്രങ്ങളുടെ സൈന്യശക്തി നിശ്ചയിക്കാൻ ഒരു ലോകനിരായുധീകരണസമ്മേളനം വിളിച്ചുകൂട്ടേണ്ടതാണ്. ഇതോടുകൂടി പഞ്ചശക്തികൾ തങ്ങളുടെ പക്കലുള്ള സാധാരണ ആയുധങ്ങൾ കുറവുചെയ്തു തുടങ്ങേണ്ടതുമാണ്. രണ്ടാമത്തെ ഘട്ടത്തിൽ, പഞ്ചശക്തികൾ സാധാരണ ആയുധങ്ങൾ 50 ശതമാനം കുറയ്ക്കേണ്ടതും, മററു രാഷ്ട്രങ്ങളും സൈനികശക്തി കുറയ്ക്കുന്നതിനു ആരംഭിക്കേണ്ടതും എല്ലാ രാഷ്ട്രങ്ങളും അണുവായുധങ്ങൾക്കുവേണ്ടിയുള്ള അസംസ്കൃതവിഭവങ്ങളുടെ ഉല്പാദനം അവസാനിപ്പിക്കേണ്ടതുമാണ്. മൂന്നാംഘട്ടത്തിൽ, എല്ലാ അണുവായുധപരീക്ഷണങ്ങളും നിരോധിക്കേണ്ടതാണ്. കൂടാതെ പഞ്ചശക്തികൾ സൈനികശക്തി പിന്നെയും 25 ശതമാനം ഈ കാലഘട്ടത്തിൽ കുറയ്ക്കേണ്ടതാണ്. ഇങ്ങനെ വളരെ വിശദമായതരത്തിലുള്ള ഒരു പദ്ധതിയാണ് ബ്രിട്ടനും ഫ്രാൻസുംകൂടി ഇപ്പോൾ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതി സ്വീകരിച്ചാൽ പശ്ചിമരാഷ്ട്രങ്ങളുടെ സൈനികശക്തിക്കും സുരക്ഷയ്ക്കും അത്യാപത്തായിരിക്കുമെന്നാണ് അമേരിക്ക പറയുന്നത്. അമേരിക്കകൂടി സമ്മതിക്കാത്ത ലോകനിരായുധീകരണം നടപ്പിൽ വരികയുമില്ല.

## റഷ്യയുടെ പുതിയ നയം

സ്റ്റാലിന്റെ ഭരണകാലത്ത് അദ്ദേഹം നിർദ്ദോഷികളായ അനേകായിരം റഷ്യൻ പൗരന്മാരെ കൊന്നൊടുക്കിയെന്നും പിഞ്ചുകുഞ്ഞുങ്ങളെപ്പോലും മർദ്ദനത്തിനിരയാക്കിയിട്ടുണ്ടെന്നും ലെനിന്റെ സിദ്ധാന്തങ്ങൾക്കെതിരായി ഗ്രൂപ്പുനേതൃത്വം അവസാനിപ്പിച്ച് ഏകാധിപത്യം നടപ്പിൽ വരുത്തിയെന്നും റഷ്യയുടെ സാമ്പത്തികമായും സാംസ്കാരികമായുമുള്ള പുരോഗതിയെ തടസ്സപ്പെടുത്തിയെന്നും അദ്ദേഹത്തിന്റെ ഭരണകാലമായ 30 വർഷം ഒരു ഭീകരവാഴ്ചയുടെ കാലമായിരുന്നെന്നും മററും റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒന്നാം സിക്രട്ടറിയായ ക്രൂഷ്ചേവ് അടുത്തകാലത്തു പാർട്ടി കോൺഗ്രസ്സിന്റെ ഒരു രഹസ്യസമ്മേളനത്തിൽ പ്രസംഗിക്കയുണ്ടായി. ഇപ്പോൾ ബ്രിട്ടണിൽ സന്ദർശനം നടത്തിവരുന്ന മലെങ്കോവ് ക്രൂഷ്ചേവ് പറഞ്ഞതിനെ അംഗീകരിക്കയും ഇനിയും റഷ്യയിൽ ഏകാധിപത്യഭരണമുണ്ടാകയില്ലെന്നു ഉറപ്പിച്ചുപറകയും ചെയ്തു. റഷ്യയിലെ മററു ചില നേതാക്കന്മാരും ക്രൂഷ്ചേവിന്റെ അഭിപ്രായങ്ങളെ അംഗീകരിച്ചു പ്രസംഗിച്ചിട്ടുണ്ട്. റഷ്യയിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ സ്വാഗതാർഹങ്ങളാണെന്നു പണ്ഡിററ് നെഹ്റു ഉൾപ്പെടെ അന്താരാഷ്ട്രീയരംഗത്തു പ്രശസ്തിയുള്ള പല പ്രമുഖവ്യക്തികളും ഇതിനകം പറഞ്ഞിട്ടുണ്ട്. എന്നാൽ റഷ്യയുടെ പുതിയ നയത്തെ സംശയത്തോടുകൂടിയാണ് അമേരിക്കൻ നേതാക്കന്മാർ വീക്ഷിക്കുന്നത്. അവരുടെ അഭിപ്രായം എന്താണെന്നു മി. ഡല്ലസ് ഈയിടെ ടോക്കിയോയിൽ വച്ചു വിശദീകരിക്കയുണ്ടായി. സോവ്യററ് നയത്തിന്റെ ഉപരിതലത്തിൽ മാത്രമാണ് മാററങ്ങൾ വന്നിട്ടുള്ളതെന്നും അടിസ്ഥാനനയം പഴയതുതന്നെയാണെന്നുമാണ് മി. ഡല്ലസ് പറഞ്ഞത്. ഇപ്പോഴത്തെ റഷ്യൻ നേതാക്കന്മാർ സ്റ്റാലിന്റെ നയത്തെ കുററപ്പെടുത്തുന്നുണ്ടെങ്കിലും അദ്ദേഹത്തിന്റെ കാലത്തും അതിൽപ്പിന്നെയും സൈബീരിയൻ തടങ്കൽ പാളയങ്ങളിലേക്ക് അന്യായമായും വിചാരണകൂടാതെയും അയക്കപ്പെട്ടിട്ടുള്ള ലക്ഷക്കണക്കിനുള്ള തടവുകാരിൽ ആരേയെങ്കിലും പുതിയ നയത്തിന്റെ ഫലമായി വിമോചിപ്പിച്ചതായി അറിയുന്നില്ല. റഷ്യൻ പൗരന്മാർക്കു ഇപ്പോഴുള്ള ചില സ്വാതന്ത്ര്യങ്ങൾകൂടി അവസാനിപ്പിക്കുവാൻ ക്രൂഷ്ചേവ് ശ്രമിച്ചുകൊണ്ടിരിക്കയാണെന്നു പറയപ്പെടുന്നുമുണ്ട്. ചുരുങ്ങിയ തോതിൽ സ്വന്തമായി കൃഷിചെയ്യുവാൻ റഷ്യൻ കർഷകർക്ക് ഇപ്പോൾ സ്വാതന്ത്ര്യമുണ്ട്. ഈ സമ്പ്രദായം അവസാനിപ്പിച്ച് അങ്ങനെയുള്ളവരെക്കൂടി കൂട്ടുകൃഷി വ്യവസ്ഥയിൽ കൊണ്ടുവരുവാനുള്ള ശ്രമം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇതൊക്കെ ചിന്തിക്കുമ്പോൾ പുതിയ നയത്തിൽ വലിയ കാര്യമുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## കൃതജ്ഞത

വി. ചെറുപുഷ്പത്തിന്റെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

എ. കെ. ജോർജ്ജ്, നെടുങ്ങാട്ട്

## ചരമവാർത്തകൾ

**കുമരകം:** വടക്കുംകരപള്ളി ഇടവക ആലുംപറമ്പിൽ കുര്യൻ അവിരാ ഫെബ്രുവരി 26-ാംനു- രാവിലെ 78-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ സ്വീകരിച്ചു കർത്താവിൽ നിദ്രപ്രാപിച്ചു. പിറേറദിവസം രാവിലെ 11 മണിക്കു സംസ്കാരകർമ്മം പരേതന്റെ പുത്രൻ ഫാദർ ഫിലിപ്പു ആലുംപറമ്പിൽ അവർകളുടെ കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. പരേതന്റെ മാതൃസഹോദരനായ മൊറാ റവ. മോൺ. ജേക്കബ് കട്ടക്കയം ഭവനത്തിലെത്തി ഒപ്പീസ് നടത്തി. റവ. ഡോക്ടർ എൽ. ജെ. ചിററൂർ ചരമപ്രസംഗം നടത്തി. ദേവാലയത്തിൽവച്ചു ചങ്ങനാശേരി രൂപതയുടെ വികാരി ജനറാൾ വെരി. റവ. ഫാദർ തോമ്മസ് പുതനപുര സെമിനാരിവിദ്യാർത്ഥികളുടെ സഹകരണത്തോടെ ഒപ്പീസ് നടത്തി.

**കറാഞ്ചിറ:** സ്ഥലം വിൻസെൻറു ഡി പോൾ സംഘം പ്രസിഡണ്ടു ശ്രീ എ എ ലോനപ്പൻ അവർകളുടെ പത്നി ശ്രീമതി റോസി തന്റെ 38-ാമത്തെ വയസ്സിൽ മാർച്ച് 15-ാംനു- വ്യാഴാഴ്ച രാത്രി നിര്യാതയായി. ശവസംസ്കാരം പിറേറദിവസം ഉച്ചതിരിഞ്ഞു 5 മണിക്ക് നടത്തപ്പെട്ടു.

R. I. P.

## ഇടവകവർത്തകൾ

(5-ാം പേജ് തുടർച്ച)

**അമയന്നൂർ:** മാർച്ച 19-ാം തിയതി സ്ഥലം സെൻറ് മേരീസ് പള്ളിയിൽവച്ചു വി. യൗസേപ്പുപിതാവിന്റെ തിരുനാൾ കൊണ്ടാടിയിരിക്കുന്നു. 19-ാംനു- മുതൽ 21-ാംനു-വരെ പൊതുധ്യാനവും 23-ാംതിയതി പതിമൂന്നുമണിയാരാധനയും നടത്തപ്പെട്ടു. ധ്യാനപ്രസംഗകൻ റവ. ഫാദർ ജോൺ ജോസഫ് അവർകളായിരുന്നു.

**പേരാമ്പ്ര:** സ്ഥലം സെൻറ് ആൻറണീസ് പ്രൈമറി വിദ്യാലയത്തിലെ സാഹിത്യസമാജത്തിന്റെ വാർഷികവും രക്ഷാകർതൃദിനവും 16-ാംനു- വെള്ളിയാഴ്ച 4 മണിക്ക് ടി വിദ്യാലയാങ്കണത്തിൽവെച്ചു ചാലക്കുടി പ്രൈമറി ആൻറ് മിഡിൽസ്കൂൾ ഇൻസ്പെക്ടർ ശ്രീ പി നാരായണമേനോൻ ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടുകയുണ്ടായി. തദവസരത്തിൽ ടി സ്കൂളിൽനിന്നും പിരിഞ്ഞുപോകുന്ന ശ്രീമതി എൻ കെ മറിയത്തിനു് ഒരു യാത്രയയപ്പു നൽകുകയുണ്ടായി. യോഗാനന്തരം കാഥികൻ തോമസ്സ് പുല്ലോക്കാരൻ ആൻറു പാർട്ടിയുടെ കഥാപ്രസംഗവും ഉണ്ടായിരുന്നു.

# വിവിധവൃത്താന്തങ്ങൾ

## യുവക്രിസ്ത്യൻ തൊഴിലാളി സംഘടനയ്ക്കു പേപ്പൽ അംഗീകാരം

മോൺസിഞ്ഞോർ ജോസഫ് കാർഡിജിൻ അവർകളാൽ സ്ഥാപിതമായതും ഇതിനകം 73 രാജ്യങ്ങളിൽ ശാഖകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുള്ളതുമായ ലോകപ്രസിദ്ധമായ യുവക്രിസ്ത്യൻ തൊഴിലാളിസംഘടനയുടെ നിയമാവലിക്കു പരിശുദ്ധ മാർപ്പാപ്പായുടെ അംഗീകാരം സിദ്ധിച്ചിരിക്കുന്നു. 1925 ലാണ് ഈ സംഘടന ആദ്യമായി ബെൽജിയത്തിൽ സമാരംഭിച്ചത്. ഇതിലെ അംഗങ്ങൾ തൊഴിൽസംബന്ധിച്ചു അവരുടെ പരിതസ്ഥിതികളിൽ സുവിശേഷപാഠങ്ങളേയും മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങളിൽ അടങ്ങിയിട്ടുള്ള നിർദ്ദേശങ്ങളേയും പ്രായോഗികമാക്കുന്നതിനു പരിശ്രമിക്കുന്നു.

## ഐറിഷ് മന്ത്രിസ്സർക്കു പേപ്പൽബഹുമതി

ഐറിഷ് വിദേശമന്ത്രി മി. ലിയാം കോസ്ഗ്രേവ് അവർകൾക്കു പരിശുദ്ധ പിതാവ് "ഗ്രാൻറു ക്രോസ് ഓഫ് ദി ഓർഡർ ഓഫ് പയസ്" എന്ന ബഹുമതിസ്ഥാനം നൽകിയിരിക്കുന്നു. പരിശുദ്ധ പിതാവിന്റെ 80-ാം ജന്മദിനം പ്രമാണിച്ചു റോമിൽ സന്നിഹിതരായിരുന്ന മന്ത്രി അവർകൾക്കും അദ്ദേഹത്തിന്റെ മാതാപിതാക്കന്മാർക്കും മാർപ്പാപ്പാ ഒരു രഹസ്യസന്ദർശനം അനുവദിച്ചു. ഈ സന്ദർശനവേളയിലാണ് ബഹുമതിദാനം നിർവ്വഹിക്കപ്പെട്ടത്. മന്ത്രി പരിശുദ്ധ മാർപ്പാപ്പായ്ക്കു സമർപ്പിച്ച തിരുമുൽക്കാഴ്ച ഐർലണ്ടിലുണ്ടാക്കിയ അതിമനോഹരമായ ഒരു സെററു പൂജാവസ്ത്രങ്ങളാണ്.

## പെറോൺ ഇനിയും അധികാരം മോഹിക്കുന്നു

അർജൻറീനായിൽനിന്നു രാജ്യഭ്രഷ്ടനാക്കപ്പെട്ടു ഇപ്പോൾ പനാമനഗരത്തിൽ അഭയാർത്ഥിയായി താമസിക്കുന്ന മുൻ പ്രസിഡൻറു പെറോൺ ഇനിയും അർജൻറീനായിൽ ഒരു പ്രതിവിപ്ലവം കുത്തിപ്പൊക്കുന്നതിനുള്ള ഉപജാപങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതായി പനാമായിൽനിന്നു പുറപ്പെടുന്ന "എൽ ലബാരോ" എന്ന പത്രം ആരോപിക്കുന്നു. പ്രസ്തുതപത്രത്തിന്റെ മുഖപ്രസംഗത്തിൽ പറയുന്നത് അഭയാർത്ഥിനിയമങ്ങൾക്കു വിരുദ്ധമായി അദ്ദേഹത്തിന്റെ ഏജൻറന്മാർ പനാമായിൽ ഇടയ്ക്കിടെ വന്നുകൊണ്ടിരിക്കുന്നുണ്ടെന്നും അർജൻറീനായിലുള്ള പെറോൺ കക്ഷിക്കാർക്കുള്ള രഹസ്യനിർദ്ദേശങ്ങളും നയപരിപാടികളും കൈമാറിക്കൊണ്ടിരിക്കുന്നുണ്ടെന്നുമാണ്. നയപരിപാടികളെ ഗ്രാമഫോൺ റിക്കാർഡുകളാക്കി പ്രചരിപ്പിക്കുന്നതായും പത്രം മനസ്സിലാക്കുന്നുണ്ട്. പരാഗ്വേയിൽനിന്നാണ് പെറോൺ പനാമായിലേക്കു താമസംമാററിയിട്ടുള്ളത്.

## 2000 കുടുംബങ്ങൾക്കു ഭവനങ്ങൾ

1952ൽ സ്പെയിനിലെ ബർസലോണായിൽവച്ചു നടന്ന 35-ാമത്തെ സാർവ്വലൗകിക ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ സ്മാരകമായി 2000 കുടുംബങ്ങൾക്കു താമസസൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനുള്ള ഒരു ഭവനനിർമ്മാണപദ്ധതിയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിൽ 600ൽ പരം ഭവനങ്ങളുടെ പണി പൂർത്തിയായി, താമസസൗകര്യങ്ങളില്ലാതിരുന്ന അത്രയും കുടുംബക്കാരെ മാററിപ്പാർപ്പിച്ചുകഴിഞ്ഞു. 10000 പേരുടെ അപേക്ഷകൾ കിട്ടിക്കഴിഞ്ഞിരിക്കുന്നു സ്ഥലത്തിനുവേണ്ടി.


## ഏകാന്തധ്യാനം


(Vocation Retreat)

St. Mary's Convent, Ernakulam

യുവതികൾക്കായുള്ള ഏകാന്തധ്യാനം (Vocation Retreat) ഏപ്രിൽ 11-ാംതിയതി ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു 15-ാംതിയതി ഞായറാഴ്ച കാലത്തു അവസാനിക്കുന്നതാണ്. ഭക്ഷണച്ചിലവു 8ക. ശയ്യോപകരണങ്ങൾ കൊണ്ടുവരണം.

Mother Superior,

St. Mary's Convent, Ernakulam-1

# പരിശുദ്ധ മാർപ്പാപ്പാ തിരുമനസ്സിലെ 1955—ലെ ക്രിസ്തുമസ്സ് സന്ദേശം

## ഓരോ മനുഷ്യജീവിതവും ക്രിസ്തുവിൽ സംയോജിക്കുകയും ഉറച്ചുനിൽക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത

(തുടർച്ച)

ഈ ചിന്ത സ്വയമേവ, എന്നും തീവ്രമായ സമാധാന പ്രശ്നത്തിലേക്കു നമ്മെ സമാനയിക്കുന്നു. സമാധാനപ്രശ്നം നമ്മുടെ ഹൃദയത്തിൽ എപ്പോഴും സ്ഥലം പിടിച്ചിരിക്കുന്ന ഒരു ഉൽക്കണ്ഠാവിഷയമാണ്; ഇന്നു അതിന്റെ ഭൗതികപ്രശ്നങ്ങളിൽ ഒന്നു പ്രത്യേകപരിഗണന ആവശ്യപ്പെടുകയും ചെയ്യുന്നു. ഒരു അന്താരാഷ്ട്രീയകരാർ മുഖേന അണുവായുധങ്ങളെക്കൊണ്ടുള്ള പരീക്ഷണങ്ങളിൽ ഒരു നിയന്ത്രണം ചെലുത്തുന്നതു സംബന്ധിച്ചു അടുത്ത കാലത്തുണ്ടായിരിക്കുന്ന ഒരു നിർദ്ദേശത്തിലേക്കു നമ്മുടെ ശ്രദ്ധയെ തിരിക്കുന്നതിനു നാം ഉദ്ദേശിക്കുന്നു. ഈ ആയുധങ്ങളുടെ ഉപയോഗം വേണ്ടെന്നു വെക്കുന്നതിനും, ഫലപ്രദമായ ഒരു ആയുധനിയന്ത്രണത്തിനു എല്ലാ സ്റ്റേറ്റുകളെയും വിധേയമാക്കുന്നതിനും പര്യാപ്തമായ പൊതുസമ്മതം വരുത്തുന്നതിലേക്കു വീണ്ടും നടപടികളെടുക്കുന്നതു സംബന്ധിച്ചും സംസാരമുണ്ടായിരിക്കുന്നു. അങ്ങനെ മൂന്നു നടപടികളുടെ പ്രശ്നമാണുണ്ടായിരിക്കുന്നതു്. അണുവായുധങ്ങളുടെ പരീക്ഷണം വേണ്ടെന്നു വെക്കുക; അത്തരം ആയുധങ്ങളുടെ ഉപയോഗം വേണ്ടെന്നു വെക്കുക; ആയുധങ്ങളെ പൊതുവേ നിയന്ത്രിക്കുക.

ഇത്തരം പ്രവർത്തനങ്ങളെപ്പററി എന്തു മുൻകൂട്ടിപ്പറയുവാൻ കഴിയുമെന്നാണു സയൻസ് വിചാരിക്കുന്നതെന്നു— അവയെ ഇവിടെ സംഗ്രഹിക്കുന്നതു പ്രയോജനകരമായിരിക്കുമെന്നു നാം കരുതുന്നു— ആലോചിക്കുന്നവർക്കു ഈ നിർദ്ദേശങ്ങളുടെ പരമപ്രാധാന്യം ദയനീയമായ വിധം വിശദീകൃതമാകുന്നതാണ്.

ആണവിക (ആററമിക്) സ്ഫോടനങ്ങളുടെ പരീക്ഷണങ്ങളെ സംബന്ധിച്ചിടത്തോളം, അവ വർദ്ധിപ്പിക്കുന്നപക്ഷം ഉണ്ടാകാവുന്ന ഫലങ്ങളെപ്പററി ഭയപ്പെടുന്നവരുടെ അഭിപ്രായത്തിനു കൂടുതൽ കൂടുതൽ സ്വീകാര്യത ലഭിച്ചുവരുന്നതായി കാണുന്നു. വളരെയധികം അത്തരം സ്ഫോടനങ്ങൾ, കാലക്രമത്തിൽ, അന്തരീക്ഷത്തിൽ റേഡിയോ ആക്ടിവ് ഉല്പന്നങ്ങളുടെ സാന്ദ്രത വർദ്ധിപ്പിക്കുന്നതാണ്. ആ ഉല്പന്നങ്ങളുടെ പ്രസരണം മനുഷ്യനിയന്ത്രണത്തിനു വിധേയമല്ലാത്ത ഘടകങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നതു്. അങ്ങനെ പല ജീവജാലങ്ങൾക്കും വളരെ ആപൽക്കരങ്ങളായ പരിതസ്ഥിതികൾ സംജാതമാക്കപ്പെടുന്നതാണ്.

ഉപയോഗത്തെ സംബന്ധിച്ചു്:

ഒരു അണുവിസ്ഫോടനത്തിൽ, ഏററം നിസ്സാരമായ ഒരു സമയത്തിനുള്ളിൽ, അനേകായിരം കോടി കിലോവാട്ടുകൾക്കു തുല്യമായ, അതിഭീമമായ ഒരു ശക്തിസമൂഹം വികസിതമാക്കപ്പെടുന്നു.

അനേകതരത്തിലുള്ള തരംഗദൈർഘ്യങ്ങൾക്കിടയിൽ വിതരണം ചെയ്യപ്പെട്ടിട്ടുള്ളതും ഏററവും ആഴത്തിൽ നുഴഞ്ഞിറങ്ങുന്നതുമായ വളരെയധികം സാന്ദ്രതയോടുകൂടിയതും, ആണവികവിഘടനത്താൽ ഉല്പാദിതവും ഏതാണ്ടു പ്രകാശത്തിന്റെ വേഗതയിൽ ക്ഷേപിതവുമായ പരമാണുപദാർത്ഥങ്ങളോടുകൂടിയതുമായ ഇലക്ട്രോമാഗ്നെററിക് പ്രസരണങ്ങളടങ്ങിയതാണ് ഈ ശക്തി. ഇതു അന്തരീക്ഷത്തിലേക്കു സ്ഥലം മാററപ്പെടുന്നു. അതോടുകൂടി, ഒരു വിനാഴികയുടെ ആയിരത്തിലൊന്നിന്റെ ഇടകൊണ്ടു ചുററുമുള്ള വായുസമൂഹത്തിന്റെ ഉഷ്ണസ്ഥിതി ശതഃകണക്കിനു ഡിഗ്രി വർദ്ധിപ്പിക്കപ്പെടുന്നു. അതോടുകൂടി വായുവിലുണ്ടാകുന്ന സ്ഥാനഭ്രംശം ക്ഷുബ്ധവും ശബ്ദത്തിന്റെ വേഗത്തിലുള്ളതുമാകുന്നു. ഭൂമിയുടെ ഉപരിതലത്തിൽ അനേകം ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിൽ അനൂഹ്യമായ പ്രചണ്ഡതയോടുകൂടിയ പ്രത്യാഘാതങ്ങൾ സംഭവിക്കുന്നു; നേരിട്ടുള്ള പ്രസരണംമൂലവും, ഉഷ്ണംമൂലവും, യാന്ത്രികപ്രവർത്തനം മൂലവും പദാർത്ഥങ്ങൾ വാതകങ്ങളായിത്തീരുകയും പൂർണ്ണമായി നശിക്കുകയും ചെയ്യുന്നു. അതേസമയം, വിവിധ ആയുർദൈർഘ്യങ്ങളോടുകൂടിയ, അതിഭീമമായ ഒരു സംഖ്യ റേഡിയോ ആക്ടിവ് സാധനങ്ങൾ, അവയുടെ പ്രവർത്തനം വഴി, നശീകരണം തുടരുകയും പൂർത്തിയാക്കുകയും ചെയ്യുന്നു.


പ്രഥമ

ചരമവാർഷികസ്മരണ



പരേതയായ
ശ്രീമതി അന്നമ്മ കുര്യൻ
(ചിന്നമ്മ)
ചാലിൽ, കോടിക്കുളം
ജനനം 26—2—1933
മരണം 29—3—1955
പരേതയുടെ ആത്മശാന്തിക്കുവേണ്ടി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം
R. I. P.
By her loving husband,
C. V. Kurian


അത്തരം ഉപയോഗത്തിന്റെ ഫലമായി ഭീതരായ നോട്ടക്കാർക്കു ലഭിക്കുന്ന കാഴ്ച ഇതാണ്: നഗരങ്ങൾ മുഴുവനായി, കലാപരമായും ചരിത്രപരമായും ഏററവും വലുതും സമ്പന്നവുമായവപോലും, നിർമ്മാർജ്ജനം ചെയ്യപ്പെട്ടിരിക്കുന്നു; ഛിന്നഭിന്നമാക്കപ്പെട്ട നഷ്ടശിഷ്ടങ്ങളിൽ, കത്തിയെരിഞ്ഞതും, കോടിമാടിയതും, ഛിന്നഭിന്നമായതുമായ അവയവങ്ങളോടുകൂടിയ നിർഭാഗ്യരെയും, മരണയാതനകളിൽ കിടന്നു ഞെരങ്ങുന്ന മററുള്ളവരെയും ആവരണം ചെയ്യുന്ന മരണമാകുന്ന മൂടുതുണി; അതേസമയം, റേഡിയോ ആക്ററിവ് മേഘമാകുന്ന ഭൂതം എന്തെങ്കിലും സഹായം നൽകുന്നതിൽനിന്നു അതിജീവിച്ചിരിക്കുന്നവരെ പ്രതിരോധിക്കുകയും, അവശേഷിച്ചിരിക്കുന്ന ജീവനും കെടുത്തിക്കളയുവാൻ നിഷ്ഠുരമായവിധം സഹായിക്കുകയും ചെയ്യുന്നു. യാതൊരു വിജയഗാനാലാപവും ഉണ്ടായിരിക്കയില്ല. ചുററുമുള്ള നിർജ്ജനതയിൽ, സ്വന്തം മഠയത്തരത്താൽ ഉണ്ടാക്കിത്തീർത്ത പരിണാമത്തെ ഉററുനോക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ മനംതകർന്നുള്ള കരച്ചിൽ മാത്രം ഉണ്ടായിരിക്കും.

നിയന്ത്രണം സംബന്ധിച്ചു്:

വിസ്തൃതങ്ങളായ ഭൂപ്രദേശങ്ങളിൽ എന്തെങ്കിലും ആണവികപ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്നു സൂക്ഷിക്കുന്നതിനുവേണ്ടി നല്ലവണ്ണം സജ്ജീകൃതമായ വിമാനങ്ങൾവഴിയുള്ള പരിശോധന നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ലോകവ്യാപകമായ തോതിലുള്ളതും, ഓരോന്നിലും വിവിധരാജ്യങ്ങളിൽപെട്ട വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാരടങ്ങിയതും, അവശ്യങ്ങളായ അന്താരാഷ്ട്രീയ ഉടമ്പടികളാൽ സുരക്ഷിതങ്ങളുമായ നിരീക്ഷണകേന്ദ്രങ്ങളുടെ ഒരു പരമ്പരയുടെ സാദ്ധ്യതയെപ്പററി മററുള്ളവർ ഒരുപക്ഷേ ചിന്തിച്ചേക്കാം. അത്തരം കേന്ദ്രങ്ങളിൽ, സൂക്ഷ്മവും നിയതവുമായ നഭശ്ശാസ്ത്രവും ഭൂചലനവും സംബന്ധിച്ച ഉപകരണങ്ങൾ, രാസികോൽഗ്രഹണത്തിനുവേണ്ട സാമഗ്രികൾ, വിസ്തൃതങ്ങളായ സ്പെക്ട്രോഗ്രാഫുകൾ മുതലായവ ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. ആണവികപരീക്ഷണരംഗത്തിൽ നേരത്തെതന്നെ കുററകരമാക്കപ്പെട്ടിരിക്കുന്ന പ്രവർത്തനങ്ങളിൽ എല്ലാററിന്റെയുമല്ലെങ്കിൽതന്നെ പലതിന്റെയും യഥാർത്ഥമായ നിയന്ത്രണം അവ സുസാദ്ധ്യമാക്കിത്തീർക്കണം.

അന്താരാഷ്ട്രീയകരാറിന്റെ ഒരു ലക്ഷ്യമെന്നനിലയിൽ, ഈ മൂന്നു പ്രതിവിധികളുടെയും ആകെത്തുക, രാഷ്ട്രങ്ങളുടെയും അവയുടെ നേതാക്കളുടെയും മനസ്സാക്ഷിയെ ബാധിക്കുന്ന ഒരു ചുമതലയാണെന്നു്, മുൻപ്രസംഗങ്ങളിൽ നാം ചെയ്തുപോലെ, പ്രഖ്യാപനം ചെയ്യുവാൻ നാം മടിക്കുന്നില്ല. ഈ പ്രതിവിധികളുടെ ആകെത്തുക എന്നു നാം പറഞ്ഞതിന്റെ കാരണം; അവ ധാർമ്മികമായി ബാധകമായിരിക്കുന്നതുപോലെതന്നെ. എല്ലാവർക്കും തുല്യമായ സുരക്ഷിതത്വം സ്ഥാപിക്കേണ്ടിയിരിക്കുന്നതുകൊണ്ടുമാകുന്നു. എന്നാൽ, പരീക്ഷണം നടത്തലിനെ സംബന്ധിച്ച ആദ്യത്തെ ആശയം മാത്രം നടപ്പിൽ വരുത്തുന്നപക്ഷം, അതിന്റെ ഫലം, ആ സ്ഥിതിതന്നെ, അങ്ങനെയാണെന്നു തെളിയിക്കപ്പെടുകയില്ലെന്നുള്ളതും, തദവസരം മററു രണ്ടു ആശയങ്ങളും നടപ്പിൽവരുത്തുവാനുള്ള ആത്മാർത്ഥമായ ആഗ്രഹത്തെ സംശയിക്കുന്നതിനു മതിയായ കാരണം നൽകപ്പെടുമെന്നുള്ളതുമാകുന്നു. നാം വളരെ തുറന്നു സംസാരിക്കുകയാണ്; കാരണം, സമാധാനത്തെ സംബന്ധിച്ച നിർദ്ദേശങ്ങളുടെ അപര്യാപ്തതയെന്ന വിപത്തു്, തല്പരശക്തികളുടെ പെരുമാററങ്ങളെ പലപ്പോഴും കലുഷിതമാക്കുന്ന മനസ്സികമായ ആശങ്കകളെയാണ് കൂടുതലായും ആശ്രയിച്ചിരിക്കുന്നതു്. മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ ഭവിതവ്യതയ്ക്കു് അടിസ്ഥാനമായിരിക്കുന്ന ഒരു കാര്യത്തിൽ, കപടോപായങ്ങൾ സ്വീകരിക്കുന്നെന്നു്, ആത്മാർത്ഥതയില്ലെന്നുപോലും പറഞ്ഞു് ഈ ശക്തികൾ ഓരോന്നും പരസ്പരം കുററാരോപണം ചെയ്യുകയാണ്.

സമാധാനത്തിനു വേണ്ടിയുള്ള യത്നങ്ങൾ, യുദ്ധം ചെയ്യുന്നതിനുള്ള സാദ്ധ്യതയെ നിയന്ത്രിക്കുന്നതിനു് ഉദ്ദേശിച്ചിട്ടുള്ള നടപടികളിൽമാത്രം അടങ്ങിയിരുന്നാൽ പോരാ; പ്രത്യുത യുദ്ധത്തിലേക്കു നയിച്ചേക്കാവുന്ന, രാഷ്ട്രങ്ങൾ തമ്മിലുള്ള വഴക്കുകളെ തടയുന്നതിനോ ഇല്ലാതാക്കുന്നതിനോ കാലംകൊണ്ടു ലഘൂകരിക്കുന്നതിനോ വളരെ കൂടുതലായിപ്പററിയ തരത്തിലുള്ളതുമായിരിക്കണം.

ഇത്തരം നിരോധനപരമായ സമാധാന സംസ്ഥാപനത്തിനു്, രാജ്യതന്ത്രജ്ഞന്മാർ, ആരോഗ്യപരമായ യാഥാതഥ്യത്തിന്റെ സീമകൾക്കുള്ളിൽതന്നെ, വളരെയധികം അവധാനതയോടുകൂടി, നിഷ്പക്ഷമായ നീതിയുടെയും ഔദാര്യത്തിന്റെയും ചൈതന്യത്താൽ പ്രചോദിതരായി, തങ്ങളെത്തന്നെ സമർപ്പിക്കേണ്ടിയിരിക്കുന്നു. യൂറോപ്യന്മാരും പൂർണ്ണമായ രാഷ്ട്രീയസ്വാതന്ത്ര്യം ആഗ്രഹിക്കുന്ന യൂറോപ്യന്മാരല്ലാത്തവരും തമ്മിലുള്ള ബന്ധങ്ങളിൽ പ്രകടമായിരിക്കുന്ന തർക്കവിഷയങ്ങളെന്തെന്നു കഴിഞ്ഞവർഷത്തെ ക്രിസ്തുമസ് സന്ദേശത്തിൽ നാം സൂചിപ്പിച്ചിരുന്നു. ആ തർക്കങ്ങളെ അങ്ങനെ അവയുടെ ഓട്ടം പൂർത്തിയാക്കുവാൻ അനുവദിക്കാമോ? അവയുടെ ഗൗരവത്തെ എളുപ്പം വർദ്ധിപ്പിക്കുകയും, മനുഷ്യരുടെ ഹൃദയങ്ങളിൽ വിദ്വേഷം വിതയ്ക്കുകയും, പരമ്പരാഗതമായ ശത്രുതയെന്നു പറയപ്പെടുന്നവ സംജാതമാക്കുകയും ചെയ്തേക്കാവുന്ന ഒരു നടപടിയാണതു്. മാത്രമല്ല, അത്തരം ശത്രുതകളിൽ മൂന്നാമതൊരു കക്ഷി—ഇരുകൂട്ടരും യഥാർത്ഥത്തിൽ ഇഷ്ടപ്പെടുന്നില്ലാത്തതും ഇഷ്ടപ്പെടുക സാദ്ധ്യമല്ലാത്തതുമായ മൂന്നാമതൊരുകക്ഷി—മുതലെടുക്കുന്നുവെന്നും വന്നുകൂടയോ? അതെങ്ങനെയായാലും, ന്യായവും പുരോഗമനപരവുമായ രാഷ്ട്രീയസ്വാതന്ത്ര്യം ഈ ജനതയ്ക്കു നിഷേധിക്കപ്പെടുകയോ, അതു സമ്പാദിക്കുവാനുള്ള അവരുടെ യത്നം നിരോധിക്കപ്പെടുകയോ ചെയ്യാതിരിക്കട്ടെ. തങ്ങളുടെ പുരോഗമനത്തിനുള്ള പ്രശംസ, യൂറോപ്പിനു് അവർ നൽകുന്നതാണ്. യൂറോപ്പിന്റെ എല്ലാ രംഗങ്ങളിലും വ്യാപിച്ചുകിടക്കുന്ന സ്വാധീനശക്തി ഇല്ലായിരുന്നുവെങ്കിൽ, അന്ധമായ ദേശീയത്വത്താൽ ആകൃഷ്ടരായി അവർ അനന്തശൂന്യതയിലോ അടിമത്തത്തിലോ ചെന്നു പതിക്കുമായിരുന്നു.

നേരെമറിച്ചു് പാശ്ചാത്യരാഷ്ട്രങ്ങൾ—പ്രത്യേകിച്ചു യൂറോപ്പിലെ രാഷ്ട്രങ്ങൾ—ഏതാദൃശപ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുമ്പോൾ, കഴിഞ്ഞ കാലത്തെപ്പററി നിഷ്ഫലമായി ഖേദിച്ചും, കൊളോണിയലിസത്തെപ്പററി പരസ്പരം കുററാരോപണം നടത്തിയോ നിശ്ചേഷ്ടരായി വർത്തിക്കുകയല്ലാ വേണ്ടതു്. പ്രത്യുത, മററു ഭൂഖണ്ഡങ്ങളിൽ വളരെയധികം സൽഫലങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള യൂറോപ്പിന്റെയും പാശ്ചാത്യനാടിന്റെയും യഥാർത്ഥമൂല്യങ്ങൾ, അവ വ്യാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ, വ്യാപിപ്പിക്കുന്നതിനുവേണ്ടി സൃഷ്ടിപരമായി പ്രവർത്തിക്കുന്നതിനു് അവർ തയ്യാറാകണം. യൂറോപ്യന്മാർ എത്രയധികമായി ഇതിനുവേണ്ടി ശ്രമിക്കുന്നുവോ അത്രയധികമായി യുവരാഷ്ട്രങ്ങളുടെ ന്യായമായ സ്വാതന്ത്ര്യത്തിനു് അവർ സഹായകമായിരിക്കുന്നതും, ആ യുവരാഷ്ട്രങ്ങൾ അങ്ങനെ അബദ്ധമായ ദേശീയത്വത്തിന്റെ ഗർത്തങ്ങളിൽനിന്നു രക്ഷിക്കപ്പെടുന്നതുമായിരിക്കും. വാസ്തവത്തിൽ അബദ്ധമായ ദേശീയത്വമാണ് അവരുടെ യഥാർത്ഥ ശത്രു. അതു്, മൂന്നാമതൊരു പാർട്ടിക്കു പ്രയോജനമുണ്ടാകത്തക്കവണ്ണം അവരെ തമ്മിൽ ഒരു ദിവസം, ശണ്ഠ പിടിപ്പിക്കുകതന്നെ ചെയ്യും. അവരുടെ സമാധാനസംബന്ധമായ പ്രശ്നങ്ങളെ കോൺഗ്രസ്സുകളിൽ കൈകാര്യം ചെയ്യുന്നവർക്കു് അടിസ്ഥാനരഹിതമല്ലാത്ത ഇത്തരമൊരു മുൻവിചാരം അവഗണിക്കുകയോ വിസ്മരിക്കുകയോ ചെയ്യാവുന്നതല്ല. നിർഭാഗ്യവശാൽ (അത്തരം കോൺഗ്രസ്സുകളിൽ) കേവലം ബാഹ്യവും വളരെയധികം നിഷേധാത്മകവുമായ ഒരു ഐക്യത്തിന്റെ ശോഭയാണു് അല്പാല്പം മിന്നിക്കാണുന്നതു്. അത്തരം പരിഗണനകളിലും അത്തരം നടപടിക്രമങ്ങളിലും സമാധാനത്തിനു് അമൂല്യമായ ഒരു ഉറപ്പ് ഉണ്ടായിരിക്കുന്നുവെന്നു നാം വിചാരിക്കുന്നു. ആ ഉറപ്പ് ചില കാര്യങ്ങളിൽ യുദ്ധം ഉടനെ നിരോധിക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നതാകുന്നു.


Thanksgiving
for a special favour
received



by the intercession of
St. Joseph and
Rev. Sr. Alphonsa
Fr. Paul Vadasery





ജോലിയിൽ നിന്നും വിരമിക്കുമ്പോൾ മുടങ്ങാതെ വരുമാനം ലഭിക്കുന്നതിനുള്ള മാർഗ്ഗം

ജോലിയിൽ നിന്നും വിരമിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കേണ്ടതിനുള്ള സമയം ഇപ്പോഴാണ്. മുടങ്ങാതെ ഒരു വരുമാനം ലഭിക്കുന്നതിനുവേണ്ടി സമ്പാദ്യങ്ങൾ പാലാ ബാങ്കിൽ സ്ഥിരനിക്ഷേപമായി സൂക്ഷിക്കുക. ആറുമാസം കൂടുമ്പോൾ ഉദാരമായ പലിശ കിട്ടുന്നതാണ്. കൂടുതൽ കാലാവധിയുള്ള നിക്ഷേപത്തിന് കൂടുതൽ പലിശ. നൂറുരൂപാമുതൽ മേല്പോട്ടുള്ള ഏതു സംഖ്യയും നിക്ഷേപിക്കാം.

ഇപ്പോഴത്തെ പലിശ നിരക്ക്

3 മാസത്തിന് 2½ ശതമാനം
6 മാസത്തിന് 3 ,,
1 കൊല്ലത്തിന് 3½ ,,
2 കൊല്ലത്തിന് 4 ശതമാനം
3 കൊല്ലത്തിന് 4½ ,,

"കൂടുതൽ പലിശ ലഭിക്കുന്ന സ്ഥിരനിക്ഷേപങ്ങൾ" എന്ന സൗജന്യ ലഘുലേഖയുടെ ഒരു പ്രതി ഇന്നുതന്നെ ആവശ്യപ്പെടുക.

പാലാ സെൻട്രൽ ബാങ്ക് ലിമിറ്റഡ്
ഹെഡ് ആഫീസ്: പാലാ
തിരുവിതാംകൂർ-കൊച്ചിയിൽ 19 ബ്രാഞ്ചുകൾ
PC. 2195

## ഉപസംഹാരം

പ്രിയപ്പെട്ട പുത്രീപുത്രന്മാരേ,

ഇന്നും ക്രിസ്തുവിന്റെ ജനനം ലോകത്തിലൂടെ ആനന്ദത്തിന്റെ കിരണങ്ങൾ പ്രസരിപ്പിക്കുകയും ഹൃദയത്തിൽ അഗാധമായ വികാരത്തെ തട്ടിപ്പിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതു് അനേകതലമുറ ജനങ്ങളുടെ അപരിമേയമായ ആഗ്രഹങ്ങൾ അവതീർണ്ണനായ ദൈവപുത്രന്റെ നിസ്സാരമായ പുൽത്തൊട്ടിയിൽ അടങ്ങിയിരിക്കുന്നതുകൊണ്ടാണു്. അങ്ങയിൽ, അങ്ങയോടുകൂടി, അങ്ങുവഴിയായി ആണു് മനുഷ്യജാതിയുടെ രക്ഷയും, സുരക്ഷിതത്വവും, ഭൗതികവും നിത്യവുമായ ഭാഗധേയവും. ആ പുൽത്തൊട്ടിയെ സമീപിക്കുന്നതിനും, ദൈവമനുഷ്യന്റെ പാഠവും മാതൃകയും നന്മയും വഴിയായി, തങ്ങളുടെ ശരിയായ വിഹിതം വരപ്രസാദവും ഈ ജീവിതത്തിനും വരുവാനിരിക്കുന്ന ജീവിതത്തിനും ആവശ്യമായ സാധനങ്ങളും പ്രാപിക്കുന്നതിനുമുള്ള മാർഗ്ഗം ഓരോ മനുഷ്യർക്കും വിശദമായിരിക്കുന്നു. വ്യക്തിപരമായ അലസതനിമിത്തമോ മററു പ്രതിബന്ധങ്ങൾമൂലമോ എവിടെ അതു ചെയ്യാതിരിക്കുന്നുവോ, അവിടെ മററു സ്ഥലങ്ങളിൽ അവ അന്വേഷിക്കുന്നതു നിഷ്പ്രയോജനമായിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നാനാവശത്തും തിന്മയുടേയും സ്വാർത്ഥതയുടേയും അഹങ്കാരത്തിന്റേയും പാപത്തിന്റേയും നൈരാശ്യത്തിന്റേയും അരക്ഷിതത്വത്തിന്റേയും അന്ധകാരം വളരെ അധികമായിരിക്കുന്നു.

ക്രിസ്തുവിൽനിന്നു മാർഗ്ഗവും സത്യവും ജീവനും അന്വേഷിക്കുവാൻ മനസ്സില്ലാത്ത ജനതകളുടെ, പദ്ധതികളുടെ, വ്യക്തികളുടെ നിരാശാജനകമായ അനുഭവങ്ങൾ എല്ലാം തനിക്കു തന്നെത്താൻ ചെയ്യാൻ കഴിയുമെന്നു വിചാരിക്കുന്നവർ ഗൗരവമായി പഠിക്കുകയും ധ്യാനിക്കുകയും ചെയ്യേണ്ടതാകുന്നു. സംസ്കാരസമ്പന്നവും ശക്തിമത്തും ഓജഃപൂർണ്ണവുമായ ഇന്നത്തെ മനുഷ്യവർഗ്ഗത്തിനു സുരക്ഷിതത്വത്തിലും സമാധാനത്തിലും അടിയുറച്ച ഭൗമികാനന്ദത്തിനു് ഒരുപക്ഷേ കൂടുതൽ അർഹത ഉണ്ടായിരിക്കുന്നു. എന്നാൽ അതിന്റെ പദ്ധതികളിലും ചർച്ചകളിലും ദൈവവും അവിടുത്തെ ക്രിസ്തുവും എന്ന ഏററവും ഉന്നതവും ഏററവും സ്വാധീനശക്തിയുള്ളതുമായ ഘടകത്തിനു സ്ഥാനമില്ലാത്തകാലത്തോളം, ആ ആനന്ദം അനുഭവവേദ്യമാക്കുവാൻ സാദ്ധ്യമാകുന്നതല്ല. എല്ലാം ക്രിസ്തുമസ്സിനും അവിടുന്നു ആത്മീയമായി പുൽത്തൊട്ടിയിലേക്കു പ്രത്യാഗമിക്കുകയും എല്ലാവർക്കും തന്നെത്തന്നെ നൽകുകയും ചെയ്യുന്നതുപോലെ ദൈവമനുഷ്യൻ മനുഷ്യരുടെ ഇടയിലേക്കു പ്രത്യാഗമിക്കട്ടെ. അവർ തങ്ങളുടെ നാഥനെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യട്ടെ. രക്ഷയിലേക്കും ആനന്ദത്തിലേക്കുമുള്ള മാർഗ്ഗം നാം കാണിച്ചുകൊടുക്കുന്നുവെന്ന ഉറപ്പോടുകൂടി മനുഷ്യവർഗ്ഗമാകുന്ന മഹാകുടുംബത്തിനു നാം ഇന്നു നൽകുന്ന ആശംസ അതായിരിക്കുന്നു.

അവിടുന്നു ഭൂമിയിൽ ജീവിച്ചിരുന്ന കാലത്തെപ്പോലെതന്നെ, ഇന്നത്തെ ലോകത്തിൽ അവിടുത്തെ സാന്നിദ്ധ്യം ബോധപൂർവ്വം അനുഭവപ്പെടുന്നതിനുവേണ്ടി ദിവ്യശിശു നമ്മുടെ തീക്ഷ്ണമായ പ്രാർത്ഥന ശ്രവിക്കുമാറാകട്ടെ. മനുഷ്യരുടെ ഇടയിൽ ജീവിച്ചുകൊണ്ടു് അവിടുന്നു രാഷ്ട്രങ്ങളെ ഭരിക്കുന്നവരുടെ മനസ്സുകളെ പ്രബുദ്ധമാക്കുകയും, ഇച്ഛാശക്തികളെ ബലിഷ്ഠങ്ങളാക്കുകയും ചെയ്യുമാറാകട്ടെ. രാഷ്ട്രങ്ങൾക്കു അവിടുന്നു നീതിയും സമാധാനവും ഉറപ്പുനൽകുമാറാകട്ടെ. അവിടുന്നു തന്റെ ദൈവികസന്ദേശത്തിന്റെ ശുഷ്കാന്തിയുള്ള അപ്പസ്തോലന്മാരെ പ്രോത്സാഹിപ്പിക്കുകയും നല്ലവരെ നിലനിർത്തുകയും, വഴിതെററിപ്പോയവരെ തന്നിലേക്കു് ആകർഷിക്കുകയും അവിടുത്തെ നാമത്തിനും അവിടുത്തെ സഭയ്ക്കുംവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെ സമാശ്വസിപ്പിക്കുകയും ദരിദ്രരേയും മർദ്ദിതരേയും സഹായിക്കുകയും രോഗികളുടേയും ബന്ധനസ്ഥരുടേയും വിപ്രവാസികളുടേയും വേദനകളെ ഉപശമിപ്പിക്കുകയും ചെയ്യുമാറാകട്ടെ. ലോകത്തിൽ എല്ലായിടത്തും അവിടുത്തെ സമാധാനപരമായ രാജ്യം വിജയിക്കുന്നതിനുവേണ്ടി അവിടുത്തെ ദൈവികസ്നേഹത്തിന്റെ ഒരു കണം അവിടുന്നു എല്ലാവർക്കും നൽകുമാറാകട്ടെ. ആമ്മേൻ.

[വിവർത്തകൻ:- എം. കെ. ജോസഫ്]

അമ്പതുനോമ്പുകാലചിന്തകൾ

# വ്യാകുലാംബിക

[ഫാദർ ബർണർഡിൻ ഒ. സി. ഡി.]

പരിശുദ്ധ കന്യകാമറിയത്തിൽനിന്നുമാണു് ത്രിയേകദൈവത്തിന്റെ രണ്ടാമാളായ പുത്രൻ മനുഷ്യനായി അവതരിച്ചതു്. അങ്ങനെ മനുഷ്യനായി അവതരിച്ച ദൈവപുത്രന്റെ അമ്മയായിത്തീർന്ന മറിയം; ദൈവത്തിന്റെ അമ്മയായിത്തീർന്ന അവർ. ദൈവത്തിന്റെ അമ്മയായ മറിയത്തെ അവരുടെ വത്സലസുതനായ ഈശോ കാൽവരിയിൽവച്ചു് സകല മനുഷ്യരുടെയും അമ്മയാക്കി. ബേത്‌ലഹേമിൽവച്ചു് അവരെ ഈശോയുടെമാത്രം അമ്മയാക്കി; ഗാഗുൽത്താമലയിൽവച്ചും കട്ടെ സർവ്വമർത്ത്യരുടെയും അമ്മയാക്കി. ബേത്‌ലഹേമും ഗാഗുൽത്തായും തമ്മിലുള്ള ബന്ധമിതാണു്. ആദത്തിന്റെ പാപത്തിനുശേഷം ഓരോ സ്ത്രീയും കുട്ടികളെ വേദനയിൽ പ്രസവിക്കുമെന്നതു് പ്രകാരാന്തരേണ മറിയത്തിലും അന്വർത്ഥമായി. വളരെ വേദന അനുഭവിച്ചാണു് അവർ നമ്മുടെ അമ്മയായിത്തീർന്നതു്. കുരിശിൻചുവട്ടിൽവച്ചു് പാരമ്പര്യമനുസരിച്ചു് ആ മാതൃഹൃദയത്തെ വ്യാകുലവാൾ ഏഴുപ്രാവശ്യം ഉളച്ചു. ഇവയാണു് മാതാവിന്റെ സപ്തവ്യാകുലതകൾ.



"ഈശോ ഉയർന്നസ്വരത്തിൽ നിലവിളിച്ചുകൊണ്ടു് ജീവൻ വെടിഞ്ഞു"
(വിശുദ്ധ മർക്കോസ് XV: 37)

മാതാവിന്റെ വിമലഹൃദയത്തെ ഭേദിച്ചതു് ഏഴു വാളുകളല്ലായിരുന്നു. ബിഷപ്പ് ഫുൾട്ടൻ ഷീൻ വിശദീകരിക്കുന്നതുപോലെ ഒരേയൊരു വാളിന്റെ ഏഴു ഭാഗംമാത്രമായിരുന്നു ഈ വാളിനു ഇരുവശമുണ്ടു് ഒരുവശം ഈശോയുടെ തിരുഹൃദയത്തെ ഭേദിച്ചു; മറുവശം മറിയത്തിന്റെ മാതൃഹൃദയത്തേയും. ഈ വാളോ ഈശോതന്നെയായിരുന്നു. എപ്രകാരമാണു് ഈശോ ഒരു വാളായിത്തീർന്നതു്? വി. പൗലോസിന്റെ ഹിബ്രായക്കാർക്കുള്ള ലേഖനം നാലം അദ്ധ്യായം 12-ാം വാക്യം നമുക്കു നോക്കാം: "ദൈവത്തിന്റെ വചനം ജീവനുള്ളതും, സത്വവും പ്രവർത്തിക്കുന്നതും, ഇരുമുനവാളിനെക്കാൾ കൂടുതൽ മൂർച്ചയുള്ളതും, പ്രാണനേയും ആത്മാവിനെയും, സന്ധിബന്ധങ്ങളേയും, മജ്ജയേയും, അസ്ഥികളേയും പിളർക്കുവോളം അകത്തുകടക്കുന്നതും, ഹൃദയഗതങ്ങളേയും, ആലോചനകളേയും വിവേചിക്കുന്നതുമാകുന്നു." ഇവിടെ വചനം എന്നു പറയുന്നതു് വേദപുസ്തകത്തെയും, തിരുസഭയുടെ സജീവമായ സ്വരത്തേയുമാണു്. എന്നാൽ അതിന്റെ മൂലകാരണവും ഉത്ഭവവും ദൈവവചനമായ ക്രിസ്തുതന്നെ ആയിരിക്കയാൽ ക്രിസ്തുവിനെപ്പററിയും ഇതു അർത്ഥവത്താണു്. ഇതുതന്നെയാണു് വി. അംബ്രോസിനെ അനുകരിച്ചുകൊണ്ടുള്ള വി. തോമസ് അക്വിനാസിന്റെ പ്രബോധനവും.

ഒരുവശത്തെ ഖഡ്ഗധാര ക്രിസ്തുവിന്റെ തിരുഹൃദയത്തിലേക്കു ആഞ്ഞുകയറി അതായതു് ബേത്‌ലഹംമുതൽ കാൽവരിവരെയുള്ള പീഡനങ്ങളെ സഹിക്കുന്നതിനു് അവിടുന്നു തിരുമനസ്സായി എന്ന അർത്ഥത്തിൽ. ക്രിസ്തുനാഥന്റെ മരണത്തിനു കാരണം അവിടുന്നുതന്നെ ആയിരുന്നുവെന്നു് വേദപാരംഗതനായ വി. അക്വിനാസ് പറയുന്നു. അതും രണ്ടുവിധത്തിൽ. പ്രത്യക്ഷമായും പരോക്ഷമായും. പ്രത്യക്ഷമായി ലോകത്തിനു് അവിടുത്തെ സാന്നിദ്ധ്യം ഒരു നിമിഷംപോലും കാണുന്നതു സഹിക്കവയ്യാത്തവണ്ണം ലോകത്തെ എതിർത്തതിനാൽ; പരോക്ഷമായി അവിടുത്തെ മരണം അവിടുത്തേക്കു സാദ്ധ്യമായിരുന്നിട്ടും തടയാഞ്ഞതിനാൽ.

പീഡകളുടെ മനുഷ്യനാകുന്നതിനു് സ്വയം തിരുമനസ്സായ ക്രിസ്തുനാഥൻ അവിടുത്തെ വത്സലമാതാവിനെ വ്യാകുലാംബികയാക്കുന്നതിനു് തിരുമനസ്സായി. പരിശുദ്ധ കന്യകാമറിയത്തെ വ്യാകുലാംബികയാക്കിയതിനു് പ്രധാനമായി മൂന്നു കാരണങ്ങളുണ്ടു്. ഒന്നാമതായി അവിടുത്തെ മൗതികശരീരത്തിൽ പീഡാനുഭവത്തേയും മരണത്തേയും ആദ്യമായി തുടരുന്നതു് അവരായിരിക്കുന്നതിനു്; രണ്ടാമതു് "വ്യാകുലന്മാരുടെ ആശ്വാസമേ" എന്ന ശീർഷകം പീഡനങ്ങളാലും സഹനത്താലും സമ്പാദിക്കുന്നതിനു്; മൂന്നാമതു് രക്ഷണീയകർമ്മത്തിൽ അവരെ സഹരക്ഷികയാക്കുന്നതിനു്.

ശിമയോന്റെ പ്രവചനം, ഈജിപ്തിലേക്കുള്ള പ്രയാണം, ഈശോയുടെ മൂന്നുദിവസത്തേക്കുള്ള അപ്രത്യക്ഷീകരണം, ഭാരമേറിയ കുരിശും തോളിലേന്തി ഗാഗുൽത്തായിലേക്കു ഗമിക്കുന്ന ഈശോയുടെ ദർശനം, കുരിശുമരണം, കുരിശിൽനിന്നും ഈശോയുടെ മൃതശരീരത്തിന്റെ അവരോപണം, ഈശോയുടെ ശവസംസ്കാരം എന്നിവയാണു് വ്യാകുലാംബികയുടെ സപ്തവ്യാകുലതകൾ.

ദിവ്യാംബികയുടെ വ്യാകുലതകൾക്കു നിമിത്തമായതു് നമ്മുടെ ഓരോരുത്തരുടേയും പാപങ്ങളാണു്. അതുകൊണ്ടു് നമ്മുടെ പാപങ്ങളെപ്പററി നമുക്കു പശ്ചാത്തപിക്കാം. നിർമ്മലയായ നമ്മുടെ അമ്മ ഇത്രമാത്രം സഹിച്ചെങ്കിൽ പാപികളായ നാം എത്രമാത്രം സഹിക്കണം. കുരിശുകൾവഴി മാത്രമേ നമുക്കു സ്വർഗ്ഗത്തിൽ എത്തിച്ചേരുവാൻ സാധിക്കുകയുള്ളു. അതിനാൽ നല്ല ദൈവം നമ്മുടെ രക്ഷയ്ക്കും പവിത്രീകരണത്തിനുമായി അയക്കുന്ന ജീവിതക്ലേശങ്ങളെ സ്നേഹത്തോടും ക്ഷമയോടുംകൂടി നമുക്കു സഹിക്കാം. നമ്മുടെ ദുഃഖഭരിതങ്ങളിൽ വ്യാകുലരുടെ ആശ്വാസമായ വ്യാകുലാംബികയെ നമുക്കു സമീപിക്കാം ആശ്വാസത്തിനായി. അവസാനമായി നമ്മുടെ മരണസമയത്തു് വ്യാകുലാംബികയും നമ്മുടെ സമീപത്തുണ്ടായിരിക്കുന്നതിനായി നമുക്കു പ്രാർത്ഥിക്കാം. അനുദിനം നാം ചൊല്ലുന്നുണ്ടു് "പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോടു് അപേക്ഷിക്കേണമേ" എന്നു്. എന്നാൽ നാം വേണ്ടത്ര ശ്രദ്ധയോടുകൂടിയല്ല ഹൃദയസ്പർശകമാകേണ്ട ഈ വാക്കുകൾ ഉരുവിടുന്നതു്. ഇനിയെങ്കിലും ശ്രദ്ധയോടും ഭക്തിയോടുംകൂടി നമുക്കു പ്രാർത്ഥിക്കാം. ത്രെന്തോസ് സൂനഹദോസു് പ്രസ്താവിക്കുന്നതുപോലെ ദൈവത്തിന്റെ വലിയ ദാനമായ ഒടുക്കത്തെ നിലനില്പിനു്, അവിടുത്തെ ഏകകുമാരനെ നമുക്കായി ബലിയർപ്പിച്ചു, കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു് സഹരക്ഷാകർത്രിയുടെ കൃത്യം അന്യൂനമായി നിർവ്വഹിച്ച ഈ വീരപ്രസൂവിന്റെ സഹായം പുത്രനിർവ്വിശേഷമായ ഭക്തിയോടെ നമുക്കു തേടാം. ഈ വ്യാകുലാംബികയുടെ കരുണാമസൃണമായ കടാക്ഷവിക്ഷേപത്തിനു് നാം ഓരോരുത്തരും പാത്രീഭവിക്കട്ടെ!!

—o—

## ഇററാലിയൻ ഡോക്ടറുടെ ഔദാര്യം

ഫോർമോസായിലുള്ള ലോട്ടങ്ങിലെ ഒരാശുപത്രിയിലേക്കു ഇററാലിയൻകാരനായ ഡോക്ടർ ജിയനേസ്സോ വിളിക്കപ്പെട്ടു. ചൈനാക്കാരനായ ഒരു രോഗിക്കു ഉടനെതന്നെ രക്തം കുത്തിവച്ചേണ്ടിയിരുന്നു. പക്ഷേ അവിടെ ഉണ്ടായിരുന്ന രക്തശേഖരത്തിൽ രോഗിക്കു പററുന്നതരം രക്തമില്ലായിരുന്നു. എന്നാൽ ഡോക്ടറുടെ രക്തം അതിനു പററിയതാണെന്നു മനസ്സിലാക്കിയ ഉടനെ അദ്ദേഹം തന്റെ സ്വന്ത രക്തം രോഗിക്കു കുത്തിവച്ചു അയാളെ രക്ഷപെടുത്തി. ഡോക്ടറുടെ ഈ ക്രിസ്തീയമനോഭാവത്തെപ്പററി അത്യധികം ബഹുമാനം തോന്നിയ രോഗിയുടെ അമ്മ ക്രിസ്തുമതത്തിൽ വിശ്വസിക്കുകയും അവരുടെ വീട്ടിലുണ്ടായിരുന്ന പ്രതിമകളെ തല്ലിയുടച്ചു അവയുടെ സ്ഥാനത്തു പരിശുദ്ധകന്യകമറിയത്തിന്റെ ഒരു സ്വരൂപം പ്രതിഷ്ഠിക്കുകയുംചെയ്തു.

(2-ാംപേജ് തുടർച്ച)

അമ്മയുടെ ഏകാശ്രയമായിരുന്ന എന്നെ പ്രശാന്തസുന്ദരമായിരുന്ന കുടുംബജീവിതത്തിൽനിന്ന് പിടിച്ചിറക്കി ഭയങ്കരമായ ഈ അന്ത്യത്തിലേക്കു വലിച്ചിഴച്ചതു് നിങ്ങളാണ്. എന്നന്നേക്കുമായി നഷ്ടപ്പെട്ടുപോയ ഈ മകനെപ്പററി ഇന്നെൻെറ അമ്മ മനംനൊന്തു കരയുകയാണ്. മി. വാനവിൽ, നിങ്ങൾ എന്നെ നശിപ്പിച്ചു! കൊന്നു! അതെ മി. വാനവിൽ. നിങ്ങളൊരു കൊലയാളിയാണു! പേനത്തുമ്പുകൊണ്ട് മനുഷ്യജീവിതങ്ങളെ കുത്തിച്ചിതറിയെറിയുന്ന ഭയങ്കരനായ കൊലയാളി!" യുവാവു പറഞ്ഞുനിർത്തി. ആ കൊച്ചുമുറിയിലെ അന്തരീക്ഷം വീണ്ടും നിശ്ശബ്ദമായി. അങ്ങനെ നിശ്ശബ്ദതയിൽ നിമിഷങ്ങൾ കുറെ കടന്നുപോയി ക്രുദ്ധമായിരുന്ന യുവാവിൻെറ മുഖം ക്രമേണ ശാന്തഭാവം കൈക്കൊണ്ടു. സാഹിത്യകാരൻെറ മുഖത്തേക്കു നോക്കിക്കൊണ്ട് അയാൾ ശാന്തമായി പറഞ്ഞു: "മി. വാനവിൽ, ഞാൻ പോകുകയാണ്. ഇനിയും നിങ്ങളെ ശല്യപ്പെടുത്തണമെന്നു ഞാൻ വിചാരിക്കുന്നില്ല."

യുവാവ് വാതില്ക്കലേക്കു നടന്നു. മര്യാദയനുസരിച്ച് സാഹിത്യകാരൻ വിളക്കുമെടുത്ത് വാതില്ക്കൽവരെ യുവാവിനെ മൂകമായി അനുഗമിച്ചപ്പോൾ യുവാവു തിരിഞ്ഞുനിന്നുകൊണ്ടു പറഞ്ഞു: "വേണ്ട, വളരെ ഉപകാരം. ഇനിയും നിങ്ങളുടെ വെളിച്ചം എനിക്കാവശ്യമില്ല എങ്കിലും, എൻെറ ഈ അന്ത്യനിമിഷത്തിൽ നിങ്ങളോടെനിക്കൊരഭ്യർത്ഥനയുണ്ട്. തൂലികയും കൈയിലെടുത്ത് നിങ്ങളാ മേശയ്ക്കരികിൽ ചെന്നിരിക്കുമ്പോൾ എൻെറ ഈ ദയനീയചിത്രം ഒന്നു മനസ്സിൽ കാണണമെന്നു്; ജീവിതത്തിൽ നിങ്ങളുടെ ഓരോ കവിതാവരിയും വളരെയധികം സ്വാധീനതചെലുത്തുന്ന അനേകായിരം യുവതീയുവാക്കളെ, തങ്ങളുടെ സാഹിത്യസൃഷ്ടികളുടെ നിഴലുകളായ ഈ നാട്ടിലെ എണ്ണമില്ലാത്ത യുവഹൃദയങ്ങളെ തങ്കളുടെ അന്തർനയനങ്ങൾകൊണ്ടു ഒന്നഭിവീക്ഷണം ചെയ്തിട്ടുവേണം തൂലിക കൈയിലെടുക്കാനെന്നു്. ഞാൻ പോകട്ടെ."

പറഞ്ഞുതീർന്നയുടനെ യുവാവു തിരിഞ്ഞുനടന്നു. ഇരുട്ടിൽക്കൂടി അയാൾ കോവണിപ്പടികൾ ഇറങ്ങി. സാഹിത്യകാരൻ വാതില്പടിയിൽ വന്നുനിന്നു് ചിന്താവിവശനായി കോവണിപ്പടിയിലേക്കുനോക്കി. ജനാലയിലൂടെ തൻെറ സ്വന്തം മുറിയിൽനിന്നു വരുന്ന നേരിയ വെളിച്ചത്തിൽ അയാൾ ആ മെലിഞ്ഞുവിളറിയ യുവാവു കോവണിപ്പടികൾ ഇറങ്ങിപ്പോകുന്നതുകണ്ടു. നിമിഷങ്ങൾക്കുള്ളിൽ നിർഭാഗ്യവാനായ ആ യുവാവ് പരിപൂർണ്ണമായി ഇരുട്ടിൽ മറയുകയുംചെയ്തു.

(ജേർമെൻസണ്ണിൻെറ ഒരു ഡാനിഷ് കഥയോടു കടപ്പാടുണ്ട്)

---



ആഖ്യായിക

# ബാറാബാസ്

## അദ്ധ്യായം 14 [തുടർച്ച]

## "മിറിയാം; മിറിയാം"

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

റാബി നഥാനിയേൽ സന്ധ്യയോടുകൂടിയാണു് ജറിക്കോയിലെത്തിയതു്. തൻെറ ഒരു സ്നേഹിതനായ അവിടത്തെ മുഖ്യപുരോഹിതൻെറ വസതിയിൽ ചെല്ലുകയും അവിടെവെച്ച് ഈശോ ജറിക്കോയിൽ ആ നഗരത്തിലെ ഫരിസേയരുടെ അനിഷ്ടമുളവായി മൂന്നുദിവസം താമസിച്ചു പ്രസംഗിച്ച വിവരം ഗ്രഹിക്കുകയും ചെയ്തു ഈശോയെ ബന്ധനസ്ഥനാക്കണമെന്നു ഫരിസേയർ തീരുമാനിച്ചതാണ്. പൊതുജനങ്ങൾ ഈശോയെ അനുകൂലിച്ചതിനാൽ ആ നിശ്ചയം പ്രവൃത്തിയിൽ വരുത്തിയില്ലെന്നുമാത്രം. മുഖ്യപുരോഹിതനുമായുണ്ടായ സംഭാഷണത്തിൽ നഥാനിയേൽ റാബി ഈശോയെ മദ്ധ്യേ മാറ്റും കണ്ട കഥയൊന്നും പറഞ്ഞില്ല. തൻെറ അഭിമാനം സംരക്ഷിക്കുവാനെന്ന ഭാവത്തിൽ ഈശോയുടെ "പ്രക്ഷോഭണ"ത്തെ ശക്തിയായി അപലപിക്കുകയും ഉന്നതപുരോഹിതന്മാർ കാര്യങ്ങൾ അശ്രദ്ധമായി കൈകാര്യം ചെയ്യുവാൻ അനുവദിക്കുകയില്ലെന്നും മുഖ്യപുരോഹിതനെ ധരിപ്പിക്കുകയും ചെയ്തു. ഇതുണ്ടായതിനുശേഷം നഥാനിയേൽ റാബി ബാറാബാസിനെ സന്ദർശിക്കുവാൻ പുറപ്പെട്ടു. ബാറാബാസ് താവളമാക്കിയിരുന്നത് നഗരോപാന്തത്തിൽ അപ്രശസ്തമായ ഒരു ഭാഗത്തായിരുന്നു. അവിടെ സമാധാനം മററു അവിശ്വാസികളും അയൽക്കാരായി ബാറാബാസിൻെറ രഹസ്യമായ് ജീവിച്ചു. ഏതാണ്ട് കാലിക്കൂട്ടംപോലെ കഴിഞ്ഞ ആ വീട്ടിൽ കാണാത്ത ഭീതിയോടുകൂടിയാണ് നഥാനിയേൽ റാബി പ്രവേശിച്ചതു്. ബാറാബാസിൻെറ സ്വഭാവത്തെപ്പററി അദ്ദേഹം ഒരു നിശ്ചയവുമുണ്ടായിരുന്നില്ല. അയാൾ കോപിച്ചു വല്ല തകരാറും ഉണ്ടാക്കിയേക്കുമെന്ന ഭീതിയും റാബിയെ ഗ്രസിച്ചു. ആ പരിസരങ്ങളിൽ കാണപ്പെടുകയെന്ന അവസ്ഥ വളരെ ഗർഹണീയമായി അദ്ദേഹത്തിനു തോന്നുകയും ചെയ്തു.

ജറിക്കോക്കാരിയായിരുന്നു ഗ്രഹനായിക മിറിയാം എന്ന പേരിൽ അറിയപ്പെട്ട അവൾ പേരിനുമാത്രം വെളിച്ചമുണ്ടായിരുന്ന ഒരു മുറിയിലേക്കു റാബിയെ നയിച്ചു വിരിക്കുടിയ ഒരു കട്ടിലും ഏതാനും മുക്കാലികളുമല്ലാതെ അകസാമാനങ്ങളൊന്നും അതിൽ ഉണ്ടായിരുന്നില്ല. ബാറാബാസിൻെറ ഉപപത്നിയെ അനുഗമിക്കുകയിൽ റാബി അവളെ ഉററുനോക്കി. സ്വന്തം ഭർത്താവിനെ പരിത്യജിച്ചിട്ട് ബാറാബാസിൻെറ ഉപപത്നിയായി കഴിഞ്ഞ അവൾ സാക്ഷാൽ വ്യഭിചാരിണിയും അക്കാരണത്താൽ യഹൂദനിയമമനുസരിച്ച് വധശിക്ഷയ്ക്കർഹയുമെന്നദ്ദേഹം അനുസ്മരിച്ചു. അവളിൽനിന്നു് നിയമം അനുശാസിക്കുന്ന എഴുപതം അകലെ വർത്തിക്കുന്നതിനും റാബി ശ്രദ്ധാലുവായിരുന്നു. ആ ചെറുമുറിയിൽ വളരെ പണിപ്പെട്ടാണ് ആ ആചാരം നിർവ്വഹിക്കുവാൻ അദ്ദേഹത്തിനു സാധിച്ചതു്. അദ്ദേഹത്തിൻെറ ഉദ്ദേശ്യം മനസ്സിലാക്കിയ മിറിയാം അവജ്ഞാപൂർവ്വം മന്ദഹസിക്കുകയായിരുന്നു. ഇതിനിടയിൽ അവളുടെ സൗന്ദര്യാതിരേകം റാബിയെ വിസ്മയിപ്പിച്ചു. അതു് ബാറാബാസിൻെറ അഭാവത്തിൽ ആകർഷിക്കാൻ ചടങ്ങായി വാർത്ത ഒരു വിലാസിനിയുടെ സൗന്ദര്യമായിരുന്നുതാനും.

ഏതാനും ക്ഷണങ്ങൾ കഴിഞ്ഞപ്പോൾ ബാറാബാസ് അവിടെയെത്തി. രോമാവൃതനായി തോന്നിയ ഒരു കൃശഗാത്രൻ അയാളോടെക്കൂടെയുണ്ടായിരുന്നു. അയാൾ റാബിയെ സംശയപൂർവ്വം വീക്ഷിച്ചുശേഷം മൗനമവലംബിച്ചു മുറിയുടെ ഒരു മൂലയിൽ തറയിൽ ഇരിപ്പുറപ്പിച്ചു. നടക്കുവാനുള്ള സംഭാഷണത്തിനൊരു സാക്ഷിയായി കഴിയുവാനയാൾ ആഗ്രഹിച്ചതുപോലെ തോന്നി. ബാറാബാസിൻെറ അനുയായിഗണത്തിൽ ഈ ആളെ റാബി നഥാനിയേൽ സ്വവസതിയിൽവച്ചു നടന്ന ആലോചനാദിനത്തിൽ കണ്ടിട്ടുള്ളതായി അദ്ദേഹത്തിനു തോന്നി.

ബാറാബാസ് സംഭാഷണമാരംഭിച്ചു, "നിങ്ങളുടെ ദൂതൻ മടങ്ങിയെത്തുന്നതിനുമുമ്പ് നിങ്ങൾ ജറുസലെമിൽനിന്നു് പുറപ്പെട്ടതായി തോന്നുന്നല്ലോ, നഥാനിയേൽ റബ്ബി."

"ഇല്ലാ. ദൂതനോടു നിങ്ങൾ പറഞ്ഞയച്ചതെന്തെന്നു് ഗ്രഹിച്ച ശേഷമാണു ഞാൻ പുറപ്പെട്ടതു്. നിങ്ങൾ തന്നെ ആരംഭിച്ച ഈ പ്രസ്ഥാനം ഉപേക്ഷിക്കുവാൻ ഒരു നിമിഷത്തേക്കെങ്കിലും നിങ്ങൾ മനസ്സാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. എൻെറ ചെവികൾകൊണ്ടു കേൾക്കുകതന്നെ വേണം. ഇസ്രായേലിൻെറ സ്വാതന്ത്ര്യപ്രാപ്തി നിങ്ങളുടെ ചിന്താതരംഗത്തിനു വിധേയമായി കഴിയേണ്ട ഒരു കാര്യമാണോ?"

ബാറാബാസ് കോപിച്ചുകഴിഞ്ഞു; "എന്തു്? ചിന്താതരംഗത്തിലോ! നിങ്ങളുടെ സംസാരം ലജ്ജാവഹംതന്നെ. ആ മൂലയിലിരിക്കുന്ന ആളിനെ നിങ്ങൾ കണ്ടുവോ? അയാൾ എൻെറ സ്നേഹിതൻ എസ്രായാണ്. പാളയത്തിൽ എൻെറ പകരക്കാരനായി ജോലിചെയ്യുന്ന ആൾ. ഒരു ദൂതനെ അയച്ചാൽ ഞാൻ വിശ്വസിക്കുകയില്ലെന്നുകരുതി അയാൾ തന്നെ ശരീരസൗഖ്യമില്ലെങ്കിലും എന്നോടു ഒരു പ്രധാനകാര്യം അറിയിക്കാൻ വന്നിരിക്കുന്നു. പാളയത്തിൽ ഒരു പുതിയ നേതാവു ചെന്നുചേർന്നു മററാരെങ്കിലും പറഞ്ഞാൽ ഞാൻ വിശ്വസിക്കുകയില്ലെന്നു് അയാൾ കരുതി."

ബാറാബാസിൻെറ കോപമേതുവെന്തെന്നു് റാബി നഥാനിയേൽ മനസ്സിലാക്കി; "ശരി—യൂദാ ബെൻ മക്കാബെ് വന്ന കാര്യമാണോ നിങ്ങൾ സൂചിപ്പിക്കുന്നതു്? നിങ്ങൾ സമാരംഭിച്ച ആ മഹാപ്രസ്ഥാനം ഉപേക്ഷിക്കുവാൻ ചിന്തിക്കത്തക്കവണ്ണം നിങ്ങളെ പ്രകോപിപ്പിച്ചതു യൂദായുടെ വരവാണോ? അയാൾ വെറുംകൈയായിട്ടല്ലാ പാളയത്തിലേക്കു വന്നതെന്നു ഞാൻ വിശ്വസിക്കട്ടെയോ?"

പൊട്ടിച്ചിരിച്ചുകൊണ്ടു ബാറാബാസ് പറഞ്ഞു: "അല്ലല്ലാ, അയാൾ വെറുംകൈയായിട്ടല്ലാ വന്നതു്. ഈ പുതുനേതാവു കൊണ്ടുവന്ന സമ്മാനച്ചുമടുകൾ അഴിച്ചെടുക്കുകയിൽ എൻെറ അനുയായികൾക്കു ധാരാളം നേരമ്പോക്കുണ്ടായത്രെ. ഇസ്രായേലിൻെറ മോചനത്തിനു അവശ്യാവശ്യമെന്നു കരുതി ഈ പൊന്നുനേതാവു കൊണ്ടുവന്ന കമ്പിളി അടിയുടുപ്പുകൾക്കായി അവരിൽ എത്ര പേർ കൃതജ്ഞരായിരിക്കുമെന്നു കണ്ടുതന്നെ അറിയണം. മഞ്ഞക്കണ്ണാടിയിൽ വാർത്തെടുത്ത ദാവീദിൻ നക്ഷത്രം യുദ്ധമദ്ധ്യേ പ്രത്യേകസാമർത്ഥ്യം പ്രകടിപ്പിക്കുന്നവർക്കു സമ്മാനമായി ലഭിക്കുമെന്നറിഞ്ഞു് അവരിൽ എത്ര പേർക്കാണ് കൂടുതൽ പരാക്രമബുദ്ധി വർദ്ധിക്കുക! മക്കാബിവംശത്തിലെ ഈ യൂദാബെൻ യാക്കോബ് അയാളുടെ എണ്ണപ്പെട്ടിയ നാക്കും ചക്കരവാക്കുംകൊണ്ടു് എൻെറ ആളുകളുടെ മുമ്പിൽ പ്രത്യക്ഷനായി. അതെ, എൻെറ ആളുകൾ എന്നു തന്നെ ഞാൻ പറയുന്നു. അയാളെ അവരുടെ നേതാവായി പ്രഖ്യാപിച്ച അവസരത്തിൽ ഞാൻ അവിടെ ഉണ്ടായിരിക്കേണ്ടിയിരുന്നു. അങ്ങനെയെങ്കിൽ അത്യധികം രസകരമായ ഒരു കാഴ്ച്ച കാണുകയുണ്ടായേനെ. ആകട്ടെ, ഞാൻ ഒന്നു കാര്യമായി ചോദിച്ചുകൊള്ളട്ടെ. ഈ ഗർമ്മണ്ടൻ, വാചാലിയൻ, എന്നെ ആട്ടിത്താഴെയിടുവാനിടയാകുമെന്നു ജറുസലേമിലെ പ്രമാണികളായ നിങ്ങളിൽ ആരെങ്കിലും ആത്മാർത്ഥമായി വിശ്വസിച്ചുവോ?"

(തുടരും)

—o—

---


(12-ാംപേജ് തുടർച്ച)

രണ്ടു വീട്ടിൽ രണ്ടു യജമാനന്മാരുടെ വാത്സല്യഭാജനങ്ങളായ പെൺകുടയും ടോർച്ചും ആ അപരിചിതനായ കച്ചവടക്കാരൻെറ പരുപരുത്ത കൈകളിൽ ഒതുങ്ങി. അവർ ലക്ഷ്യമില്ലാത്ത മറെറാരു ജീവിതത്തിലേക്കു പോയി.

അന്നു രാത്രി ഉറങ്ങിക്കിടന്ന കൊച്ചുവക്കിയുടെ കാലിൽ എന്തോ കടിച്ചു. പെട്ടെന്നു് ലൈററിട്ടുനോക്കിയ കൊച്ചുവക്കി ഒരെലിയുടെ വാൽ ജനൽവഴി ചാടിമറയുന്നതാണ് കണ്ടതു്.

ഇന്നു കൊച്ചുവക്കിയുടെ മേലൊക്കെ മുഴയാണ്—"എലിമുഴ്." അവൻ വേദനകൊണ്ടു് ഞര

---




---

സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | |
|---|---|
| ഇൻഡ്യയിൽ: | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

Reg. No. M. 2293

# Sathya Deepam

Vlo. 29 Ernakulam March 28 1956 No, 33



## ബാ ല രം ഗം

### “വിദ്യാർത്ഥി മദ്ധ്യസ്ഥൻ”

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




ദൈവപരിപാലനയുടെ മഹനീയങ്ങളായ പ്രവൃത്തനങ്ങളാണ് നാം ലോകത്തിലെവിടേയും കാണുന്നതു്. വിശുദ്ധന്മാരുടെ ജീവിതത്തിൽ അതു കൂടുതൽ വ്യക്തമായി പ്രകാശിക്കുന്നുണ്ടാവും. ഈശോസഭയിൽ ചേരുന്നതിനുള്ള ദൈവവിളി ആ പിഞ്ചുബാലനിൽ ഉദയംചെയ്തു. ദൈവവിളിയെ കാത്തുസൂക്ഷിക്കുന്നതിനു ആ നല്ല കുഞ്ഞു ദൃഢനിശ്ചയംചെയ്തു. അതാവരുന്നു, എതിർപ്പുകൾ. ക്രൂരനായ ജ്യേഷ്ഠസഹോദരനും അയാളുടെ ദുഷ്ടക്കൂട്ടുകാരും ആ കുഞ്ഞിനെ അലട്ടുന്നതിനും ഭക്തജീവിതത്തിൽനിന്നു വ്യതിചലിപ്പിക്കുന്നതിനുംവേണ്ടി സകല പരിശ്രമങ്ങളും നടത്തുന്നു. അവഹേളിക്കുന്നു; മർദ്ദിക്കുന്നു; മരണകരമായവിധം പരുക്കേൽപ്പിക്കുന്നു; ദിവ്യകൂദാശകൾപോലും നിഷേധിക്കുന്നു. സ്റ്റാനി ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു് പ്രാർത്ഥനയിൽ അഭയം തേടുന്നു. പരിശുദ്ധ കന്യകമറിയവും സ്വർഗ്ഗീയമദ്ധ്യസ്ഥന്മാരും അവനെ സമാശ്വസിപ്പിക്കുന്നു. അത്ഭുതകരമായ ശാന്തി നൽകി ഈശോസഭാകേന്ദ്രത്തിലേക്കു യാത്രയാക്കുന്നു. ശത്രുപക്ഷം വിടുന്നില്ല. എതിർപ്പിടിക്കുവാൻ തത്രപ്പെടുന്നു. എന്തു ഫലം? സ്റ്റാനി സുരക്ഷിതനായി ഈശോസഭാകേന്ദ്രമായ ഇററലിയിലുള്ള മാതൃഭവനത്തിൽ എത്തിച്ചേർന്നു. അവിടെ സ്നേഹപൂർവ്വം സ്വീകരിക്കപ്പെടുന്നു. ദൈവവിളി എന്ന മഹനീയദാനം ലഭിച്ചിട്ടുള്ള കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ, നിങ്ങൾ സ്റ്റാനിയെ കണ്ടുപഠിക്കുക. നിങ്ങളുടെ നല്ല ഉദ്ദേശ്യങ്ങളെ പരീക്ഷിക്കുന്ന എതിർപ്പുകൾ നാനാവശത്തുനിന്നും നിങ്ങളെ അലട്ടിയെന്നുവരാം. നിങ്ങൾ അധൈര്യപ്പെടരുതു്. നിങ്ങൾക്കു ദൈവവിളിയെത്തന്ന നല്ല ദൈവത്തെ നിങ്ങളാശ്രയിക്കുക. ധൈര്യസമേതം പ്രവർത്തിക്കുക. ദൈവം നിങ്ങളെ നയിക്കും; വിജയിപ്പിക്കും. വിദ്യാഭ്യാസവർഷം അവസാനിക്കുന്ന ഘട്ടമാണല്ലോ. പരീക്ഷകൾ കഴിഞ്ഞു. നിങ്ങളിൽ കുറേപ്പേർക്കെങ്കിലും നിങ്ങളുടെ ദൈവവിളിയെപ്പററി അവസാനതീരുമാനം ചെയ്യേണ്ട ഘട്ടമാണ് കൂടുതൽ പ്രാർത്ഥിക്കുകയും ദൈവഹിതം നിങ്ങളിൽ നിവൃത്തിയാകുവാൻ കർത്തവ്യബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യിൻ.

വല്യേട്ടൻ




65–ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—കുരിശ്

പ്രശ്നം നമ്പ്ര് 66

(പി. സി. ജോസഫ് Reg. No. 32)

ഞാനൊരു മായാവിയാണ്. എന്നെ ആർക്കും കാണുവാൻ സാദ്ധ്യമല്ല; തൊടുവാൻപററില്ല. എന്നാൽ എനിക്കു കാണുകയും ചെയ്യാം; സ്പർശിക്കുകയുംചെയ്യാം. ഇന്നുവരെ ആർക്കും എന്നെ ലോകത്തിൽനിന്നു ഉന്മൂലനം ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇനി സാധിക്കുകയുമില്ല. എന്റെ പേരിനു മൂന്നക്ഷരമേയുള്ളു. ഒന്നാമത്തെ അക്ഷരം ഇഹത്തിലുണ്ടു്, പരത്തിലില്ല; രണ്ടാമത്തെ അക്ഷരം മരുഭൂമിയിലുണ്ടു്, വനപ്രദേശത്തില്ല; മൂന്നാമത്തെ അക്ഷരം താരാട്ടിലുണ്ടു്, മഞ്ജരിയിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

## ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ!!

കടുത്ത വേനൽ അല്ലേ! എന്തൊരു വെള്ളദാഹം—ഹാ ഇപ്പോഴാണു നല്ല ഇളനീരു കുടിക്കേണ്ടതു്. ഒരു നാലിടങ്ങഴി ഇളനീരൊന്നിച്ചു കഴിക്കാനുള്ള ദാഹമുണ്ടോരോരുത്തർക്കും — പോരെങ്കിൽ വർഷാവസാനപ്പരീക്ഷയുമൊക്കെ ആണല്ലോ.

ഒരു കൊച്ചു കഥ പറയാനാണ് കുഞ്ഞമ്മാവൻ ഭാവിക്കുന്നതു്. നല്ല കുഞ്ഞുങ്ങളല്ലേ, കുഞ്ഞമ്മാവനോടിഷ്ടമുള്ളവരല്ലേ! അപ്പോം കഥ കേൾക്കാനിഷ്ടക്കുറവുണ്ടാവില്ലെന്നു വിശ്വസിക്കുന്നു.

അന്നൊരു ഞായറാഴ്ചയായിരുന്നു. ഹോസ്റ്റലിൽ 27-ാംനമ്പർ മുറി പൂട്ടിയിരിക്കയാണ്. അതിനുള്ളിൽ താമസിക്കുന്ന ആൾ അവധിയിൽ വീട്ടിൽ പോയിരിക്കയാണ്. “മുറിക്കകത്തു്” അൽമേരയുടെ മുകളിൽ ഒരു ചുണ്ടെലി പ്രത്യക്ഷമാകുന്നു. അതിനു മുകളിൽ ഇരുന്ന ഒരു ലേഡീസ് അംബ്രലായിൽ അവൻ കേറിയിരുന്നു. കുടയ്ക്കു വല്ലാത്ത ഭയമായി എലി കുടയുടെ വക്കിനു് ഒന്നു കടിച്ചു. കുട ദയനീയമായി പറഞ്ഞു: “പൊന്നു മൂഷികാ നിങ്ങളെന്നെ വേദനിപ്പിക്കരുതു്. എന്നെ നിങ്ങൾ കടിച്ചു ചീന്തരുതു്. നിങ്ങളുടെ കടി എന്റെ ജീവിതംതന്നെ അവസാനിപ്പിക്കും. ദയവായി എന്നെ വെറുതെ ഇവിടിരിക്കാൻ അനുവദിക്കണം.” ഇതു കേട്ട എലി പറഞ്ഞു: “ഞാൻ ഒരിക്കലും നിങ്ങളെ ഉപദ്രവിക്കാനല്ല വന്നതു്. വാസ്തവത്തിൽ നിങ്ങളെ അന്വേഷിച്ചു പുറപ്പെട്ടതാണ്. എനിക്കു് നിങ്ങളെ മനസ്സിലായി എന്നു കാണിക്കാൻ മാത്രമാണ് ഞാൻ ശ്രമിച്ചതു്. ഒരു മുറിവും ഏല്പിച്ചിട്ടില്ല.”

കുട പറഞ്ഞു “സുഹൃത്തേ! നിങ്ങളുടെ സ്നേഹത്തിനു നന്ദി. എനിക്കു താങ്കളെ മനസ്സിലായില്ലല്ലോ.”

“ഞാൻ ഞാറക്കലെ വടക്കേ വീട്ടിൽ തൊമ്മൻ ചേട്ടന്റെ വീട്ടിലാണ് താമസം. അവിടന്നു് ഇന്നലെ പോന്ന ബോട്ടിൽ കേറി പുറപ്പെട്ടു. ഇന്നു വെളുപ്പിനാണ് ഹോസ്റ്റലിൽ വന്നതു്. എല്ലാം മുറിയിലും ആളുണ്ടു്. അപ്പോം സൈ്വരൃമായിത്തിരി വിശ്രമിക്കാം, വല്ലതുംഭക്ഷിക്കാം, രാത്രിയാകുമ്പോ നിങ്ങളേയും അന്വേഷിക്കാമെന്നുവെച്ചിരിക്കയായിരുന്നു. കണ്ടപ്പോം സമാധാനമായി.”

“ഓ ഹോ! അപ്പോം നമ്മുടെ വീടൊന്നാണല്ലോ. അവിടെ എന്താണ്ടു വിശേഷം. അവിടത്തെ ലൂസിക്കുഞ്ഞിനു ക്ഷേമമാണോ!”

“ഒന്നും പറയണ്ടെന്റെ കുഞ്ഞുകുടേ! ലൂസിക്കു നിന്നെ പിരിഞ്ഞതുമുതൽ മനസ്സിനു സുഖമില്ല ഭക്ഷണത്തിനു രുചിയില്ല. മറേറതെങ്കിലും കുട കാണുമ്പോ ഏങ്ങലടിച്ചു നിലവിളി തുടങ്ങും. അതു കണ്ടു സഹിക്കാൻ വയ്യാതെ ഞാൻ നിങ്ങളെ അന്വേഷിച്ചിറങ്ങിയതാണ്.”

“എന്റെ പ്രിയപ്പെട്ട എലിച്ചേട്ടാ! എനിക്കും അവളെ പിരിയേണ്ടിവന്നതിൽ സങ്കടമുണ്ടു്. എന്നെ അവളിൽനിന്നും വേർപിരിച്ച ആ ദുഷ്ടനായ കൊച്ചുവക്കിയെപ്പററി ഞാനെന്തു പറയട്ടെ! അവനൊരിക്കലും നന്മ വരില്ല നിശ്ചയം. ലൂസി കോളേജിലെ പടിഞ്ഞാറെ മൂലയിലെന്നെ ചുരുക്കിവച്ചിട്ടാണ് ക്ലാസിലേക്കു പോയതു്. ക്ലാസ് വിടുന്നതിനല്പം മുമ്പു് ആരോ ഒരുത്തൻ



“ഇന്നു” കൊച്ചുവക്കി വേദനകൊണ്ടു ഞരങ്ങുകയാണു”

വന്നെന്റെ കൈക്കു കടന്നുപിടിച്ചു. ഞാനാദ്യം വിസമ്മതിച്ചു. ബലമായെടുത്തു പൊക്കിക്കൊണ്ടു നടന്നു. ഞാനെന്റെ ചുററും കണ്ടവരോടെല്ലാം “എന്നെ ബലമായി ഒരുത്തൻ പിടിച്ചുകൊണ്ടു പോകുന്നേ” എന്നു പറയാനാഗ്രഹിച്ചു. എന്നാൽ വക്കി എന്റെ കഴുത്തിനു ഞെക്കി കക്ഷത്തിൽ ഇറുക്കിപ്പിടിച്ചുകൊണ്ടു വേഗം നടന്നുകളഞ്ഞു. എന്നിട്ടന്നുമുതൽ എന്നെ ഈ അൽമേരയുടെ മുകളിൽ സ്ഥാപിച്ചിരിക്കയാണ്. ഞാനിനി എന്തു ചെയ്യും ഞാനിനി എവിടെയെല്ലാം പോകണമോ, എന്തെല്ലാം ദുരിതം അനുഭവിക്കണമോ എന്നു കണ്ടുതന്നെ അറിയണം.”

കുട കരയുന്നതു കേട്ട് അൽമേര പതുക്കെ ഒന്നു തുറന്നു. അതിൽനിന്നു ഒരു എവറെഡിടോർച്ചു പുറത്തേക്കു ചാടി കുടയുടെ അടുത്തിരുന്നു. കുട തെല്ലൊന്നു ഞെട്ടി. ടോർച്ചുലൈററ് കുടയോടു പറഞ്ഞു: “സ്നേഹിതാ നിങ്ങൾ പരിഭ്രമിക്കണ്ട. ഞാനും നിങ്ങളുടെ ബന്ധുവാണ്. ഈ മുറിയിൽ താമസിക്കുന്ന ദുഷ്ടനാണ് എന്നെയും എന്റെ പ്രിയപ്പെട്ട യജമാനനിൽനിന്നു അപഹരിച്ചുകൊണ്ടു പോന്നതു്.”

“ഓഹോ! അപ്പോം ഈ മുറിക്കാരനൊരു ഭയങ്കരനാണല്ലോ. നിങ്ങളെന്നു് എങ്ങിനെ വന്നു ഇവിടെ?” എലി ചോദിച്ചു.

“ഞാനെന്റെ സ്നേഹിതന്മാരേ, എന്റെ യജമാനന്റെ സൈക്കിളിൽ തൂക്കിയിരുന്ന സഞ്ചിയിൽകേറി ഇന്നാളൊരു ദിവസം കോളേജിലൊരു മീററിംഗിനു പോയി. യജമാനൻ എന്നെ സൈക്കിളിൽ തൂക്കിയിരുന്ന സഞ്ചിക്കുള്ളിലിരിക്കാൻ പറഞ്ഞു സൈക്കിൾ കോവണിച്ചുവട്ടിൽ നിറുത്തിട്ടു് കോളേജിനു മുകളിൽ കേറിപ്പോയി. കുറച്ചുകഴിഞ്ഞപ്പോഴുണ്ടു് ഒരു പരിചയമില്ലാത്ത കൈ എന്റെ കഴുത്തിനു പിടിച്ചു പുറത്തേക്കു് വലിച്ചു. ഞാൻ എത്ര കരഞ്ഞിട്ടും പിഴിഞ്ഞിട്ടും ആ ദ്രോഹി വകവച്ചില്ല. വഴിമുഴുവൻ അവനെന്നെ ഞെക്കിക്കൊണ്ടിരുന്നു. എന്നെ അന്നുമുതൽ ഈ അൽമേരയുടെ മൂലയ്ക്കു താമസിപ്പിച്ചിരിക്കയാണ്. രാത്രി അവനെന്നെക്കൊണ്ടു പണി എടുപ്പിക്കും. പകലിവിടെ ചാരി ഇരുത്തിയേക്കും. ഇവിടന്നു് എങ്ങിനെ രക്ഷപെടും. എന്നെക്കാണാഞ്ഞ എന്റെ യജമാനൻ എത്ര ദുഃഖിച്ചിരിക്കും. ഞാനാ വീട്ടിലെ കണ്ണിലുണ്ണിയായിരുന്നു. അവിടത്തെ കൊച്ചമ്മയും കുട്ടികളും എന്നെ എന്നുമെടുത്തു താലോലിക്കാറുണ്ടു്, ഹോ! അതോർമ്മിക്കുമ്പോൾ എന്റെ കാഴ്ച മങ്ങുന്നു.”

“ടോർച്ചു് ചുമയനതു പറയുമ്പോൾ എന്റെഹൃദയവും പൊടിയുന്നു. ലൂസി എന്നെ അവളുടെ കൈയിൽനിന്നു വെക്കാറില്ല. വെയിലത്തു നടക്കയാണെങ്കിലും എന്നെ സാരിക്കുള്ളിൽ പിടിക്കയേ ഉള്ളു. എന്നെ വെയിലുകൊള്ളിക്കാറില്ല. ഇനി ഈ ജന്മത്തു് ഞാനെന്റെ ലൂസിയെ കാണുമോ ടോർച്ചുച്ചായോ!” കുട കരഞ്ഞുപറഞ്ഞു.

സംഭാഷണം ഇത്രയുമായപ്പോം ഴേക്കും മുറിയുടെ താഴു തുറക്കുന്ന ശബ്ദം കേട്ടു. കൊച്ചുവക്കിയും വേറൊരു കച്ചവടക്കാരനുംകൂടി മുറിയിൽ കേറിവന്നു. എലി പുസ്തകങ്ങൾക്കിടയിൽ പതുങ്ങി.

നിർദ്ദയനായ കൊച്ചുവക്കി കുടയേയും ടോർച്ചിനേയും കടന്നുപിടിച്ചു. അവരെ കച്ചവടക്കാരന്റെ കൈയിലേക്കു വച്ചുകൊടുത്തു കച്ചവടക്കാരൻ ഏതാനും നാണയത്തുട്ടുകൾ വക്കിയുടെ കൈയിലേക്കിട്ടുകൊടുത്തു. അങ്ങിനെ

(ശേഷം 11 -ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1